34th Year of Service 2026

NOT OUR MERIT BUT HIS GRACE · KERALA EXPRESS

# കേരളാ എക്സ്പ്രസ്
# KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

May 18, 2026 Vol. XXXIV No. 20



SUNNY
FINANCIAL STRATEGIES, LLC

Forbes 2025 BEST-IN-STATE TOP FINANCIAL SECURITY PROFESSIONALS



## Tom Sunny, CFP®, CLU®, RICP®

*Financial Planner & Wealth Advisor*

### *Expert Guidance Through Life's Financial Transitions*

Comprehensive planning for professionals, retirees, and business owners who want clarity, confidence, and long-term security for generations.

Support for complex financial moments, including:

- Financial Planning & Wealth Management
- 401(k) & IRA Investment Optimization
- Risk Management & Insurance
- Business & Employee Benefits
- Retirement Income Strategy
- Estate Planning & Trusts
- Tax Planning Strategies
- Social Security & Medicare

*Complimentary Financial Plan*
Retirement & Estate Review
No Cost • Limited Availability

*Let's Plan Your Brighter Financial Future*

847-414-9116 tom@sunnyfinancial.com
SunnyFinancial.com

SCAN TO LEARN MORE

475 N Martingale Rd, Suite 1250, Schaumburg, IL 60173 | 847-585-4931 | SunnyFinancial.com
Financial Advisor with Eagle Strategies LLC (a Registered Investment Adviser). Securities offered through NYLIFE Securities LLC (Member FINRA/SIPC). Insurance offered through NYLIFE Securities LLC, a Licensed Insurance Agency. Eagle Strategies LLC and NYLIFE Securities LLC are New York Life companies.
Sunny Financial Strategies, LLC is independently owned and operated from NYLIFE Securities LLC and its affiliates and does not offer tax or legal advice.

# Secure Tax Services

DBA SMALL BUSINESS ACCOUNTING LLC

## Personal and Business Tax Services

*Free Electronic Filling*



TINO SIMON MUNDAPLACKIL
Phone: 630-635-3615
E-mail:tino@greatwaysinc.com
1001 E Chicago Ave, Suite 151
Naperville, IL 60540

LIFE MEMBER
MILLION DOLLAR ADVOCATES FORUM
The Top Trial Lawyers In America™

# ACCIDENT ATTORNEYS

AV PREEMINENT® Peer Rated for Highest Level of Professional Excellence 2025

## LEADING TOP RATED LAW FIRM TRUSTED IN THE COMMUNITY

**Fee Discounts On Certain Cases For Malayalee Clients**

**Home Visits Available**



Steve Crifase
Steve@Crifaselaw.com

## CRIFASE LAW FIRM, LTD.

**312-855-0511**

Free Consultation/Your Call Is Always Welcome Like A Family Friend



Michael Crifase
Michael@Crifaselaw.com

Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago, Illinois 60603
CrifaseLaw.Com

BBB ACCREDITED BUSINESS A+ Rating Better Business Bureau

34th Year of Service 2026

കേരളാ എക്സ്പ്രസ്
KERALA EXPRESS
Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

4 എബോള: ആഗോള ആരോഗ്യ അടിയന്തരാവസ്ഥ
9 തിരുഹൃദയ ദേവാലയത്തിൽ മദേഴ്സ്ഡേ ആഘോഷിച്ചു
17 30 കുട്ടികൾ ആദ്യകുർബാന സ്വീകരിച്ചു
20 ഫൊക്കാന ഇലക്ഷൻ നോട്ടിഫിക്കേഷൻ
25 ന്യൂയോർക്ക് കേരളസമാജം പ്രവർത്തനോദ്ഘാടനം

# കേരളത്തിന്റെ മുഖ്യമന്ത്രിയായി വി.ഡി. സതീശൻ അധികാരമേറ്റു

തിരുവനന്തപുരം: സെൻട്രൽ സ്റ്റേഡിയത്തിൽ ജനലക്ഷങ്ങളെ സാക്ഷിയാക്കി വി.ഡി. സതീശൻ മന്ത്രിസഭ സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു. ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ മുഖ്യമന്ത്രിക്കും മന്ത്രിമാർക്കും സത്യവാചകം ചൊല്ലിക്കൊടുത്തു. ദൈവനാമത്തിലാണ് വി.ഡി. സതീശൻ സത്യപ്രതിജ്ഞ ചെയ്തത്.

രണ്ടാമതായി പി.കെ. കുഞ്ഞാലിക്കുട്ടി സത്യപ്രതിജ്ഞ ചെയ്തു. മുഖ്യമന്ത്രി ഉൾപ്പെടെ 21 മന്ത്രിമാരാണ് ഇന്ന് സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റത്.

മുഖ്യമന്ത്രി ഉൾപ്പെടെ പതിനാല് പേരാണ് ആദ്യമായി മന്ത്രിസഭയിലേക്ക് എത്തുന്നതെന്ന പ്രത്യേകത കൂടിയുണ്ട്. കോൺഗ്രസിൽ നിന്ന് പന്ത്രണ്ട് പേരും മുസ്‌ലിം ലീഗിൽ നിന്ന് അഞ്ചു പേരും ഘടകകക്ഷികളിൽ നിന്ന് മോൻസ് ജോസഫ്, ഷിബു ബേബി ജോൺ, അനൂപ് ജേക്കബ്, സി.പി. ജോൺ എന്നിവരുമാണ് മന്ത്രിമാരായി സത്യപ്രതിജ്ഞ ചെയ്തത്. കോൺഗ്രസിനെ മുതിർന്ന നേതാവ് തിരുവഞ്ചൂർ രാധാകൃഷ്ണനെ സ്പീക്കറായും ഷാനിമോൾ ഉസ്മാനെ ഡെപ്യൂട്ടി സ്പീക്കറായും യുഡിഎഫ് നേതൃത്വം തീരുമാനിച്ചിട്ടുണ്ട്.



മുഖ്യമന്ത്രി വി.ഡി. സതീശന്റെ നേതൃത്വത്തിൽ അധികാരമേറ്റ മന്ത്രിസഭാംഗങ്ങൾ ഗവർണർ വിശ്വനാഥ് അർലേക്കറോടൊപ്പം.

സെൻട്രൽ സ്റ്റേഡിയത്തിലെ പന്തൽ നിറഞ്ഞുകവിഞ്ഞും സ്റ്റേഡിയത്തിനു പുറത്തും (ശേഷം 34-ാം പേജിൽ)

## ആദ്യമന്ത്രിസഭാ യോഗത്തിൽ പുനരന്വേഷണത്തിന് ഉത്തരവ്; സുധാകരൻ പ്രോടെം സ്പീക്കർ

തിരുവനന്തപുരം: 2023-ൽ നവകേരള സദസിന്റെ ഭാഗമായി മുൻ മുഖ്യമന്ത്രി പിണറായി വിജയൻ ആലപ്പുഴയിൽ എത്തിയപ്പോൾ റോഡരുകിൽ പ്രതിഷേധിച്ച രണ്ടുപേരെ മുഖ്യമന്ത്രിയുടെ ഗൺമാൻമാർ വളഞ്ഞിട്ട് ആക്രമിച്ച സംഭവത്തിൽ പുനരന്വേഷണം നടത്താൻ കോടതി ഉത്തരവ് പ്രകാരം പ്രത്യേക സംഘത്തെ നിയോഗിച്ചുവെന്ന് മുഖ്യമന്ത്രി വി.ഡി. സതീശൻ. കോടതി പുനരന്വേഷണത്തിന് ഉത്തരവിട്ടിട്ടും ഇതുവരെ നടത്തിയിരുന്നില്ലെന്നും സതീശൻ പറഞ്ഞു. കെഎസ്ആർടിസി ബസുകളിൽ ജൂൺ 15 മുതൽ സ്ത്രീകൾക്ക് സൗജന്യ യാത്ര നടപ്പാക്കുമെന്നു മുഖ്യമന്ത്രി വി.ഡി. സതീശൻ പറഞ്ഞു. വയോജനങ്ങൾക്കായി പ്രത്യേക വകുപ്പു രൂപീകരിക്കുമെന്ന വാഗ്ദാനം പാലിക്കുമെന്നും മന്ത്രിസഭാ യോഗത്തിനുശേഷം മുഖ്യമന്ത്രി പറഞ്ഞു. ആശാവർക്കർമാരുടെ ഓണറേറിയം ആദ്യഘട്ടമെന്ന നിലയിൽ 3000 രൂപ വർദ്ധിപ്പിച്ചു. വിരമിക്കൽ ആനുകൂല്യം സംബന്ധിച്ചുള്ള തീരുമാനം ഒരു മാസത്തിനുള്ളിൽ പ്രഖ്യാപിക്കും. അംഗൻവാടി ജീവനക്കാരുടെ വേതനം 1000 രൂപ വർദ്ധിപ്പിക്കും. പാചകത്തൊഴിലാളികളുടെയും പ്രീപ്രൈമറി ടീച്ചർമാർക്കും ആയമാർക്കും 1000 രൂപ വേതനം വർദ്ധിപ്പിച്ചു. തെരഞ്ഞെടുപ്പ് പ്രചാരണവേളയിൽ യുഡിഎഫ് പ്രഖ്യാപിച്ച അഞ്ചു ഗ്യാരന്റികളിൽ രണ്ടെണ്ണമാണ് നടപ്പാക്കുന്നതെന്നും മുഖ്യമന്ത്രി പറഞ്ഞു. കെഎസ്ആർടിയിലെ സ്ത്രീകളുടെ സൗജന്യയാത്ര സംബന്ധിച്ചുള്ള വിശദാംശങ്ങൾ പിന്നീട് അറിയിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി. അഡ്വ. ജനറൽ ആയി ജാജു ബാബുവിനെ നിയമിക്കും. ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ ആയി ടി. അസഫലിയെ നിയോഗിച്ചു. സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതി സംബന്ധിച്ച് ധവളപത്രം പുറത്തിറക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു. നിയമസഭാസമ്മേളനം മെയ് 22 മുതൽ വിളിച്ചു ചേർക്കണമെന്ന് ഗവർണറോട് ആവശ്യപ്പെടും. മെയ് 29-ന് നയപ്രഖ്യാപനപ്രസംഗം നടക്കും. ജി. സുധാകരനെ പ്രോടെം സ്പീക്കറായും നിയോഗിച്ചു.

## മോദിക്ക് സ്വീഡന്റെ പരമോന്നത ബഹുമതി, 17 കരാറുകളിൽ ഒപ്പുവെച്ച് ഇന്ത്യയും നെതർലൻഡ്സും

ഗോതൻബെർഗ്: യൂറോപ്യൻ സന്ദർശനത്തിന്റെ ഭാഗമായി പ്രധാനമന്ത്രി നരേന്ദ്രമോദി മെയ് 17-ന് സ്വീഡനിലെത്തി. സ്വീഡിഷ് പ്രധാനമന്ത്രി ഉൾഫ് ക്രിസ്റ്റർസൻ ലാൻഡിവെറ്റർ വിമാനത്താവളത്തിൽ മോദിയെ സ്വീകരിച്ചു.

ഇരു രാജ്യങ്ങളും തമ്മിലുള്ള സഹകരണം ശക്തമാക്കാൻ നിർണായക ചർച്ചകളാണ് സന്ദർശനപരിപാടിയിലുള്ളത്. ഇന്ത്യ-യൂറോപ്പ് വ്യാപാരബന്ധവും നിക്ഷേപ സംരംഭങ്ങളും പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ബിസിനസ് പ്രമുഖരുമായുള്ള കൂടിക്കാഴ്ചയുമുണ്ട്.



നെതർലൻഡ്സുമായി 17 കരാറുകൾ ഒപ്പിട്ട ശേഷമാണ് മോദി സ്വീഡനിലെത്തിയത്. നെതർലൻഡ്സ് പ്രധാനമന്ത്രി റോബ്യെറ്റനുമായി നടത്തിയ കൂടിക്കാഴ്ചക്കു പിന്നാലെ സഹകരണ മാർഗരേഖയും പുറത്തിറക്കി. പ്രതിരോധ രംഗത്ത് സംയുക്ത ഉൽപാദന സംരംഭങ്ങളും പദ്ധതിയിലുണ്ട്.

ജോലിക്കും പഠനത്തിനുമായി യൂറോപ്പിലെത്താനാഗ്രഹിക്കുന്ന ഇന്ത്യക്കാർക്കു പിന്തുണ നൽകുന്നതു സംബന്ധിച്ചും ധാരണയായി.

പഹൽഗാം ഭീകരാക്രമണത്തെ അപലപിച്ച നെതർലൻഡ്സ് പ്രധാനമന്ത്രി ഭീകരവിരുദ്ധ പോരാട്ടത്തിൽ ഇന്ത്യയ്ക്കു പിന്തുണയും പ്രഖ്യാപിച്ചു. ജലവിനിയോഗവും കാലാവസ്ഥയ്ക്കിണങ്ങിയ അടിസ്ഥാന സൗകര്യ വികസന പദ്ധതികളും സഹകരണ മേഖലകളിൽപെടും.

(ശേഷം 34-ാം പേജിൽ)

# എബോള: ആഗോള ആരോഗ്യ അടിയന്തരാവസ്ഥ പ്രഖ്യാപിച്ച് ഡബ്ല്യുഎച്ച്ഒ

അബുജ: ആഫ്രിക്കൻ രാജ്യങ്ങളായ കോംഗോയിലും ഉഗാണ്ടയിലും പടർന്നുപിടിക്കുന്ന എബോള രോഗത്തിന്റെ പശ്ചാത്തലത്തിൽ ആഗോള ആരോഗ്യ അടിയന്തരാവസ്ഥ പ്രഖ്യാപിച്ച് ലോകാരോഗ്യ സംഘടന.

എന്നാൽ, ബുണ്ടിബുഗ്യോ വൈറസ് മൂലം പടരുന്ന എബോള ആഗോള മഹാമാരിയല്ലെന്ന് ലോകാരോഗ്യ സംഘടന ഡയറക്ടർ ജനറൽ ടെഡ്രോസ് അദാനോ ഗെബ്രെയേസസ് അറിയിച്ചു. കോംഗോയിലെ ഇട്ടുരി പ്രവിശ്യയിലാണ് എബോള സ്ഥിരീകരിച്ചത്. ഇതുവരെ 88 പേർ മരിച്ചു. 336 കേസുകളാണ് ഇതുവരെ സ്ഥിരീകരിച്ചത്.

കോംഗോയിൽനിന്ന് ഉഗാണ്ടയിലെത്തിയ രണ്ടുപേർക്കും രോഗം സ്ഥിരീകരിച്ചു. കോംഗോയിൽ 87 പേരും ഉഗാണ്ടയിൽ ഒരാളുമാണു മരിച്ചത്. കോംഗോയുടെ തലസ്ഥാനമായ കിൻഷാസയിൽ ഒരാൾക്കു രോഗം സ്ഥിരീകരിച്ചു.

രോഗത്തിന്റെ പ്രഭവകേന്ദ്രമായ ഇട്ടുരിയിൽനിന്ന് 1000 കിലോമീറ്റർ അകലെയാണ് കിൻഷാസ. രോഗം നിയന്ത്രണവിധേയമാക്കാൻ ആരോഗ്യ പ്രവർത്തകർ സ്ക്രീനിംഗും സമ്പർക്കപട്ടികയും തയാറാക്കലും ഊർജിതമാക്കിയിട്ടുണ്ട്. കോംഗോയിൽ മിക്ക പ്രദേശങ്ങളിലും ആഭ്യന്തര സംഘർഷം തുടരുന്നത് ആരോഗ്യപ്രവർത്തകർക്കു വെല്ലുവിളിയാണ്. എബോള വളരെ വേഗത്തിൽ പടരുന്ന രോഗമാണ്. ഛർദി, രക്തം, ശുക്ലം എന്നീ ശരീരസ്രവങ്ങളിലൂടെയാണ് രോഗം പടരുന്നത്.

രോഗബാധിതരുടെയോ രോഗംമൂലം മരിച്ചവരുടെയോ രക്തത്തിലൂടെയോ വിസർജ്യത്തിലൂടെയോ മറ്റു സ്രവങ്ങളിലൂടെയോ ഒക്കെ രോഗം പകരാം. കുരങ്ങുകൾ, മാനുകൾ, മുള്ളൻപന്നി, പന്നി തുടങ്ങിയ മൃഗങ്ങളിലും രോഗം കാണുന്നുണ്ട്. രോഗം ബാധിച്ച മൃഗങ്ങളുടെ വിസർജ്യങ്ങളിലൂടെയോ അവയുടെ മാംസം ഭക്ഷിക്കുന്നതിലൂടെയോ രോഗം മനുഷ്യരിലേക്കു പടരാം. അപൂർവമായേ എബോള രോഗം ഉണ്ടാകാറുള്ളതെങ്കിലും മാരകവും മിക്കപ്പോഴും മരണകാരണവുമാകാറുണ്ട്. കോംഗോയിലും ഉഗാണ്ടയിലും ഇരുപതിലേറെ തവണ എബോള രോഗം പടർന്നുപിടിച്ചപ്പോൾ മൂന്നു തവണയാണു ബൂണ്ടിബുഗ്യോ വൈറസ് റിപ്പോർട്ട് ചെയ്തത്.

2007-2008 കാലത്താണ് ആദ്യമായി ഉഗാണ്ടയിലെ ബുണ്ടിബുഗ്യോ ജില്ലയിൽ കണ്ടെത്തിയത്. അങ്ങനെയാണ് വൈറസിന് ബുണ്ടിബുഗ്യോ എന്നു പേരു വന്നത്. അന്ന് 149 പേർക്കു രോഗം ബാധിച്ചു. 37 പേർ മരിച്ചു. 2012-ൽ രണ്ടാമത് ബുണ്ടിബുഗ്യോ വൈറസ് ബാധ കോംഗോയിലുണ്ടായി. അന്ന് 57 പേർക്കു രോഗം ബാധിച്ചതിൽ 29 പേർ മരിച്ചു.

1976-ലാണ് കോംഗോയിൽ ആദ്യമായി എബോളരോഗം കണ്ടെത്തിയത്.

## സുപ്രീംകോടതി ജഡ്ജിമാരുടെ എണ്ണം വർധിപ്പിക്കുന്നതിന് അംഗീകാരം

ന്യൂഡൽഹി: സുപ്രീംകോടതിയിൽ നാല് ജഡ്ജിമാരെക്കൂടി ഉൾപ്പെടുത്തുവാനുള്ള കേന്ദ്രമന്ത്രിസഭയുടെ തീരുമാനത്തിന് രാഷ്ട്രപതി ദ്രൗപദി മുർമു അംഗീകാരം നൽകി. ചീഫ് ജസ്റ്റിസ് ഒഴികെയുള്ള ജഡ്ജിമാരുടെ എണ്ണം 33-ൽനിന്ന് 37 ആയി ഉയർത്തുന്നതിനുള്ള സുപ്രീംകോടതി ഭേദഗതി ഓർഡിനൻസ് രാഷ്ട്രപതി പ്രഖ്യാപിച്ചതായി കേന്ദ്ര നിയമമന്ത്രി അർജുൻ റാം മേഘ്വാൾ എക്സിലൂടെ അറിയിച്ചു.

സുപ്രീംകോടതി ജഡ്ജിമാരുടെ എണ്ണം വർധിപ്പിക്കുന്നതിനുള്ള ഭേദഗതി ബില്ലിനുള്ള നിർദേശം പ്രധാനമന്ത്രി നരേന്ദ്ര മോദി അധ്യക്ഷനായുള്ള കേന്ദ്ര മന്ത്രിസഭ കഴിഞ്ഞ അഞ്ചിനാണ് മുന്നോട്ടുവെച്ചത്. പാർലമെന്റ് സമ്മേളന സമയമല്ലാത്തതിനാൽ ഭരണഘടനയിലെ അനുച്ഛേദം 123 നൽകിയിട്ടുള്ള പ്രത്യേക അധികാരം ഉപയോഗിച്ചാണ് രാഷ്ട്രപതി ഓർഡിനൻസ് പ്രഖ്യാപിച്ചിട്ടുള്ളത്. എന്നാൽ പാർലമെന്റ് ഇനി സമ്മേളിക്കുമ്പോൾ ഇരുസഭകളിലും ഓർഡിനൻസ് അവതരിപ്പിക്കണമെന്നു ചട്ടമുണ്ട്.

സുപ്രീംകോടതി മുമ്പാകെ കെട്ടിക്കിടക്കുന്ന കേസുകൾ അനുദിനം വർധിക്കുന്നതിനാൽ ജഡ്ജിമാരുടെ എണ്ണം വർധിപ്പിക്കണമെന്നുള്ളത് വളരെ നാളായുള്ള ആവശ്യമായിരുന്നു. എന്നാൽ ജുഡീഷൽ പരിഷ്കാരത്തിന് സുപ്രീംകോടതി ജഡ്ജിമാരുടെ എണ്ണം വർധിപ്പിക്കുന്നതിൽ മാത്രം കാര്യമില്ലെന്നും സുപ്രീംകോടതിക്ക് ഭരണഘടനാ കാര്യങ്ങളിൽ ശ്രദ്ധ ചെലുത്തുന്നതിനായി ഹർജികൾക്കുവേണ്ടി പ്രാദേശിക കോടതികൾ രൂപീകരിക്കുന്നത് സർക്കാർ പരിഗണിക്കണമെന്നും ചില നിയമവിദഗ്ധർ വാദിക്കുന്നുണ്ട്.

## യുഎസിൽ എയർ ഷോയ്ക്കിടെ വിമാനങ്ങൾ കൂട്ടിയിടിച്ചു; പൈലറ്റുമാർ അദ്ഭുതകരമായി രക്ഷപ്പെട്ടു

വാഷിങ്ടൺ: യുഎസിലെ വെസ്റ്റേൺ ഐഡഹോയിൽ എയർ ഷോയ്ക്കിടെ രണ്ടു വിമാനങ്ങൾ കൂട്ടിയിടിച്ചു തകർന്നു. പൈലറ്റുമാർ അദ്ഭുതകരമായി രക്ഷപ്പെട്ടു. യുഎസ് നേവിയുടെ ഇലക്ട്രോണിക് അറ്റാക് സ്ക്വാഡ്രൻ 129-ലെ ഇഎ 18 ജി ഗ്രോളർ വിമാനങ്ങളാണ് മെയ് 17-ന് ഞായറാഴ്ച മൗണ്ടൻ ഹോം എയർഫോഴ്സ് ബേസിലെ ഷോയ്ക്കിടെ ആകാശത്തുവെച്ച് കൂട്ടിയിടിച്ചത്. രണ്ടു വൈമാനികർ വീതമാണ് വിമാനങ്ങളിലുണ്ടായിരുന്നത്. അപകടമുണ്ടായ ഉടൻ ഇവർ ഇജക്ട് ചെയ്തു രക്ഷപ്പെടുകയായിരുന്നു. പറക്കുന്നതിനിടെ വിമാനങ്ങളുടെ ചിറകുകൾ തമ്മിൽ കൊരുത്താണ് അപകടമുണ്ടായതെന്നാണ് വിവരം. നിയന്ത്രണം നഷ്ടപ്പെട്ട വിമാനങ്ങൾ നിലത്തുവീണ് പൊട്ടിത്തെറിക്കുകയും ചെയ്തു.

## വേദിയിൽ ഭരണപക്ഷം മാത്രം മതിയെന്ന് ഗവർണർ; പ്രതിപക്ഷത്തെയും കൂടെക്കൂട്ടി വി.ഡി.

തിരുവനന്തപുരം: കേരളത്തിന്റെ 24-ാം മുഖ്യമന്ത്രിയായി വി.ഡി. സതീശൻ സത്യപ്രതിജ്ഞ ചെയ്ത ചടങ്ങ് നിരവധി പ്രത്യേകതകൾ കൊണ്ട് കൂടി ശ്രദ്ധിക്കപ്പെട്ടു. ഭരണ-പ്രതിപക്ഷ ഭേദമില്ലാതെ ഇരിപ്പിടങ്ങളൊരുക്കിയ വേദി തന്നെയായിരുന്നു പ്രധാന ആകർഷണം.

നിയുക്ത പ്രതിപക്ഷ നേതാവ് പിണറായി വിജയൻ, സിപിഎം സംസ്ഥാന സെക്രട്ടറി എം.വി. ഗോവിന്ദൻ, സിപിഐ സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വം, ബിജെപി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ തുടങ്ങിയ പ്രമുഖർക്കാണ് കോൺഗ്രസ് നേതൃത്വത്തിനൊപ്പം ഇരിപ്പിടം ക്രമീകരിച്ചത്.

സ്റ്റേഡിയത്തിലെ സത്യപ്രതിജ്ഞാവേദിയിൽ ഗവർണറും മുഖ്യമന്ത്രിയും മന്ത്രിമാരും ചീഫ് സെക്രട്ടറിയും മാത്രം പ്രവേശിച്ചാൽ മതിയെന്നായിരുന്നു ഗവർണറുടെ നിലപാട്. ചീഫ് സെക്രട്ടറിക്ക് ഇത് സംബന്ധിച്ച നിർദേശവും കൈമാറിയിരുന്നു. എന്നാൽ അത് കാര്യമാക്കാതെയാണ് 'ടീം കേരളം' സത്യപ്രതിജ്ഞാവേദിയിൽ അണിനിരന്നത്. നല്ല മാതൃകയും പുതിയ സംസ്കാരവുമാണ് ഇതിലൂടെ യുഡിഎഫ് കാണിച്ചതെന്നും അഭിനന്ദനീയമാണ് ഈ ചേർത്തുപിടിക്കലും ഐക്യവുമെന്നും സമൂഹമാധ്യമങ്ങളിലും അഭിപ്രായം ഉയർന്നു. തമിഴ്നാട്ടിലെ സത്യപ്രതിജ്ഞാചടങ്ങിൽ വേദിയിൽ രാഹുൽഗാന്ധിയടക്കമുള്ളവർക്ക് ഇരിപ്പിടം ക്രമീകരിച്ചിരുന്നു.

അതേസമയം, സത്യപ്രതിജ്ഞാചടങ്ങിൽ കേന്ദ്രസർക്കാർ നിർദേശപ്രകാരം വന്ദേഭാരതം മുഴുവനായും ആലപിച്ചു. ആറ് ചരണങ്ങൾ പാടണമെന്നാണ് കേന്ദ്ര ആഭ്യന്തര മന്ത്രാലയം നിർദേശമിറക്കിയിരുന്നത്. ലോക്സഭാ പ്രതിപക്ഷ നേതാവ് കൂടിയായ രാഹുൽ ഗാന്ധിയുടെയും കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെയുടെയും സാന്നിദ്ധ്യത്തിലായിരുന്നു വന്ദേമാതരം ആലപിച്ചത്.

രാഹുലും പ്രിയങ്കയും ഖാർഗെയും മറ്റു നേതാക്കളും വന്ദേമാതരം പാടിയില്ല. അതേസമയം, ഗവർണറും ദീപാദാസ് മുൻഷിയും ഗാനത്തിനൊപ്പം പാടുന്നതും ദൃശ്യമായിരുന്നു. തുടർന്ന് ദേശീയഗാനവും ചടങ്ങിൽ മുഴങ്ങി.

വന്ദേമാതരത്തിന്റെ 150-ാം വാർഷികത്തോട് അനുബന്ധിച്ചാണ് ദേശീയ ഗാനത്തിന് തുല്യമായ പ്രാധാന്യം നൽകണമെന്ന് ചൂണ്ടിക്കാട്ടി ജനുവരി 28-ന് ഉത്തരവിറങ്ങിയത്.




മുഖ്യമന്ത്രിയായി വി.ഡി. സതീശൻ ഗവർണർ വിശ്വനാഥ് അർലേക്കർ മുമ്പാകെ സത്യപ്രതിജ്ഞ ചെയ്യുന്നു.

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

3425 Cleveland St,
Skokie, Illinois 60076
Tel: 630 728 7956
eFax: 773.304.1917

Volume XXXIV
Number 20
May 18, 2026

*Chief Editor*
K.M. Eapen

*Executive Editor*
Jose Kaniyaly

*Managing Editors*
Joseph Mathew
K.O. Jose, C.P.A.
Titus Eapen

*Circulation Manager*
Ajith Eapen

*Office Administration*
Anish Eapen

*Legal Advisor*
Selma C. D'souza

*Manager*
K.M. Thimothy

*Overseas Office*
KERALA EXPRESS
KMC 172-A
C.M.S. College Jn.
Kottayam - 686001
Kerala, India
Tel : + 91 481-2561203

*Co-ordinating Editor*
Mani Samuel

*News Editor*
Mini Mani

*Graphics*
Samuel Mani

*Special Correspondent*
Anil Pennukkara

DISCLAIMER
The advertisements and articles published in Kerala Express denote the views and ideas expressed by the concerned authors or advertisers. Kerala Express is not responsible for the authenticity of articles or advertisements and readers are requested to verify any offers etc. directly with advertiser or author.

### മഹദ്വചനം


അഭിപ്രായസ്ഥിരതയും ഇച്ഛാശക്തിയുമുള്ളവൻ ലോകത്തെ തനിക്കനുകൂലമായി രൂപപ്പെടുത്തുന്നു.

**ഗെയ്ഥേ**

ദരിദ്രന്റെ സമ്പത്ത് തട്ടിയെടുത്ത് ബലിയർപ്പിക്കുന്നവൻ പിതാവിന്റെ മുന്നിൽവെച്ചു പുത്രനെ കൊല്ലുന്നവനെപ്പോലെയാണ്.

**പ്രഭാ. 34:24**


SECURE YOUR FUTURE AND PREPARE YOUR FAMILY LEGACY
ESTATE
PLANNING
Wills • Revocable Living Trust • Incapacity Planning
Signature
Signing Systems
Estate Planning Services
(713) 487 7814
(248) 467 7937
www.signaturemobilenotarytx.com
signaturesignsystems@gmail.com
JOMS MATHEW CEP
Certified Estate planner
WE PROVIDE SERVICES IN ALL OVER AMERICA


LUXURY HOME STAY IN
PULLAD/KUMBANAD/KOZHENCHERRY/THIRUVALLA
Quiet and Safe Area
Near Shopping Centers and Major Towns/Attractions
3 hr to Kochin and Thiruvananthapuram Airport
3 AC Bedrooms (one of them is a loft bedroom)
Separate Studio for drivers
4 American-style Bathrooms
Surveillance camera
Car service/Chef/Security Personnel can be arranged
Weekly and Monthly stays can be arranged
If stay for large parties is needed, I can arrange other home stays also
Contact details:
Email: drmg456@gmail.com
Phone: +1 (917)-921-5765, 974-590-5222
Website: www.mundayilhomestay.in
Address: Mundayil Homestay,
Kumbanad P.O.
Pathanamthitta District,
Kerala, India 689547


nella CONSULTING
ACCOUNTING | TAX | CONSULTING
TAX
FOR ALL YOUR
PERSONAL AND
BUSINESS TAX
SERVICES
TOMY NELLAMATTAM, E.A.
Enrolled to Practice Before IRS
Nella Consulting Inc
755 Milwaukee Ave, Glenview, IL 60025
(847) 486-4112 (Office)
(847) 302-8556 (cell)
FREE ELECTRONIC FILING
FULL TIME IN ACCOUNTING & TAX SERVICES
Partner
ALVIN NELLA, CPA, MBA

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

# യുഎൻ സുരക്ഷാ കൗൺസിൽ വിപുലീകരിക്കണമെന്ന് ഇന്ത്യ

ന്യൂഡൽഹി: ഐക്യരാഷ്ട്ര സഭയ്ക്കും അനുബന്ധ സംഘടനകൾക്കും ഘടനാപരമായ പരിഷ്കാരം വേണമെന്ന് ഇന്ത്യ. ന്യൂഡൽഹിയിൽ നടന്ന ബ്രിക്സ് വിദേശകാര്യമന്ത്രിമാരുടെ യോഗത്തിലാണ് വിദേശകാര്യമന്ത്രി എസ്. ജയശങ്കർ ഇക്കാര്യം ഉന്നയിച്ചത്.

യുഎൻ സുരക്ഷാകൗൺസിൽ ഉൾപ്പെടെ ഐക്യരാഷ്ട്ര സഭയുടെ സുപ്രധാന അനുബന്ധ സംഘടനകൾക്ക് പുതിയ കാലത്തിനനുസരിച്ച് മാറ്റങ്ങൾ വേണമെന്നാണ് ഇന്ത്യയുടെ ആവശ്യം. അമേരിക്ക, ചൈന, റഷ്യ, യുകെ, ഫ്രാൻസ് എന്നീ അഞ്ച് സ്ഥിര അംഗങ്ങളെ യുഎൻ സുരക്ഷാ കൗൺസിലിൽ സ്ഥിര അംഗത്വം നേടാനുള്ള ഇന്ത്യയുടെ ശ്രമത്തിന് അടിവരയിടുന്നതാണ് നിർദ്ദേശം. നിലവിലുള്ള സ്ഥാപനങ്ങൾ ഉണ്ടായപ്പോഴത്തേതിനേക്കാൾ ലോകം ഇന്ന് കൂടുതൽ ബന്ധിപ്പിക്കപ്പെട്ടതാണ്. കൂടുതൽ സങ്കീർണവും ബഹുധ്രുവവുമാണ്. എന്നിട്ടും കാലാനുസൃതമായ മാറ്റം ഉണ്ടായിട്ടില്ല-വിദേശകാര്യമന്ത്രി പറഞ്ഞു.

യുഎൻ സുരക്ഷാ സമിതിയുടെ സ്ഥിരവും സ്ഥിരമല്ലാത്തതുമായ അംഗത്വത്തിലും മാറ്റമുണ്ടാകണമെന്ന് ചൂണ്ടിക്കാണിച്ച ജയശങ്കർ ഏഷ്യ, ആഫ്രിക്ക, തെക്കേ അമേരിക്ക മേഖലകൾക്ക് പ്രാതിനിധ്യം അനിവാര്യമാണെന്നും കൂട്ടിച്ചേർത്തു. യുഎൻ സുരക്ഷാ കൗൺസിലിലെ വീറ്റോ അധികാരമുള്ള സ്ഥിര അംഗമാകാൻ ബ്രസീൽ, ജർമനി, ഇന്ത്യ, ജപ്പാൻ എന്നിവയുൾപ്പെട്ട ജി4 രാജ്യങ്ങൾ 2005 മുതൽ ശ്രമിച്ചുവരികയാണ്. ഇവർക്ക് സ്ഥിര അംഗത്വം ലഭിക്കാൻ ജി4 രാജ്യങ്ങൾ പരസ്പരം പിന്തുണയ്ക്കുന്നുമുണ്ട്. 1945-ൽ രൂപീകൃതമായതിനുശേഷം യുഎൻ സെക്യൂരിറ്റി കൗൺസിൽ ഇന്നേവരെക്കും ഒരേ അധികാരഘടന തന്നെയാണ് പിന്തുടരുന്നത്. മാറുന്ന ഭൗമരാഷ്ട്രീയ സാഹചര്യങ്ങൾ അനുസരിച്ച് പരിഷ്കാരം വേണമെന്നാണ് ജി4 രാജ്യങ്ങൾ വാദിക്കുന്നത്. പരിഷ്കാരം വന്നില്ലെങ്കിൽ ഐക്യരാഷ്ട്ര സഭയുടെ ഫലപ്രാപ്തിക്കും വിശ്വാസ്യതയ്ക്കും കോട്ടം തട്ടുമെന്നാണ് വാദം.




## ഒരുമയുടെ പ്രതിജ്ഞ, നാടിന്റെ പ്രതീക്ഷ

കേരളം ഇന്നു പുതിയൊരു രാഷ്ട്രീയ അദ്ധ്യായത്തിന്റെ കവാടത്തിൽ ചുവടു വെക്കുകയാണ്. പതിനാറാം നിയമസഭ, 24-ാമതു മുഖ്യമന്ത്രി. 21 മന്ത്രിമാരുള്ള ടീം വി.ഡി. സതീശന് വിജയാശംസകൾ. നല്ലൊരു ഭരണത്തിനും മാറ്റത്തിനും ഉചിതമെന്നു ജനം തീരുമാനിച്ചവരാണ് അധികാരമേൽക്കുന്നത്. പ്രതിപക്ഷത്തുള്ളവരെയും ജനം തെരഞ്ഞെടുത്തതാണ്. മാറ്റത്തിനായി അക്ഷമരായ മലയാളികളോട് ഇരുകൂട്ടർക്കുമുണ്ട് ഉത്തരവാദിത്വം. ഭരണ-പ്രതിപക്ഷ എംഎൽഎമാർക്കു സ്വാർഥ താത്പര്യങ്ങളില്ലെങ്കിൽ, പാർട്ടിക്കപ്പുറം ജനങ്ങളെ വളർത്താനാണു ശ്രമിക്കുന്നതെങ്കിൽ പുതുകേരളത്തിന്റെ ഉദ്ഘാടനവും നടന്നു. സദ്ഭരണമെന്നത് തങ്ങളുടെ പാർട്ടിക്കോ താത്പര്യങ്ങൾക്കോ മതത്തിനോ ജാതിക്കോ സമുദായത്തിനോ വേണ്ടി മാത്രമുള്ളതല്ലെന്ന് ജനങ്ങൾ ഉൾപ്പെടെ ചിന്തിക്കണം. ഇടുങ്ങിയ താത്പര്യങ്ങളും പുത്തൻ കേരളവും ഒരേസമയം സാധ്യമല്ല. നിയുക്ത മുഖ്യമന്ത്രിക്ക് നിലപാടുകളുണ്ടെന്ന സാക്ഷ്യപത്രം കൊടുത്തവർ ഒപ്പമൊരു ചങ്ങലയും കൊടുക്കരുത്. പ്രവർത്തിക്കാൻ അനുവദിക്കണം.

തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ രാവിലെ 10-നാണ് സത്യപ്രതിജ്ഞാ ചടങ്ങുകൾ നടന്നത്. വർഗീയതയുടെ ആക്രോശങ്ങളും സജീവമായിരുന്നു. ഇപ്പോൾ ആരും അതിനത്ര വിലകൊടുക്കാത്തതിനാൽ ഉദ്ദേശിച്ച ഫലം കിട്ടുന്നില്ലെന്നത് ആശ്വാസമായി. ഏതായാലും എല്ലാവരെയും ഒരുവിധം അനുനയിപ്പിച്ച് മന്ത്രിമാരുടെ പട്ടിക ഗവർണർക്കു കൈമാറാൻ വി.ഡി. സതീശനു കഴിഞ്ഞു. അതിരുവിട്ട വീതംവയ്പു-വിലപേശൽ രാഷ്ട്രീയം യുഡിഎഫിന്റെ ജനിതക വൈകല്യമാണ്. പുറത്തുനിന്നുള്ള സമ്മർദങ്ങളും അതിന്റെ ഫലമാണ്. അതേസമയം, സ്ഥാനാർത്ഥിത്വത്തിലെന്നപോലെ മന്ത്രിസഭയിലും സ്ത്രീകളുടെയും ദളിതരുടെയും പ്രാതിനിധ്യം കുറയുന്നത്, ഇടതു-വലതു സർക്കാരുകളുടെ നീതി-തുല്യത-സംവരണം പ്രസംഗങ്ങളിലെ പൊള്ളത്തരം വെളിപ്പെടുത്തുന്നതാണ്. അതിപ്പോഴുമുണ്ട്. താരതമ്യേന മെച്ചപ്പെട്ട പ്രാതിനിധ്യമെന്ന വ്യാഖ്യാനം ന്യായീകരണത്തിനപ്പുറം പുരോഗമനപരമല്ല. സർക്കാരെന്നതു മന്ത്രിസ്ഥാനങ്ങൾ മാത്രമല്ലെന്ന ബോധ്യത്തോടെ മറ്റ് നയരൂപീകരണ സ്ഥാനങ്ങളിൽ അവരുടെ പ്രാതിനിധ്യം ഉറപ്പാക്കേണ്ടതാണ്.

പ്രതിപക്ഷത്തും തർക്കങ്ങളും ആശയക്കുഴപ്പങ്ങളുമുണ്ടായിരുന്നു. പിണറായി വിജയന്റെ പ്രതിപക്ഷനേതാവ് സ്ഥാനത്തോടും എം.വി. ഗോവിന്ദന്റെ സിപിഎം സെക്രട്ടറി സ്ഥാനത്തോടും പാർട്ടിയിൽ വിയോജിപ്പുണ്ടായി. പക്ഷേ, അത്തരം പാർട്ടിക്കാര്യങ്ങൾ നിയമസഭയെയോ കേരളത്തിന്റെ താത്പര്യങ്ങളെയോ ബാധിക്കില്ലെന്ന് ഉറപ്പാക്കേണ്ടതു പാർട്ടിയും എൽഡിഎഫുമാണ്. അതുപോലെ മൂന്ന് എംഎൽഎമാരുമായി ബിജെപിയും നിയമസഭയിലെത്തുന്നത് ശക്തമായ പ്രതിപക്ഷത്തിന്റെ അടയാളമാകണം. കേന്ദ്ര അവഗണനയെന്നതിനുപകരം കേന്ദ്ര പരിഗണനയുടെ കാലമാണ് ഇനിയുള്ളതെന്ന് ഉറപ്പിക്കാൻ അവർക്കു കഴിയട്ടെ. അതേസമയം, സർക്കാർ അധികാരത്തിലെത്തുന്നതിനുമുമ്പ് സർക്കാരിനെതിരെ സമരം നടത്തിയതുപോലുള്ള അസംബന്ധങ്ങളിലൂടെ ബിജെപി അപഹാസ്യരാകരുത്. കെഎസ്ആർടിസിയിൽ സ്ത്രീകൾക്കു സൗജന്യയാത്ര അനുവദിക്കുമെന്ന വാഗ്ദാനം പാലിച്ചില്ലെന്നാരോപിച്ചായിരുന്നു മഹിളാ മോർച്ചയുടെ സമരം. ഇത്തരം മണ്ടത്തരങ്ങൾ പാർട്ടിയെക്കുറിച്ച് നിഷേധാത്മക മുൻവിധിയുണ്ടാക്കുന്നതാണ്. ക്രിയാത്മക പ്രതിപക്ഷം ജനാധിപത്യത്തിന്റെ അവിഭാജ്യ ഘടകവും സർക്കാരിന്റെ ഓഡിറ്ററുമാണെന്ന് തിരിച്ചറിയണം.

കോൺഗ്രസ് മന്ത്രിമാരുടെ ഗ്രൂപ്പ് തിരിച്ചുള്ള ചർച്ചകളും വിശകലനവും തുടങ്ങിയിട്ടുണ്ട്. ജനം വോട്ടു ചെയ്തത് ഗ്രൂപ്പുകൾക്കല്ലെന്ന് ഇനിയും മനസിലാക്കാത്ത നേതാക്കളുണ്ടെങ്കിൽ പാർട്ടിക്കും സർക്കാരിനും ബാധ്യതയാണ്. അതേസമയം, അത്തരം ഗ്രൂപ്പ് സമ്മർദങ്ങളൊന്നും ഉണ്ടായിരുന്നില്ലെന്ന് നിയുക്ത മുഖ്യമന്ത്രി പറഞ്ഞു. ഗ്രൂപ്പ് താത്പര്യങ്ങളുടെ സംശയനിഴലിലും നേതൃസ്ഥാനത്തു മറ്റു നേതാക്കളെ നിർത്താതിരിക്കാൻ ആ വാക്കുകൾക്കു കഴിയും. മാത്രമല്ല, മന്ത്രിമാരെ ഗ്രൂപ്പുതിരിച്ചല്ല കാണുന്നതെന്ന സൂചന ക്രിയാത്മകവുമാണ്. പക്ഷേ, കോൺഗ്രസിന്റ കാര്യത്തിൽ ജനങ്ങൾക്കു ഗ്രൂപ്പുസംശയങ്ങളുണ്ട്. പ്രലോഭനങ്ങളുണ്ടാകുമ്പോൾ, ഗ്രൂപ്പുകൾക്കുവേണ്ടി സമയം ചെലവഴിക്കാനല്ല ജനം വിളിച്ചുവരുത്തിയതെന്ന് ഓരോ മന്ത്രിയും എംഎൽഎമാരും ഓർമിക്കേണ്ടതാണ്.

സെൻട്രൽ സ്റ്റേഡിയത്തിലെ സത്യപ്രതിജ്ഞ നവകേരള വിളംബരമാകട്ടെ. ഈ നാടിനെ യഥാർത്ഥ നമ്പർ വൺ ആക്കാനുള്ള തുടക്കം. മുഖ്യമന്ത്രിക്കും സംഘത്തിനുംമേൽ വെക്കപ്പെട്ടിരിക്കുന്നത് പ്രതീക്ഷകളാണ്, ഭാരമല്ല. കോൺഗ്രസ്, മുസ്ലിം ലീഗ്, കേരള കോൺഗ്രസുകൾ, ആർഎസ്പി, സിഎംപി, കെഡിപി പാർട്ടികൾക്കും ആർഎംപിക്കും സ്വതന്ത്രർക്കും മികച്ച ഭരണത്തിലൂടെ ജനമനസിൽ സ്ഥാനമുറപ്പിക്കാനുള്ള അവസരമാണിത്. ഭരിക്കുന്നവരുടെയും പ്രതിപക്ഷത്തുള്ളവരുടെയും പിറകിൽ കുതിക്കട്ടെ കേരളം.

# വിമാന യാത്രാനിരക്ക് നിയന്ത്രിക്കണമെന്ന് സുപ്രീംകോടതി

ന്യൂഡൽഹി: വിമാന യാത്രാനിരക്കുകൾ ന്യായയുക്തമായിരിക്കണമെന്നു സുപ്രീംകോടതി. ഒരേ മേഖലയിൽ സർവീസ് നടത്തുന്ന വിവിധ വിമാനക്കമ്പനികൾ വ്യത്യസ്ത നിരക്കുകൾ ഈടാക്കുന്നതു ചൂണ്ടിക്കാട്ടിയ കോടതി, ഇക്കാര്യത്തിൽ യാത്രക്കാർക്ക് ആശ്വാസകരമായ നടപടി കൈക്കൊള്ളാൻ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടു.

ഒരേ ദിവസം ഒരേ മേഖലയിലേക്ക് സർവീസ് നടത്തിയ രണ്ട് എയർലൈനുകളിൽ ഒന്ന് ഇക്കണോമി ക്ലാസിന് 8000 രൂപയും മറ്റത് 10,000 രൂപയും ഈടാക്കിയത് ജസ്റ്റിസുമാരായ വിക്രം നാഥും സന്ദീപ് മേത്തയും ഉൾപ്പെട്ട ബെഞ്ച് ചൂണ്ടിക്കാട്ടി. വിവേചനം നേരിടുന്ന യാത്രക്കാർക്ക് അല്പം ആശ്വാസം നല്കാൻ കഴിയുമോയെന്നു ശ്രമിക്കാൻ കേന്ദ്രസർക്കാരിനു വേണ്ടി ഹാജരായ സോളിസിറ്റർ ജനറൽ തുഷാർ മേത്തയോട് നിർദ്ദേശിച്ചു.

വിമാന നിരക്കുകൾ ഏകീകരിക്കുന്നതു സംബന്ധിച്ച് 2024-ൽ നിയമം നിലവിൽ വന്നെന്നും ചട്ടങ്ങൾ രൂപീകരിക്കുന്ന കാര്യത്തിൽ ചർച്ചകൾ നടന്നുവരുകയാണെന്നും സോളിസിറ്റർ ജനറൽ അറിയിച്ചു.

വിമാനയാത്രാ നിരക്കുകളിൽ സുതാര്യത ഉറപ്പാക്കാൻ റെഗുലേറ്ററെ നിയമിക്കണമെന്നും അപ്രതീക്ഷിതമായ നിരക്ക് വ്യതിയാനം നിയന്ത്രിക്കാൻ മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കണമെന്നും ആവശ്യപ്പെട്ട് സാമൂഹിക പ്രവർത്തകൻ എസ്. ലക്ഷ്മിനാരായണൻ സമർപ്പിച്ച ഹർജി പരിഗണിക്കുകയായിരുന്നു സുപ്രീംകോടതി.

1937-ലെ എയർക്രാഫ്റ്റ് നിയമപ്രകാരം ചട്ടങ്ങൾ നിലവിലുണ്ടെന്നും അവ പാലിക്കപ്പെടാത്തതാണ് പ്രശ്നമെന്നും ഹർജിക്കാരനു വേണ്ടി ഹാജരായ മുതിർന്ന അഭിഭാഷകൻ രവീന്ദ്ര ശ്രീവാസ്തവ ചൂണ്ടിക്കാട്ടി. പഴയ നിയമങ്ങൾക്കു പകരം ഭാരതീയ വായുയാൻ അധീനിയം 2024 കഴിഞ്ഞവർഷം ജനുവരിയിൽ നിലവിൽ നിലവിൽ വന്നെന്ന് സോളിസിറ്റർ ജനറൽ ബോധിപ്പിച്ചു. എന്നാൽ, ചട്ടങ്ങൾ രൂപീകരിക്കുന്നതുവരെ പഴയ നിയമങ്ങളാണ് ബാധകമെന്ന് അഡ്വ. ശ്രീവാസ്തവ ചൂണ്ടിക്കാട്ടി. ഡയറക്ടർ ജനറൽ ഓഫ് സിവിൽ ഏവിയേഷൻ (ഡിജിസിഎ) ഇക്കാര്യത്തിൽ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നില്ല.

അധികാരം അവിടെയുണ്ട്. എന്നാൽ പ്രയോജനപ്പെടുന്നില്ലെന്നും അദ്ദേഹം ആരോപിച്ചു. ചട്ടരൂപീകരണം സംബന്ധിച്ച് ചർച്ചകൾ നടന്നുവരുകയാണെന്നു സോളിസിറ്റർ ജനറൽ പറഞ്ഞത് കോടതി രേഖപ്പെടുത്തി. കേന്ദ്രസർക്കാർ സമർപ്പിച്ച എതിർസത്യവാങ്മൂലത്തിനു മറുപടി നല്കാൻ ഹർജിക്കാരനോട് നിർദേശിച്ചു. കേസിൽ ജൂലൈ 12-ന് വീണ്ടും വാദം കേൾക്കും.


# സ്കൂൾ ഫിറ്റ്നസ് സർട്ടിഫിക്കറ്റ്: തദ്ദേശ സ്വയംഭരണ വകുപ്പിന് ചുമതല

കൊച്ചി: ജൂൺ ഒന്നിന് പുതിയ അധ്യയന വർഷം ആരംഭിക്കുന്ന സാഹചര്യത്തിൽ കേരളത്തിലെ സ്കൂളുകളുടെ സുരക്ഷാ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള ചുമതല തദ്ദേശ സ്വയംഭരണ വകുപ്പിന് നൽകി പൊതുവിദ്യാഭ്യാസ വകുപ്പ് ഉത്തരവിറക്കി. സ്കൂൾ കെട്ടിടങ്ങളുടെയും പരിസരത്തിന്റെയും സുരക്ഷ ഉറപ്പാക്കുന്നതിനായുള്ള പുതുക്കിയ മാർഗനിർദേശ പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പിലെ അസിസ്റ്റന്റ് എഞ്ചിനിയർമാരാണ് ഇനി മുതൽ സ്കൂളുകൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകേണ്ടത്.

ഫിറ്റ്നസ് പരിശോധനയ്ക്കായി 17 പോയിന്റുകൾ ഉള്ള വിശദമായ ഒരു ചെക്ക്ലിസ്റ്റും വിദ്യാഭ്യാസ വകുപ്പ് തയാറാക്കി. സ്കൂൾ കെട്ടിടത്തിന്റെ ബലം, ചുറ്റുമതിലിന്റെ സുരക്ഷ, അപകടകരമായ കുഴികളോ ചെരിവുകളോ ഇല്ലാത്ത അവസ്ഥ, മരങ്ങളുടെയും ശിഖരങ്ങളുടെയും സുരക്ഷ എന്നിവ അസിസ്റ്റന്റ് എഞ്ചിനീയർ നേരിട്ട് പരിശോധിച്ച് ഉറപ്പുവരുത്തണം. ആസ്ബസ്റ്റോസ്, ടിൻ, അലൂമിനിയം ഷീറ്റുകൾ പാകിയ മേൽക്കൂരകൾ മാറ്റിയിട്ടുണ്ടെന്നും കിണറുകൾക്കും മറ്റും സുരക്ഷിതമായ സംരക്ഷണ ഭിത്തികൾ ഉണ്ടെന്നും ഉറപ്പാക്കണം.

വൈദ്യുത സുരക്ഷയ്ക്കും ശുചിത്വത്തിനും പ്രത്യേക പ്രാധാന്യമാണു പുതിയ നിർദേശങ്ങളിൽ നൽകിയിരിക്കുന്നത്. സ്കൂളുകളിലെ ഇലക്ട്രിക്കൽ വയറിംഗ് സുരക്ഷിതമാണെന്നും ട്രാൻസ്ഫോർമറുകൾക്ക്ചുറ്റും വേലി കെട്ടിയിട്ടുണ്ടെന്നും അധികൃതർ ഉറപ്പുവരുത്തണം. മതിയായ വെന്റിലേഷനുള്ള വൃത്തിയുള്ള ശൗചാലയങ്ങൾ, കുടിവെള്ള ലഭ്യത, സ്കൂൾ പരിസരത്തെ മാലിന്യ നിർമാർജനം, എലി നശീകരണ പ്രവർത്തനങ്ങൾ എന്നിവ ആരോഗ്യ വിഭാഗം ഉദ്യോഗസ്ഥർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തണം.

സ്കൂൾ വാഹനങ്ങളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് മോട്ടോർ വാഹന വകുപ്പിൽനിന്ന് പ്രത്യേകം കൈപ്പറ്റേണ്ടതുണ്ട്. മാനദണ്ഡങ്ങൾ പാലിക്കാത്ത സ്കൂളുകൾക്കെതിരെ കർശന നടപടി സ്വീകരിക്കാൻ വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദേശം നൽകിയിട്ടുണ്ട്.


Sacred Heart Knanaya Catholic Forane Parish Church
145 E. Grand Ave., Bensenville, IL 60106
SACRED HEART KNANAYA CATHOLIC FORANE CHURCH
PALM SUNDAY SERVICE
Malayalam Mass
Time: 8:00am & 10:00am
145 E GRAND AVE
BENSENVILLE, ILLINOIS 60106
145 E. GRAND
Banquet Hall For Rent
Ideal for Baptism
Engagement
Graduation
Wedding etc.
Capacity upto 400 people
Ample Parking with a Great Ambiance
Sacred Heart Knanaya Catholic Forane Parish Church
145 E. Grand Ave., Bensenville, IL 60106
Contact:
(847) 644-6305


MIDWEST
WINDOWS & DOORS
45% OFF
FOR WINDOWS
40% OFF
FOR DOORS & SIDING
MIDWEST WINDOWS DOORS & SIDING
www.mymidwestwindows.com
Free Estimate Please contact
RAJU NADUVETTIL
Cell: 773 474 9566 | Email: rajuabm@gmail.com


JAIBU MATHEW KULANGARA
& ASSOCIATES
For Personal & Business
TAX SERVICE
Jaibu Mathew Kulangara, E.A.
Entrolled to Practice before IRS
Christine Mathew
Lead Associate
7215 W.Touhy,
Suite 6
CHICAGO, IL 60631
773 792 2117 OFFICE
847 298 0786 HOME
312 718 6337 CELL
773 792 2118 FAX
E-mail:tax@jaibu.com
Web:www.jaibu.com
TAX
Free Electronic Filing

# രാഷ്ട്രീയ പ്രവർത്തനത്തെ പൊതുജന സേവനമായി കണ്ട വ്യക്തിയാണ് ബാബു ചാഴികാടനെന്ന് ജസ്റ്റിസ് സിറിയക് ജോസഫ്



കോട്ടയം: ബാബു ചാഴികാടൻ മൂല്യങ്ങളോട് പ്രതിബദ്ധതയുണ്ടായിരുന്ന യുവജന നേതാവായിരുന്നു. മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് രാഷ്ട്രീയപ്രവർത്തനത്തെ പൊതുജന സേവനമായി കണ്ട വ്യക്തിയാണ് ബാബു. ജീവിച്ചിരുന്നെങ്കിൽ കേരള രാഷ്ട്രീയരംഗത്ത് വലിയ സംഭാവനകൾ നല്കുവാൻ പ്രാപ്തനുമായിരുന്നു ബാബു ചാഴികാടൻ.

ബാബു ചാഴികാടന്റെ 35-ാമത് ചരമവാർഷികത്തോടനുബന്ധിച്ചുള്ള അനുസ്മരണ സമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു ജസ്റ്റിസ് സിറിയക് ജോസഫ്. ബാബു ചാഴികാടൻ ഫൗണ്ടേഷൻ സംഘടിപ്പിച്ച യോഗത്തിൽ ജോസ് കെ. മാണി എംപി അദ്ധ്യക്ഷത വഹിച്ചു. ഫൗണ്ടേഷൻ ചെയർമാൻ തോമസ് ചാഴികാടൻ, ജോബ് മൈക്കിൾ എക്സ് എംഎൽഎ, സ്റ്റീഫൻ ജോർജ് എക്സ് എംഎൽഎ, കേരള കോൺഗ്രസ്(എം) ജില്ലാ പ്രസിഡണ്ട് ലോപ്പസ് മാത്യു, യൂത്ത്ഫ്രണ്ട് (എം) സംസ്ഥാന പ്രസിഡണ്ട് സിറിയക് ചാഴികാടൻ, ജോസ് പുത്തൻകാല, നിർമ്മല ജിമ്മി, ജോസ് ഇടവഴിക്കൽ, എൻ.എ. മാത്യു, ഫൗണ്ടേഷൻ സെക്രട്ടറി ബെന്നി തടത്തിൽ എന്നിവർ പ്രസംഗിച്ചു.

അനുസ്മരണ സമ്മേളനത്തിനു മുൻപ് വാരിമുട്ടത്തെ ബാബു ചാഴികാടൻ സ്മൃതിമണ്ഡപത്തിൽ കേരള കോൺഗ്രസ്(എം) പാർട്ടിയുടെ നേതൃത്വത്തിൽ പുഷ്പാർച്ചനയും നടത്തി.





# കമ്മീഷൻ നിഷ്പക്ഷത കാണിക്കണം: കേന്ദ്രത്തിനെതിരെ സുപ്രീംകോടതി

ന്യൂഡൽഹി: തെരഞ്ഞെടുപ്പ് കമ്മീഷണർമാരെ നിയമിക്കാനുള്ള സമിതിയിൽ ഒരു നിഷ്പക്ഷ അംഗത്തെ ഉൾപ്പെടുത്താത്തത് എന്തുകൊണ്ടാണെന്ന് കേന്ദ്രസർക്കാരിനോട് സുപ്രീംകോടതി.

സിബിഐ ഡയറക്ടറെ നിയമിക്കാനുള്ള സമിതിയിൽ ചീഫ് ജസ്റ്റിസുള്ളപ്പോൾ തെരഞ്ഞെടുപ്പ് കമ്മീഷണർമാരെ നിയമിക്കുന്ന സമിതിയിൽ നിഷ്പക്ഷ അംഗം വേണ്ടതല്ലേയെന്നും ജസ്റ്റിസുമാരായ ദീപാങ്കർ മേത്ത, സതീഷ് ചന്ദ്ര ശർമ എന്നിവരുടെ ബെഞ്ച് ചോദിച്ചു. തെരഞ്ഞെടുപ്പു കമ്മീഷൻ നിഷ്പക്ഷമായിരിക്കുക മാത്രമല്ല, നിഷ്പക്ഷത തോന്നിക്കുക വേണമെന്നും നിരീക്ഷിച്ചു.

കമ്മീഷണർമാരുടെ നിയമനത്തിന് ചീഫ് ജസ്റ്റിസിനെ ഒഴിവാക്കി കേന്ദ്ര സർക്കാർ കൊണ്ടുവന്ന പുതിയ നിയമത്തെ എതിർക്കുന്ന ഹർജികളുടെ വാദത്തിനിടെയായിരുന്നു കോടതിയുടെ ചോദ്യം.

ക്രമസമാധാന പാലനത്തിനുള്ള സിബിഐ ഡയറക്ടറുടെ നിയമനത്തിൽ ചീഫ് ജസ്റ്റിസുണ്ട്. എന്നാൽ, ശുദ്ധമായ തെരഞ്ഞെടുപ്പ് ഉറപ്പാക്കാൻ അതില്ല. ചീഫ് ജസ്റ്റിസ് സമിതിയിൽ വേണമെന്നല്ല പറയുന്നത്; എങ്കിലും നിഷ്പക്ഷമായ ഒരംഗം എന്തുകൊണ്ട് പാടില്ല.

മൂന്നംഗ സമിതിയിൽ പ്രധാനമന്ത്രിയും പ്രതിപക്ഷ നേതാവുമല്ലാതെയുള്ളത് കേന്ദ്രമന്ത്രിയാണ്. വിയോജിപ്പുകളിൽ പ്രതിപക്ഷ നേതാവിനൊപ്പം കേന്ദ്രമന്ത്രി നിൽക്കാനിടയില്ലല്ലോയെന്നും കോടതി പറഞ്ഞു.

പ്രായോഗികമായി അതിന് സാധ്യതയില്ലെന്ന് കേന്ദ്രത്തിനു വേണ്ടി ഹാജരായ അറ്റോർണി ജനറൽ ആർ. വെങ്കിട്ടരമണി മറുപടി നൽകി. അപ്പോൾ എല്ലാം സർക്കാർ നിയന്ത്രിക്കുകയാവില്ലേ. അങ്ങനെയെങ്കിൽ എന്തിനാണ് ആലങ്കാരികമായി പ്രതിപക്ഷ നേതാവിനെ ഉൾപ്പെടുത്തിയിരിക്കുന്നത്.

എന്തായാലും, സമിതിയിൽ തീരുമാനം രണ്ട്, ഒന്ന് അനുപാതത്തിലാകുമല്ലോ. എന്തിനാണ് നിഷ്പക്ഷത കാണിക്കാനായി ഇത്തരം നടപടിയെന്നും കോടതി ചോദിച്ചു.






# ബെൻസൻവിൽ തിരുഹൃദയ ദേവാലയത്തിൽ മദേഴ്സ്ഡേ ആഘോഷിച്ചു









**ലിൻസ് താന്നിച്ചുവട്ടിൽ**

ചിക്കാഗോ: ബെൻസൻവിൽ തിരുഹൃദയ ഫൊറോനാ ദേവാലയത്തിൽ മദേഴ്സ്ഡേ ആഘോഷം വർണാഭമായി. മെയ് 10-ന് ഞായറാഴ്ച ഫാ. തോമസ് മുളവനാലിന്റെ മുഖ്യകാർമ്മികത്വത്തിൽ അർപ്പിക്കപ്പെട്ട വിശുദ്ധ കുർബാനയ്ക്കു ശേഷം ദേവാലയത്തിൽ വെച്ച് എൺപതു വയസിനു മുകളിൽ പ്രായമായ അമ്മമാരേയും ഈ വർഷം ആദ്യമായി അമ്മമാരായവരേയും സവിശേഷമായി ആദരിച്ചു. തുടർന്ന് എല്ലാ മാതാക്കളേയും മാതൃസ്ഥാനീയരേയും ഇടവകയുടെ പേരിൽ സ്നേഹാശംസകൾ പങ്കുവെച്ച് പൂക്കൾ നല്കി ആദരിച്ചു. കേക്കു മുറിച്ച് മാതൃദിനത്തിന്റെ മധുരം എല്ലാവർക്കുമൊപ്പം പങ്കുവെച്ചു. തുടർന്ന് എല്ലാ അമ്മമാരേയും ഉൾപ്പെടുത്തിക്കൊണ്ടുള്ള വിവിധ കലാപരിപാടികളും ഉച്ചഭക്ഷണവും ഹാളിൽ ക്രമീകരിച്ചു.

മദേഴ്സ്ഡേ ആഘോഷങ്ങൾ മെൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ വിമൻസ് മിനിസ്ട്രിയുടെ സഹകരണത്തോടെയാണ് നടത്തിയത്. കോ-ഓർഡിനേറ്റർമാരായ ജോബി ഓളിയിൽ, കൂടാരയോഗ കോ-ഓർഡിനേറ്റർമാർ, ഇടവക എക്സിക്യൂട്ടീവ് എന്നിവരുടെ നേതൃത്വത്തിൽ സംഘടിപ്പിക്കപ്പെട്ട ആഘോഷങ്ങളുടെ ഭാഗമായി വിമൻസ് മിനിസ്ട്രി വെറൈറ്റി എന്റർടൈൻമെന്റ്സ് ക്രമീകരിച്ച ഈ കൂട്ടായ്മയിൽ ആദ്യന്തം പങ്കെടുത്ത് എല്ലാ അമ്മമാരെയും ആദരിക്കാൻ മുന്നിട്ടിറങ്ങിയ ഏവരേയും അനുമോദിക്കുന്നതായി വികാരി ഫാ. ഏബ്രഹാം കളരിക്കൽ അറിയിച്ചു.

## ഇന്ത്യയിൽ 500 കോടി ഡോളർ നിക്ഷേപിക്കാൻ യുഎഇ

അബുദാബി: പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ യുഎഇ സന്ദർശനവേളയിൽ ഇന്ധനം, പ്രതിരോധം, ഷിപ്പിങ് എന്നീ മേഖലകളിൽ സുപ്രധാന കരാറുകൾ ഒപ്പുവെച്ചു. ഇന്ത്യയിൽ 500 കോടി ഡോളറിന്റെ (ഏകദേശം 47,964 കോടി രൂപ) നിക്ഷേപങ്ങൾ നടത്തുമെന്ന് യുഎഇ വാഗ്ദാനം ചെയ്തു. യുഎഇ പ്രസിഡണ്ട് ശൈഖ് മുഹമ്മദ് ബിൻ അൽ നഹ്യാനുമായി പ്രധാനമന്ത്രി നരേന്ദ്രമോദി ചർച്ച നടത്തി. പശ്ചിമേഷ്യയിൽ സമാധാനം കൊണ്ടുവരാൻ സാധ്യമായ എല്ലാ പിന്തുണയും നൽകാൻ ഇന്ത്യ തയ്യാറാണെന്ന് മോദി അറിയിച്ചു.

ഏഴു പ്രധാന ഉടമ്പടികളിലാണ് ഇന്ത്യയും യുഎഇയും മെയ് 15-ന് വെള്ളിയാഴ്ച ഒപ്പിട്ടത്. ഊർജസുരക്ഷ ബലപ്പെടുത്തുന്നതിനായി ഇന്ത്യൻ സ്ട്രാറ്റജിക് പെട്രോളിയം റിസർവ്ഡ് ലിമിറ്റഡും അബുദാബി നാഷണൽ ഓയിൽ കമ്പനിയും തമ്മിലുള്ള കരാറാണ് ഇതിൽ ഒന്ന്. മൂന്നു ലക്ഷം വീപ്പ വരുന്ന ഇന്ത്യയുടെ തന്ത്രപ്രധാന പെട്രോളിയം ശേഖരത്തിൽ യുഎഇയുടെ പങ്കാളിത്തം വിപുലമാക്കും. ഇന്ത്യക്ക് ദീർഘകാലത്തേക്ക് എൽപിജി ഉറപ്പാക്കുന്ന സഹകരണപദ്ധതിയിലും ഇരുരാജ്യങ്ങളും ഒപ്പിട്ടു.

പ്രതിരോധ വ്യാപാരരംഗത്തെ സഹകരണം, സാങ്കേതികവിദ്യാ കൈമാറ്റം, നൂതന കണ്ടെത്തലുകൾ, പ്രാദേശിക സുരക്ഷാരംഗത്തെ സഹകരണം എന്നിവയിൽ ഊന്നിയുള്ള പ്രതിരോധസഹകരണ കരാറിന്റെ പ്രാരംഭരൂപരേഖയിലും ഇന്ത്യയും യുഎഇയും ഒപ്പുവെച്ചു.

ഇന്ത്യയിലെ അടിസ്ഥാനസൗകര്യ വികസനമേഖലയിലും ബാങ്കിങ് രംഗത്തുമാണ് യുഎഇ 500 കോടി ഡോളർ നിക്ഷേപിക്കുന്നത്. ഗുജറാത്തിലെ വഡിനാറിൽ കപ്പൽ അറ്റകുറ്റപ്പണിശാലയുണ്ടാക്കൽ, തുറമുഖ-തീരദേശ അടിസ്ഥാനസൗകര്യരംഗത്തെ സഹകരണം, കപ്പൽ അറ്റകുറ്റപ്പണിക്കുവേണ്ട നൈപുണിവികസനം എന്നീ മേഖലകളിലും ഇന്ത്യ യുഎഇയുമായി കരാറുണ്ടാക്കിയിട്ടുണ്ട്.

ഇതുകൂടാതെ സൂപ്പർ കംപ്യൂട്ടിങ് ക്ലസ്റ്റർ സ്ഥാപിക്കാൻ ധാരണയുമുണ്ടാക്കി. യുഎസ്-ഇസ്രയേൽ ആക്രമണത്തിനു തിരിച്ചടിയായി ഇറാൻ യുഎഇക്കു നേരെ നടത്തിയ ആക്രമണങ്ങളെ ഇന്ത്യ അപലപിക്കുന്നതായി മോദി പറഞ്ഞു.

പ്രസിഡണ്ട് അൽ നഹ്യാൻ അബുദാബി വിമാനത്താവളത്തിൽ നേരിട്ടെത്തി മോദിയെ സ്വീകരിച്ചു. യുഎഇയിൽനിന്ന് നെതർലൻഡ്സിലേക്കു പോയ മോദി, സ്വീഡൻ, നോർവേ, ഇറ്റലി എന്നീ രാജ്യങ്ങളും സന്ദർശിക്കും.

## സസ്യലോകത്ത് പുതിയ സുന്ദരി



തേഞ്ഞിപ്പലം: പശ്ചിമഘട്ടത്തിൽ നിന്ന് പുതിയൊരു സസ്യത്തെക്കൂടി തിരിച്ചറിഞ്ഞ് കാലിക്കട്ട് സർവകലാശാലയിലെയും ബൊട്ടാണിക്കൽ സർവേ ഓഫ് ഇന്ത്യയിലെയും ഗവേഷകർ. ഇടുക്കി ജില്ലയിലെ മാങ്കുളം, കല്ലാർ തുടങ്ങിയ പ്രദേശങ്ങളിൽ 1380 മുതൽ 1480 മീറ്റർ വരെയുള്ള ഉയരത്തിൽ നിന്നാണ് മെലാസ്റ്റോമറ്റേസിയെ സസ്യകുടുംബത്തിലെ 'സുന്ദരിയില' എന്നറിയപ്പെടുന്ന സോണറില ജനുസിൽപ്പെട്ട സസ്യത്തെ കണ്ടെത്തിയത്.

കാലിക്കട്ട് സർവകലാശാല സസ്യശാസ്ത്ര വിഭാഗം മുൻ മേധാവിയും സീനിയർ പ്രഫസറുമായിരുന്ന ഡോ. സന്തോഷ് നമ്പി, കാലിക്കട്ട് സർവകലാശാലാ മുൻ ഗവേഷകയും നിലവിൽ ബോട്ടാണിക്കൽ സർവേ ഓഫ് ഇന്ത്യയിലെ റിസർച്ച് അസോസിയേറ്റുമായ ഡോ. എസ്. രശ്മി, ബോട്ടാണിക്കൽ സർവേ ഓഫ് ഇന്ത്യയിലെ ശാസ്ത്രജ്ഞൻ ഡോ. കെ. കാർത്തികേയൻ, കാലിക്കട്ട് സർവകലാശാല ഗവേഷകയായിരുന്ന ഡോ. ഡാനി ഫ്രാൻസിസ്, ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളജിലെ ബോട്ടണി വിഭാഗം അദ്ധ്യാപകൻ ഡോ. വിഷ്ണു മോഹൻ എന്നിവരടങ്ങുന്ന ഗവേഷകരാണ് പുതിയ സസ്യത്തെ കണ്ടെത്തിയത്.

ഫിൻലാൻഡിൽ നിന്നു പ്രസിദ്ധീകരിക്കുന്ന അന്താരാഷ്ട്ര ജേർണലായ 'അനൽസ് ബോട്ടണിസി' ഫെന്നിസിയിൽ കണ്ടെത്തലിന്റെ വിശദാംശങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. സോണറില ജെറൂസിനെ സസ്യലോകത്തിനു പരിചയപ്പെടുത്തിയ ഇന്ത്യൻ സസ്യശാസ്ത്രത്തിന്റെ പിതാവായി അറിയപ്പെടുന്ന വില്യം റോക്സ്ബർഗിനോടുള്ള ആദരസൂചകമായി 'സോണറില റോക്സ്ബർഗി' എന്നാണ് ഇതിനുശാസ്ത്രീയനാമം നല്കിയിരിക്കുന്നത്.

അറുപത് സെന്റിമീറ്റർ വരെ ഉയരത്തിൽ വളരുന്ന സസ്യകാണ്ഡവും ഇളം പിങ്ക് നിറത്തോടു കൂടിയ പൂക്കളും ക്രമേണ നേർത്ത് ഞെട്ടിനോടു ചേർന്നു വളരുന്ന ഇലയുടെ മിനുസമേറിയ പരന്നഭാഗവും സോണറില റോക്സ്ബർഗിയെ വ്യത്യസ്തമാക്കുന്നു. പുതിയ കണ്ടെത്തലിന്റെ ഭാഗമായി അതിതീവ്ര വംശനാശഭീഷണി നേരിടുന്ന സസ്യങ്ങളുടെ പട്ടികയിൽ ഈ സസ്യത്തെ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇന്ത്യയിൽ സോണറില ജനുസിന്റെ അമ്പതോളം സ്പീഷീസുകളുണ്ട്.

# കേരളത്തിൽ എസ്എസ്എൽസി വിജയം 99.07 ശതമാനം

തിരുവനന്തപുരം: എസ്എസ്എൽസി പരീക്ഷാഫലം പ്രഖ്യാപിച്ചു. 99.07 ശതമാനം വിദ്യാർത്ഥികൾ ഉപരിപഠന യോഗ്യത നേടി. എസ്എസ്എൽസി റെഗുലർ പരീക്ഷ എഴുതിയ 4,14,456 വിദ്യാർത്ഥികളാണ് ഉപരിപഠന യോഗ്യത നേടിയത്. വിജയ ശതമാനത്തിൽ കഴിഞ്ഞ വർഷത്തേക്കാൾ 0.43 ശതമാനത്തിന്റെ കുറവുണ്ടായി. എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടിയത് 30,514 വിദ്യാർത്ഥികളാണ്. കഴിഞ്ഞ വർഷം മുഴുവൻ വിഷയങ്ങൾക്കും എ പ്ലസ് നേട്ടം സ്വന്തമാക്കിയത് 61,449 വിദ്യാർത്ഥികളായിരുന്നു. ആകെ പരീക്ഷ എഴുതിയ 2,10,727 ആൺകുട്ടികളിൽ 208474 ഉപരിപഠന യോഗ്യത നേടിയപ്പോൾ 2,03,563 പെൺകുട്ടികളിൽ 2,01,982 പേർ ഉപരിപഠന യോഗ്യരായി. എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേട്ടം സ്വന്തമാക്കിയവരിൽ 20,771 പെൺകുട്ടികളും 9,743 ആൺകുട്ടികളുമാണ് ഉൾപ്പെടുന്നത്. എസ്എസ്എൽസി പ്രൈവറ്റ് പഴയ സ്കീം പരീക്ഷ എഴുതിയ 251 വിദ്യാർത്ഥികളിൽ 189 പേർ വിജയിച്ചു. എസ്സി വിഭാഗത്തിൽ 39,391-ൽ 38,535 പേരും എസ്ടി വിഭാഗത്തിൽ 7,172-ൽ 7,022 പേരും ഉപരിപഠനത്തിന് യോഗ്യത നേടി. ലക്ഷദ്വീപ് മേഖലയിൽ 97.67 ശതമാനമാണ് വിജയം. ഗൾഫിലെ 631 കുട്ടികളും ഉപരിപഠന യോഗ്യത നേടി നൂറുശതമാനം വിജയനേട്ടത്തിന് അർഹരായി.

പശ്ചിമേഷ്യൻ സംഘർഷത്തെത്തുടർന്ന് ഗൾഫ് മേഖലയിലെ പരീക്ഷകൾ റദ്ദാക്കിയിരുന്നു. ഇവർക്ക് മോഡൽ പരീക്ഷയുടെ മാർക്ക് അടിസ്ഥാനമാക്കി നിശ്ചിത ശതമാനം ഗ്രേസ്മാർക്കുകൂടി ഉൾപ്പെടുത്തി ഫലം നിർണയിച്ചത് എസ്എസ്എൽസി ഹിയറിംഗ് ഇംപയേർഡിൽ 233 വിദ്യാർത്ഥികൾ പരീക്ഷ എഴുതി; എല്ലാവരും വിജയിച്ചു. ടിഎച്ച്എസ്എൽസിയിൽ 2683 പേർ പരീക്ഷ എഴുതി; 2649 പേർ വിജയിച്ചു.

ഡിഎച്ച്എസ്എൽസി ഹിയറിംഗ് ഇംപേർഡിൽ ഏഴു വിദ്യാർത്ഥികൾ പരീക്ഷയെഴുതി; എല്ലാവരും വിജയിച്ചു. എഎച്ച്എസ്എൽസിയിൽ 74 വിദ്യാർത്ഥികൾ പരീക്ഷ എഴുതിയതിൽ 73 പേരും വിജയിച്ചു.

# കെട്ടിടങ്ങൾക്ക് ഇനി സ്റ്റാർ റേറ്റിങ്: ട്രായ് ചട്ടം പരിഷ്കരിച്ചു

ന്യൂഡൽഹി: ഡിജിറ്റൽ കണക്റ്റിവിറ്റിയുടെ അടിസ്ഥാനത്തിൽ പൊതു-സ്വകാര്യ കെട്ടിടങ്ങൾക്ക് സ്റ്റാർ റേറ്റിങ് നൽകാനുള്ള ചട്ടം ടെലികോം റെഗുലേറ്ററി അതോറിറ്റി (ട്രായ്) പരിഷ്കരിച്ചു. കൂടുതൽ മെച്ചപ്പെട്ട ഡിജിറ്റൽ കണക്ടിവിറ്റി സൗകര്യങ്ങൾ ഒരുക്കുന്ന കെട്ടിടങ്ങൾക്ക് റിയൽ എസ്റ്റേറ്റ് മേഖലയിൽ ആവശ്യം ഏറുമെന്നാണ് ട്രായ് വിലയിരുത്തൽ. നിലവിൽ ഒന്ന് മുതൽ അഞ്ച് വരെയാണ് സ്റ്റാർ റേറ്റിങ്. ഇത് ഒന്ന് മുതൽ ഒൻപത് വരെയാക്കി വർധിപ്പിച്ചു. നിലവിൽ പുതിയ കെട്ടിടങ്ങളുടെ നിർമാണം പൂർത്തീകരിച്ചു കഴിയുമ്പോഴാണ് റേറ്റിങ് നൽകുന്നത്. പലപ്പോഴും നിർമാണം തുടങ്ങുമ്പോൾ തന്നെ ഫ്ളാറ്റുകൾ വിറ്റുപോകാറുണ്ട്. അതുകൊണ്ട് നിർമാണഘട്ടത്തിൽ തന്നെ ഭാഗികമായ സർട്ടിഫിക്കേഷൻ ഇനി നൽകും. നിലവിലുള്ള കെട്ടിടങ്ങൾക്ക് റേറ്റിങ്ങിലേക്കു ആദ്യമേ നീങ്ങാതെ ഡിജിറ്റൽ കണക്ടിവിറ്റി വിലയിരുത്താൻ പ്രത്യേക ഓഡിറ്റ് സൗകര്യംഏർപ്പെടുത്തി. കുറവുകൾ പരിഹരിച്ച ശേഷം റേറ്റിങ്ങിലേക്ക് നീങ്ങിയാൽ മതി.


# മകൾ വിവാഹിതയായാലും കന്യാസ്ത്രീയായാലും ഭൂമി മകന്: വ്യവസ്ഥ റദ്ദാക്കി ഹൈക്കോടതി

കൊച്ചി: മകൾ വിവാഹിതയോ കന്യാസ്ത്രീയോ ആയാൽ അവർക്കു നൽകിയ ഭൂമി മകനു ലഭിക്കുമെന്ന പിതാവിന്റെ ധനനിശ്ചയ ആധാരത്തിലെ വ്യവസ്ഥ നിലനിൽക്കില്ലെന്നു ഹൈക്കോടതി. ഈ വ്യവസ്ഥ പ്രകാരം സഹോദരിയുടെ വിഹിതം സ്വന്തം പേരിലാക്കിയ വൈക്കം സ്വദേശിയുടെ അപ്പീൽ തള്ളിയ ഉത്തരവിലാണ് ജസ്റ്റിസ് എസ്. ഈശ്വരൻ ഇക്കാര്യം വ്യക്തമാക്കിയത്.

അപ്പീൽ ഹർജിക്കാരന്റെ സഹോദരിക്ക് 1965-ൽ ധനനിശ്ചയ ആധാരപ്രകാരം പിതാവ് 10 സെന്റ് സ്ഥലം നൽകി. എന്നാൽ വിവാഹം കഴിക്കുകയോ കന്യാസ്ത്രീയാകുകയോ ചെയ്താൽ ഈ സ്വത്തിലുള്ള അവകാശം ഇല്ലാതാകുമെന്നും സഹോദരനു ലഭിക്കുമെന്നും വ്യവസ്ഥയുണ്ടായിരുന്നു. 1973-ൽ സഹോദരി വിവാഹിതയായി. പിതാവ് 1983-ൽ മരിച്ചു. സഹോദരി വിദേശത്തേക്കും പോയി. തുടർന്ന് സഹോദരൻ സ്ഥലം തന്റെപേരിൽ പോക്കുവരവ് ചെയ്തു. ഇതിനെതിരെ സഹോദരി മുൻസിഫ് കോടതിയെ സമീപിച്ചെങ്കിലും അനുകൂല ഉത്തരവുണ്ടായില്ല. അപ്പീലിൽ കോട്ടയം അഡീഷണൽ ജില്ലാ കോടതി അനുകൂലമായി വിധിച്ചു. ഇതിനെതിരെയാണ് സഹോദരൻ ഹൈക്കോടതിയെ സമീപിച്ചത്.

സ്വത്ത് കൈമാറ്റ നിയമം പ്രകാരം നിയമം വിലക്കിയതും പൊതുനയത്തിന് എതിരായതുമായ വ്യവസ്ഥ അസാധുവും നടപ്പിലാക്കാൻ കഴിയാത്തതുമാണെന്നു കോടതി വിലയിരുത്തി. മകൾ വിവാഹം കഴിച്ചാലോ, കന്യാസ്ത്രീയായാലോ സ്വത്ത് മകനു തിരിച്ചെത്തുമെന്ന വ്യവസ്ഥ അസാധുവാണ്. പൂർണമായ കൈമാറ്റമാണ് ഇക്കാര്യത്തിൽ നടന്നിരിക്കുന്നതെന്നു കോടതി ചൂണ്ടിക്കാട്ടി. ഇന്ത്യൻ കരാർ നിയമപ്രകാരവും ധനനിശ്ചയ ആധാരത്തിലെ വ്യവസ്ഥ അസാധുവാണ്. ലഭിച്ച 10 സെന്റിൽ ഹർജിക്കാരന്റെ സഹോദരിക്ക് പൂർണ അവകാശമുണ്ടെന്നും കോടതി വ്യക്തമാക്കി.

# ഹൂസ്റ്റണിൽ അന്തരിച്ച കട്ടപ്പുറം തോമസിന്റെ സംസ്കാരം മെയ് 20-ന് ബുധനാഴ്ച



ഹൂസ്റ്റൺ: ഹൂസ്റ്റണിൽ അന്തരിച്ച മാഞ്ഞൂർ ചാമക്കാലാ സ്വദേശി കട്ടപ്പുറം തോമസിന്റെ (70) സംസ്കാരം മെയ് 20-ന് ബുധനാഴ്ച നടത്തപ്പെടും. സെന്റ് ജോസഫ് സീറോമലബാർ പള്ളിയിൽ (211 Present St, Missouri City, TX 77489) രാവിലെ 9 മണി മുതൽ 10 മണി വരെ പൊതുദർശനം. തുടർന്ന് ദിവ്യബലിയും പ്രാർത്ഥനാശുശ്രൂഷകളും. പിയർലാൻഡിലുള്ള സൗത്ത് പാർക്ക് സെമിത്തേരിയിൽ സംസ്കാരം നടക്കും. സംസ്കാരത്തിനുശേഷം സെന്റ് ജോസഫ് പള്ളിയിൽ മന്ത്രായും ഉണ്ടായിരിക്കും. **ഭാര്യ:** ലാലി മാത്യു. **മക്കൾ:** ഡാലി (അപ്പു) തോമസ് & മീറ്റി ഏബ്രഹാം, ഡിലു (മണി) തോമസ് & സ്റ്റെഫി ജോൺ, റ്റാനിയ (ധന്യ) തോമസ് & ജോബിൻ തോമസ്. **മാതാപിതാക്കൾ:** മാഞ്ഞൂർ ചാമക്കാലാ കെ.സി. ജോൺ കട്ടപ്പുറം & ചാച്ചി. **സഹോദരങ്ങൾ:** പരേതനായ ചാക്കോച്ചൻ കട്ടപ്പുറം, ലൂക്കോസ് കട്ടപ്പുറം (കാനഡ), മരിയ കുടിലിൽ (പിറവം), പോപ്പച്ചൻ കട്ടപ്പുറം (യുകെ), സിറിൾ കട്ടപ്പുറം (ചിക്കാഗോ), ജൂഡ് കട്ടപ്പുറം (ഡാളസ്), അനില കൊണ്ടൂർ (ഹൂസ്റ്റൺ).

# വൈദ്യുതി ഫിക്സഡ് ചാർജ് വർധിപ്പിച്ച് കേന്ദ്രം

തിരുവനന്തപുരം: വൈദ്യുതി ബില്ലിലെ ഫിക്സഡ് ചാർജ് വർധിപ്പിക്കണമെന്നു കേന്ദ്ര വൈദ്യുതി അതോറിറ്റിയുടെ (സിഇഎ) നിർദേശം. പുതിയ സർക്കാരിനും ഉപയോക്താക്കൾക്കും 'ഇരുട്ടടി'യായേക്കും. ഉപയോഗം കുറച്ച് വൈദ്യുതി ബിൽ കുറയ്ക്കാൻ ശ്രമിക്കുന്ന സാധാരണ ഉപയോക്താക്കൾക്ക് ഇരട്ടിഭാരം നൽകുന്നതാണ് സിഇഎയുടെ ശിപാർശ. ഉപയോക്താക്കൾ വൈദ്യുത ഉപയോഗം കുറയ്ക്കുന്നതിലൂടെ കെഎസ്ഇബി ഉൾപ്പെടെയുള്ള വൈദ്യുതി വിതരണ കമ്പനികൾക്കുണ്ടാകുന്ന നഷ്ടം കുറയ്ക്കുകയാണു ലക്ഷ്യം. സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷനാണ് ഇക്കാര്യത്തിൽ തീരുമാനവും നടപ്പാക്കേണ്ട രീതിയും നിശ്ചയിച്ച് ഉത്തരവിറക്കേണ്ടത്.

കേരളത്തിൽ വൈദ്യുതി ഉപയോഗം അനുസരിച്ച് നിശ്ചയിച്ചിരിക്കുന്ന സ്ലാബ് അടിസ്ഥാനമാക്കിയാണു ഫിക്സഡ് ചാർജ് ഈടാക്കുന്നത്. കുറഞ്ഞ വൈദ്യുതി ഉപയോഗിക്കുന്നവർക്ക് കുറവും കൂടുതൽ വൈദ്യുതി ഉപയോഗിക്കുന്നവർക്ക് ഉയർന്നതുമാണു ഫിക്സഡ് ചാർജ് ഉപയോക്താവിന്റെ കണക്ടഡ് ലോഡ് അല്ലെങ്കിൽ തുടർച്ചയായി പീക്ക് സമയത്തെ വൈദ്യുതി ആവശ്യകത ഇവയിൽ ഏതാണോ കൂടുതൽ എന്നതു നോക്കി ഫിക്സഡ് ചാർജ് നിശ്ചയിക്കണമെന്നാണ് സിഇഎ ശിപാർശ.

വൈദ്യുതിയുടെ വില പൂർണമായും എനർജി ചാർജ് ആയി ഈടാക്കുകയും വൈദ്യുതി വിതരണ കമ്പനികൾക്കു മറ്റുതരത്തിലുണ്ടാകുന്ന എല്ലാ ചെലവുകളും പൂർണമായി ഫിക്സഡ് ചാർജിലൂടെ ഈടാക്കുകയും ചെയ്യണം. കേരളത്തിൽ ഇത് എനർജി ചാർജിലും ഫിക്സഡ് ചാർജിലുമായി ക്രമീകരിക്കുകയാണു ചെയ്യുന്നത്. 2003-ഓടെ ഗാർഹിക ഉപയോക്താക്കൾക്കു വൈദ്യുതി നൽകാനുള്ള ചെലവിന്റെ 25 ശതമാനവും 2035-ൽ 50 ശതമാനവും ഫിക്സഡ് ചാർജിൽനിന്ന് ഈടാക്കണമെന്നാണ് നിർദേശം. വ്യവസായങ്ങൾക്ക് ഇത് 100 ശതമാനം ആണ്.

സോളർ നെറ്റ് മീറ്ററിങ് ഉപയോഗിക്കുന്ന ഉപയോക്താക്കൾക്കു പ്രത്യേക താരിഫ് ഏർപ്പെടുത്തണമെന്നും നിർദേശമുണ്ട്.

കണക്ടഡ് ലോഡിനു തുല്യമായോ അതിൽ കൂടുതലോ വൈദ്യുതി ഉപയോഗിക്കുന്നവർക്ക് ഈ വ്യവസ്ഥ ലാഭകരമാകാനാണു സാധ്യത. ഫിക്സഡ് ചാർജ് ഏകീകരിക്കുമ്പോൾ വൈദ്യുതി നിരക്ക് (എനർജി ചാർജ്) സ്വാഭാവികമായി കുറയും. കൂടുതൽ വൈദ്യുതി ഉപയോഗിക്കുന്നവർക്ക് ഫിക്സഡ് ചാർജ് വർധിക്കുമ്പോഴും എനർജി ചാർജ് കുറയുന്നതിലൂടെ ആകെ വൈദ്യുതി നിരക്ക് ഇപ്പോഴുള്ളതിനു തുല്യമായോ കുറഞ്ഞോ വരാനാണു സാധ്യത.






# എച്ച്എഫ്എച്ച് അലൂംമ്നി അസോസിയേഷൻ എക്സിക്യൂട്ടീവ് ടീം സ്ഥാനമേറ്റു; ഷേർലി നെല്ലാമറ്റം പ്രസിഡണ്ട്

വിൻസന്റ് ഇമ്മാനുവൽ

ചിക്കാഗോ: ജമൈക്കയിൽ നടന്ന ഹോളി ഫാമിലി ഹോസ്പിറ്റൽ (എച്ച്എഫ്എച്ച്) അലൂംമ്നി റീയൂണിയൻ 2026 അലൂംമ്നി അസോസിയേഷന്റെ ഭാവി രൂപപ്പെടുത്തുന്ന നിർണായക ഘട്ടം കൂടിയായിരുന്നു, സൗഹൃദത്തിന്റെയും ഓർമ്മകളുടെയും ആഘോഷങ്ങൾക്കിടെ മൂന്നാം ദിവസം നടന്ന ജനറൽ ബോഡി യോഗത്തിൽ പുതിയ എക്സിക്യൂട്ടീവ് ടീമിനെ തെരഞ്ഞെടുത്തു. യോഗത്തിൽ വിവിധ റിപ്പോർട്ടുകളും ഭാവി പദ്ധതികളും അവതരിപ്പിച്ചു. പ്രസിഡൻഷ്യൽ അഡ്രസ്-ആഗ്നസ് മാത്യു, ഷേർലി നെല്ലാമറ്റം സെക്രട്ടറി-റിപ്പോർട്ട്, ട്രഷറർ റിപ്പോർട്ട്-ജോയി തട്ടാർകുന്നേൽ, നന്ദി-തോമസ് തറയിൽ എന്നിവരായിരുന്നു. 1983-1986 ബാച്ചിലെ ഡെയ്സി ബേബി ആയിരുന്നു പരിപാടിയുടെ അവതാരക.

പ്രസിഡണ്ട്-ഷേർലി മാത്യു നെല്ലാമറ്റം (ചിക്കാഗോ), വൈസ് പ്രസിഡണ്ട്-മേഴ്സി ബേബി (ന്യൂയോർക്ക്), സെക്രട്ടറി ബ്രിജിറ്റ് മാത്യു (ഹൂസ്റ്റൺ), ജോയിന്റ് സെക്രട്ടറി-ലീല ജയചന്ദ്രൻ (ഹൂസ്റ്റൺ), ട്രഷറർ-ജോയി വർക്കി (ഫ്ളോറിഡ), റീയൂണിയൻ ചെയർമാൻ-ഷാജി ചെറിയാൻ (എഡ്മണ്ട്-കാനഡ) എന്നിവരെ പുതിയ എക്സിക്യൂട്ടീവ് ഭാരവാഹികളായി തെരഞ്ഞെടുത്തു.

ആഗോള അലൂംമ്നി ബന്ധം ശക്തിപ്പെടുത്തുക, വിവിധ രാജ്യങ്ങളിലുള്ള അലൂംമിനികളെ കൂടുതൽ സജീവമായി ബന്ധിപ്പിക്കുന്ന പദ്ധതികൾ ആരംഭിക്കുക, ഭാവിയിലെ റീ യൂണിയനുകൾ കൂടുതൽ ശക്തമാക്കുക, ജമൈക്ക റീയൂണിയന്റെ വിജയത്തെ തുടർന്ന് കൂടുതൽ വിജയകരമായ സംഗമങ്ങൾ സംഘടിപ്പിക്കുക, എച്ച്എഫ്എച്ച് പാരമ്പര്യം സംരക്ഷിക്കുക, ഹോളിഫാമിലി ആശുപത്രിയുടെ ചരിത്രവും മൂല്യങ്ങളും പുതിയ തലമുറയിലേക്ക് കൈമാറുക, യുവ അലൂംമ്നികളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുക, പുതിയ തലമുറയെ സംഘടനയുടെ പ്രവർത്തനങ്ങളിൽ കൂടുതൽ ഉൾപ്പെടുത്തുക, സാമൂഹിക സേവന പദ്ധതികളിലും സഹായ പ്രവർത്തനങ്ങളിലും കൂടുതൽ സജീവമായി ഇടപെടുക തുടങ്ങിയവയാണ് പുതിയ നേതൃത്വം മുന്നോട്ടു വെക്കുന്ന പ്രധാന ലക്ഷ്യങ്ങൾ. പുതിയ നേതൃത്വത്തിന്റെ തെരഞ്ഞെടുപ്പ് എച്ച്എഫ്എച്ച് അലൂംമ്നി കൂട്ടായ്മയ്ക്ക് പുതിയ പ്രതീക്ഷയും ഊർജവും നല്കി ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള അംഗങ്ങളെ ഉൾക്കൊള്ളുന്ന ഈ ടീം എച്ച്എഫ്എച്ച് അലൂംമ്നി കൂട്ടായ്മയുടെ അന്താരാഷ്ട്ര ഒരുമയെ പ്രതിഫലിപ്പിക്കുന്നു. ജമൈക്ക റീയൂണിൻ അവസാനിക്കുമ്പോൾ എല്ലാവരുടെയും മനസ്സിൽ നിറഞ്ഞിരുന്നത് സന്തോഷവും വീണ്ടും കണ്ടുമുട്ടാമെന്നുള്ള പ്രതീക്ഷയുമായിരുന്നു.





# പെൻഷൻ വാഗ്ദാനം ചെയ്ത് സൈബർതട്ടിപ്പിൽ നഷ്ടമായത് 3.91 ലക്ഷം

കൊച്ചി: കേരളത്തിൽ വ്യാജ പെൻഷൻ വാഗ്ദാനം ചെയ്ത് സൈബർ തട്ടിപ്പിൽ നഷ്ടമായത് 3.91 ലക്ഷം രൂപ. ഒരു കേസാണ് ഇതുസംബന്ധിച്ച് സൈബർ ക്രൈം പോലീസ് സ്റ്റേഷനിൽ റിപ്പോർട്ട് ചെയ്യപ്പെട്ടത്. ഇൻസ്റ്റഗ്രാം, ഫേസ്ബുക്ക് തുടങ്ങിയ സാമൂഹ്യമാധ്യമങ്ങളിലൂടെ പ്രമുഖ ബാങ്കുകളുടെ പേരിൽ പെൻഷൻ കാർഡ്, മന്ത്‌ലി പെൻഷൻ സ്കീം, സീനിയർ സിറ്റിസൺ ബെനഫിറ്റ് കാർഡ് എന്നിവയുടെ വ്യാജ പരസ്യലിങ്കുകൾ പ്രചരിപ്പിച്ചാണ് തട്ടിപ്പ് നടത്തുന്നത്. ഇത്തരം പരസ്യങ്ങളിൽ കാണുന്ന ലിങ്കുകളിൽ ക്ലിക്ക് ചെയ്യുമ്പോൾ നേരിട്ട് വാട്സ് ആപ് ചാറ്റിലേക്ക് റീഡയറക്ട് ചെയ്യപ്പെടുന്നു. തുടർന്ന് തട്ടിപ്പുകാർ, ബന്ധപ്പെട്ട ബാങ്കിന്റെ കസ്റ്റമർ കെയർ അല്ലെങ്കിൽ ബാങ്ക് ഉദ്യോഗസ്ഥർ എന്ന വ്യാജേന ഫോൺ കോളുകൾവഴിയോ, വാട്സ്ആപ് സന്ദേശങ്ങൾവഴിയോ ബന്ധപ്പെടും. പെൻഷൻകാർഡ് ആക്ടിവേഷനുവേണ്ടി പെൻഷൻ ഫോം എന്നപേരിൽ ഒരു ലിങ്ക് അയയ്ക്കുകയും അത് തുറന്ന് വിവരങ്ങൾ പൂരിപ്പിക്കാൻ ആവശ്യപ്പെടുകയും ചെയ്യും. ലിങ്ക് തുറക്കുന്നതിനോടൊപ്പംതന്നെ മൊബൈൽ ഫോണിൽ മാൽവെയർ അടങ്ങിയ എപികെ ഫയൽ ഇൻസ്റ്റാൾ ചെയ്യപ്പെടുന്നു. ഈ മാൽവെയർ ആപ്ലിക്കേഷൻ വഴി മൊബൈലിലെ ഒടിപി സന്ദേശങ്ങൾ, ബാങ്കിംഗ് വിവരങ്ങൾ, എസ്എംഎസ് വിവരങ്ങൾ എന്നിവ തട്ടിപ്പുകാർക്ക് ലഭിക്കും. തുടർന്ന് ഉപഭോക്താവിന്റെ ബാങ്ക് അക്കൗണ്ടുകളിൽ നിന്നും ക്രെഡിറ്റ് കാർഡുകളിൽ നിന്നും അവർ അറിയാതെ തന്നെ സൈബർ തട്ടിപ്പുകാർ പണം പിൻവലിക്കും.

# ലാന റീജിയണൽ സമ്മേളനം വാഷിംഗ്ടൺ ഡിസിയിൽ

ബാജി ഓടംവേലി

ഡാളസ്: ലാനയുടെ (ലിറ്റററി അസോസിയേഷൻ ഓഫ് നോർത്ത് അമേരിക്ക) ഈ വർഷത്തെ ത്രിദിന റീജിയണൽ സമ്മേളനം 2026 സെപ്റ്റംബർ 25, 26, 27 (വെള്ളി, ശനി, ഞായർ) തീയതികളിൽ വാഷിംഗ്ടൺ ഡിസിയിൽവെച്ച് നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു.


സക്കറിയ


വി.ജെ. ജയിംസ്

മലയാള സാഹിത്യത്തിലെ പ്രശസ്തനായ കഥാകാരൻ സക്കറിയ, നോവലിസ്റ്റും കഥാകാരനുമായ വി.ജെ. ജയിംസ് തുടങ്ങിയവർ വിശിഷ്ട അതിഥികളായി പങ്കെടുക്കുന്നു. സമ്മേളനത്തിൽ പങ്കെടുക്കുന്നവർക്ക് എഴുത്തിനേയും വായനയേയുംകുറിച്ച് ചർച്ചചെയ്യാനും ഈ പ്രശസ്തരായ എഴുത്തുകാരോട് സാഹിത്യത്തേക്കുറിച്ച് സംവേദിക്കാനുമുള്ള സുവർണ്ണാവസരം ഉണ്ടായിരിക്കും.

ഈ സമ്മേളനത്തിലേക്ക് നോർത്ത് അമേരിക്കയിലെ എല്ലാ സാഹിത്യ തൽപ്പരരേയും ക്ഷണിക്കുന്നതായി സംഘാടകർ പറഞ്ഞു. പങ്കെടുക്കാനായി മുൻകൂട്ടി പേരുകൾ രജിസ്റ്റർ ചെയ്യേണ്ടതുണ്ട്. ലാനയുടെ വെബ്സൈറ്റായ lanalit.org യിൽ കൂടുതൽ വിവരങ്ങൾ ലഭ്യമാക്കും. വേണുഗോപാൽ കൊക്കോടൻ ചെയർമാനായും ഷിനോ കുര്യൻ കൺവീനറുമായുള്ള വിപുലമായ കമ്മിറ്റി ക്രമീകരണങ്ങൾ നടത്തി വരുന്നു.

കൂടുതൽ വിവരങ്ങൾക്ക് സാമുവൽ യോഹന്നാൻ (ലാന പ്രസിഡണ്ട് - 214 435 0124), നിർമല ജോസഫ് (ലാല സെക്രട്ടറി - 347 204 0062), വേണുഗോപാൽ കൊക്കോടൻ (ചെയർമാൻ-850 339 7104), ഷിനോ കുര്യൻ (കൺവീനർ-540 692 2300), ലാനാ ഭാരവാഹികൾ എന്നിവരുമായി ബന്ധപ്പെടാവുന്നതാണ്.



# വി.ഡി. സതീശന് അഭിനന്ദനങ്ങൾ: ഒരു പുതിയ നേതൃത്വത്തിന്റെ ഉദയം

സജി കരിമ്പന്നൂർ

ചിക്കാഗോ: കേരള രാഷ്ട്രീയത്തിൽ പുതിയ പ്രതീക്ഷകളും ആവേശവും സൃഷ്ടിക്കുന്ന ഒരു നിർണായക ഘട്ടത്തിലൂടെയാണ് ഇന്ന് കോൺഗ്രസ് പാർട്ടിയും യുഡിഎഫ് മുന്നണിയും കടന്നുപോകുന്നത്. വി.ഡി. സതീശൻ നേതൃത്വം നൽകുന്ന രാഷ്ട്രീയ ശൈലി പ്രവർത്തകർക്കിടയിലും പൊതുസമൂഹത്തിനിടയിലും പുതിയ ആത്മവിശ്വാസം വളർത്തിയിരിക്കുകയാണ്. അദ്ദേഹത്തിന്റെ വ്യക്തമായ നിലപാടുകളും നിയമസഭയിലെ ശക്തമായ അവതരണങ്ങളും ജനകീയ ഇടപെടലുകളും ഇന്ന് കേരള രാഷ്ട്രീയത്തിൽ വലിയ ചർച്ചയാകുകയാണ്.

"ഒരുമിക്കാം.... മറക്കാം... ഒറ്റക്കെട്ടായി മുന്നോട്ട് പോകാം" എന്ന സന്ദേശം പാർട്ടിയുടെ അടിത്തറയിൽ പുതിയ ഐക്യവും ആവേശവും സൃഷ്ടിച്ചിരിക്കുകയാണ്. കെ. സുധാകരൻ, കെ. മുരളീധരൻ, മുല്ലപ്പള്ളി രാമചന്ദ്രൻ തുടങ്ങിയ പരിചയസമ്പന്നരായ നേതാക്കൾ ഒരുമിച്ച് മുന്നോട്ട് വരുന്നത് പ്രവർത്തകർക്കും യുഡിഎഫ് അനുഭാവികൾക്കും വലിയ ആത്മവിശ്വാസമാണ് നൽകുന്നത്. ജനാധിപത്യ വിശ്വാസത്തെ കൂടുതൽ ശക്തിപ്പെടുത്തുന്ന ഒരു രാഷ്ട്രീയ അന്തരീക്ഷമാണ് ഇപ്പോൾ രൂപപ്പെടുന്നത്.

ആലപ്പുഴയിലെ വീണ്ടും തെരഞ്ഞെടുപ്പ് സംബന്ധിച്ച അനിശ്ചിതത്വങ്ങൾ ഇപ്പോൾ അവസാനിച്ചിരിക്കുകയാണ്. അതോടൊപ്പം മുഖ്യമന്ത്രിസ്ഥാനത്തെ ചുറ്റിപ്പറ്റിയുള്ള ചർച്ചകളിലും ഭൂരിപക്ഷം കോൺഗ്രസ് പ്രവർത്തകരുടെയും മനോഭാവം കൂടുതൽ വ്യക്തതയിലേക്ക് എത്തിയിട്ടുണ്ട്. പാർട്ടിയുടെ ഐക്യവും വിജയ സാധ്യതയും മുൻനിർത്തിയുള്ള സമീപനമാണ് ഇപ്പോൾ കൂടുതലായി കാണപ്പെടുന്നത്.

കേരള രാഷ്ട്രീയത്തിൽ കോൺഗ്രസ് വീണ്ടും കൂടുതൽ ശക്തി ആർജിക്കുന്നതിന്റെ സൂചകങ്ങളാണ് ഇപ്പോഴത്തെ സാഹചര്യങ്ങൾ നൽകുന്നത്. പ്രവർത്തകരുടെ ആത്മവിശ്വാസവും ജനപിന്തുണയും നേതൃത്വത്തിന്റെ ഏകോപനവും ഒന്നിച്ചുചേരുമ്പോൾ യുഡിഎഫിന്റെ മുന്നേറ്റം കൂടുതൽ ശക്തമാകുമെന്ന് പ്രതീക്ഷിക്കാം.

വി.ഡി. സതീശൻ ഒരു പ്രസംഗകൻ മാത്രമല്ല, പഠനവും പാണ്ഡിത്യവും പൊതുജനങ്ങളോടുള്ള പ്രതിബദ്ധതയും കൈമുതലായ ഒരു ജനനായകനാണ്. നിയമസഭയിൽ ഓരോ വിഷയവും അവതരിപ്പിക്കുമ്പോൾ അദ്ദേഹം നടത്തുന്ന ഗൃഹപാഠവും വസ്തുതകളുടെ അടിസ്ഥാനത്തിലുള്ള വിശകലനവും ശ്രദ്ധേയമാണ്. പ്രളയകാലത്തും മറ്റു പ്രതിസന്ധികളിലും ജനങ്ങളോടൊപ്പംനിന്ന പ്രവർത്തനശൈലി അദ്ദേഹത്തെ ജനഹൃദയങ്ങളോട് കൂടുതൽ അടുപ്പിച്ചു.




മുഖ്യമന്ത്രി എന്ന നിലയിൽ അദ്ദേഹത്തിൽനിന്ന് ജനങ്ങൾ പ്രതീക്ഷിക്കുന്നത് കൂടുതൽ സുതാര്യവും വികസനോന്മുഖവും ആധുനികവുമായ ഒരു കേരളത്തെയാണ്. രാഷ്ട്രീയ വൈരാഗ്യങ്ങൾക്കപ്പുറം നാടിന്റെ പുരോഗതിക്കായി എല്ലാവരെയും ഒരുമിപ്പിക്കുന്ന നേതൃത്വമാണ് കേരളം ഇന്ന് ആഗ്രഹിക്കുന്നത്. യുവത്വത്തിന്റെ പ്രതീക്ഷകളും പുതിയ കാലത്തിന്റെ മാറ്റങ്ങളും ഉൾക്കൊള്ളുന്ന ഒരു ഭരണരീതിക്ക് അദ്ദേഹം നേതൃത്വം നൽകുമെന്ന് പലരും വിശ്വസിക്കുന്നു.

വി.ഡി. സതീശന്റെ നേതൃത്വത്തിന്റെ ഏറ്റവും വലിയ പ്രത്യേകത അദ്ദേഹത്തിന്റെ ലാളിത്യവും ജനങ്ങളോടുള്ള അടുപ്പവുമാണ്. അധികാര രാഷ്ട്രീയത്തിന്റെ അകലം സൃഷ്ടിക്കാതെ സാധാരണക്കാരുടെ പ്രശ്നങ്ങൾ നേരിട്ട് കേൾക്കുകയും അതിനെ ശക്തമായി പ്രതികരിക്കുകയും ചെയ്യുന്ന സമീപനമാണ് അദ്ദേഹത്തെ വ്യത്യസ്തനാക്കുന്നത്. ജനങ്ങളുടെ വികാരങ്ങൾ മനസ്സിലാക്കി പ്രതികരിക്കുന്ന നേതാവെന്ന വിശ്വാസം ഇന്ന് സമൂഹത്തിൽ ശക്തമായി വളർന്നുവരുന്നു.

ഇന്നത്തെ രാഷ്ട്രീയ സാഹചര്യത്തിൽ സത്യസന്ധതയും വിശ്വാസ്യതയും ഏറ്റവും വലിയ മൂല്യങ്ങളാണ്. വി.ഡി. സതീശൻ തന്റെ രാഷ്ട്രീയ ജീവിതത്തിലുടനീളം ആ മൂല്യങ്ങൾ കാത്തുസൂക്ഷിച്ച നേതാവായി പൊതുസമൂഹം വിലയിരുത്തുന്നു. വ്യക്തിപരമായ ആരോപണങ്ങളില്ലാതെ രാഷ്ട്രീയ ആശയങ്ങളുടെ അടിസ്ഥാനത്തിൽ ശക്തമായി പോരാടുന്ന അദ്ദേഹത്തിന്റെ ശൈലി യുവതലമുറക്കും വലിയ പ്രചോദനമാണ്.

പ്രതിപക്ഷ നേതാവെന്ന നിലയിൽ ഭരണത്തിന്റെ വീഴ്ചകൾ ചൂണ്ടിക്കാണിക്കുന്നതിൽ മാത്രം ഒതുങ്ങാതെ ബദൽ നിർദേശങ്ങളും മുന്നോട്ടുവെച്ച നേതാവാണ് അദ്ദേഹം. വികസനം, വിദ്യാഭ്യാസം, യുവജന തൊഴിൽ, സ്ത്രീ സുരക്ഷ, ആരോഗ്യരംഗം എന്നിവയിൽ വ്യക്തമായ കാഴ്ചപ്പാടുകൾ അവതരിപ്പിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞിട്ടുണ്ട്. അതുകൊണ്ടുതന്നെ പുതിയ തലമുറയിലെ രാഷ്ട്രീയ നേതൃത്വത്തിന്റെ പ്രതീകമായി ഇന്ന് വി.ഡി. സതീശനെ പലരും കാണുന്നു.

കോൺഗ്രസ് പാർട്ടിയുടെ പുതിയ രാഷ്ട്രീയ അജണ്ടയിൽ ഏറ്റവും പ്രധാനപ്പെട്ടത് ഐക്യവും സംഘടനാ ശക്തിയും പുനഃസ്ഥാപിക്കുകയെന്നതാണ്. വിവിധ തലങ്ങളിലെ നേതാക്കളും പ്രവർത്തകരും ഒരുമിച്ച് പ്രവർത്തിക്കുമ്പോൾ പാർട്ടിയുടെ അടിത്തറ കൂടുതൽ വ്യക്തിപരമായ ഭിന്നതകളെ മറന്ന് പൊതുവായ ലക്ഷ്യത്തിനായി മുന്നോട്ട് പോകുന്ന സമീപനമാണ് ഇന്ന് കൂടുതൽ ശ്രദ്ധ നേടുന്നത്.

ജനകീയ പ്രശ്നങ്ങളെ ആസ്പദമാക്കിയുള്ള രാഷ്ട്രീയ പ്രവർത്തനങ്ങളാണ് കോൺഗ്രസിന്റെ ശക്തി. വിലക്കയറ്റം, തൊഴിലില്ലായ്മ, കർഷക പ്രതിസന്ധി, സാധാരണക്കാരുടെ ജീവിതച്ചെലവ് തുടങ്ങിയ വിഷയങ്ങളിൽ ജനങ്ങളോടൊപ്പംനിന്ന് പ്രവർത്തിക്കണമെന്ന സമീപനമാണ് പാർട്ടി ഇപ്പോൾ കൂടുതൽ ശക്തമായി മുന്നോട്ടുവെക്കുന്നത്. ഇത് സാധാരണ ജനങ്ങളിൽ പുതിയ പ്രതീക്ഷകൾ സൃഷ്ടിച്ചിരിക്കുകയാണ്.

കേരളത്തിന്റെ ഭാവിയെ മുൻനിർത്തിയുള്ള വികസന രാഷ്ട്രീയമാണ് കോൺഗ്രസ് മുന്നോട്ട്വെക്കുന്ന മറ്റൊരു പ്രധാന അജണ്ട. യുവജനങ്ങൾക്ക് കൂടുതൽ അവസരങ്ങൾ, ആരോഗ്യ മേഖലകളെ കൂടുതൽ ശക്തിപ്പെടുത്തുന്നതും നിക്ഷേപ സൗഹൃദ അന്തരീക്ഷം ഒരുക്കുന്നതുമാണ് പാർട്ടിയുടെ പ്ര


ലേഖകൻ

ധാന ലക്ഷ്യങ്ങളായി വിലയിരുത്തപ്പെടുന്നത്.

ഐക്യവും ജനപിന്തുണയും നേതൃത്വത്തിന്റെ ദൂരദർശിത്വവും ഒരുമിക്കുമ്പോൾ കോൺഗ്രസിന്റെ ശക്തമായ തിരിച്ചുവരവ് കേരള രാഷ്ട്രീയത്തിൽ ഉറപ്പായും സംഭവിക്കും. കോൺഗ്രസ് വീണ്ടും ജനഹൃദയങ്ങളിലേക്ക് തിരിച്ചുവരും... ഉറപ്പ്.

## വാഹനാപകടത്തിൽ വീട്ടമ്മയ്ക്ക് ദാരുണാന്ത്യം

പി.പി. ചെറിയാൻ

തൃശൂർ; തൃശൂർ ഇക്കണ്ടവാര്യർ റോഡിലുണ്ടായ വാഹനാപകടത്തിൽ വീട്ടമ്മയ്ക്ക് ദാരുണാന്ത്യം. നെല്ലിക്കുന്ന് അപ്സര ഗാർഡൻസ് ഹൗസ് നമ്പർ ആറിൽ താമസിക്കുന്ന റിട്ട. അധ്യാപിക ലിൻസി ജോൺസൺ (57) ആണ് അന്തരിച്ചത്. ഡാളസിലെ ലിജു ആന്റണിയുടെ സഹോദരിയാണ് പരേത.



ലിൻസി സഞ്ചരിച്ചിരുന്ന സ്കൂട്ടർ ഡിവൈഡറിൽ തട്ടി റോഡിന്റെ മറുഭാഗത്തേക്ക് മറിയുകയും ഈസമയം എതിരെവന്ന കാർ സ്കൂട്ടറിൽ ഇടിക്കുകയുമായിരുന്നു. കേന്ദ്ര വുമൺസ് കമ്മിറ്റി ചിൽഡ്രൻസ് എഡ്യൂക്കേഷൻ കോ-ഓർഡിനേറ്ററായി ഇവർ സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഭർത്താവ് പി.എ. ജോൺസൺ (റിട്ട. ബാങ്ക് ഉദ്യോഗസ്ഥൻ). മക്കൾ: എബിൻ പി. ജോൺ (യുകെ), വിപിൻ പി. ജോൺ (ബെംഗ്ളൂർ). മരുമക്കൾ: ബ്രെന്റ് ജെയിംസ്, അൻജിത റോസ്.





# ഹോളി ഫാമിലി ഹോസ്പിറ്റൽ (HFH) റീയൂണിയൻ 2026; ജമൈക്കയിൽ നടന്നത് നാലു ദിവസത്തെ സന്തോഷ സംഗമം

**വിൻസന്റ് ഇമ്മാനുവൽ**

ചിക്കാഗോ: ഹോളി ഫാമിലി ആശുപത്രി 'അലുംമ്നി റീയൂണിയൻ 2026' ജമൈക്കയിലെ മനോഹരമായ Grand Palladium Jamaica Resort & Spa, Grand Palladium Lady Hamilton Resort & Spa) റിസോർട്ടുകളിൽ മേയ് ഒന്നു മുതൽ അഞ്ച് വരെ തീയതികളിൽ ആഘോഷപൂർവ്വം നടന്നു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിലായി ഹോളി ഫാമിലി ആശുപത്രികളിൽ പഠനം പൂർത്തിയാക്കിയ നിരവധി പൂർവ്വ വിദ്യാർത്ഥികൾ ഒരുമിച്ചുചേർന്നപ്പോൾ അത് ഓർമ്മകൾ പുതുക്കാനും











സൗഹൃദങ്ങൾ വീണ്ടും തളിരിടാനുമുള്ള വേദിയായി. നാല് രാത്രികൾ നീണ്ടുനിന്ന ഈ റീയൂണിയൻ ഓരോരുത്തർക്കും സ്നേഹവും സന്തോഷവും സാഹോദര്യവും നിറഞ്ഞ അനുഭവമായി മാറി.

മേയ് ഒന്ന് വെള്ളിയാഴ്ച വൈകുന്നേരം നടന്ന ഐസ് ബ്രേക്കർ പരിപാടിയോടെയാണ് റീയൂണിയന് തുടക്കമായത്. ജമൈക്കൻ പതാകയുടെ നിറങ്ങളെ അനുസ്മരിപ്പിച്ച് അംഗങ്ങൾ എല്ലാവരും മഞ്ഞ, പച്ച, കറുപ്പ് നിറങ്ങളിലുള്ള വസ്ത്രങ്ങളണിഞ്ഞാണ് ആദ്യ ദിവസത്തെ ആഘോഷങ്ങളിൽ പങ്കെടുത്തത്. പഴയ കൂട്ടുകാരെ വർഷങ്ങൾക്കിപ്പുറം കണ്ടുമുട്ടിയ സന്തോഷം ഓരോരുത്തരുടെ മുഖത്തും പ്രകടമായിരുന്നു. സംഗീതവും സന്തോഷവും നല്ല നിമിഷങ്ങളും നിറഞ്ഞ ആദ്യ ദിവസത്തെ സായാഹ്നം അടുത്ത ദിവസങ്ങളിലെ ആവേശത്തിനുള്ള തുടക്കമായി.

രണ്ടാം ദിവസം രാവിലെ പ്രശസ്തമായ Seven Mile Beach, Rick's Cafe എന്നിവിടങ്ങളിലേക്കുള്ള യാത്രയോടെയായിരുന്നു തുടക്കം. ബസിൽ അവിടേക്കുള്ള യാത്രയ്ക്കിടെ ഓരോരുത്തരും പഴയ ഹോസ്റ്റൽ ജീവിതവും അന്നത്തെ രസകരമായ പല അനുഭവങ്ങളും പങ്കുവെച്ചു. ചിരിയും സന്തോഷവും നിറഞ്ഞ യാത്രയിൽ എല്ലാവരും പ്രായം മറന്ന പഴയ വിദ്യാർത്ഥികൾ മാത്രമായി. അന്നേദിവസം ഉച്ചയ്ക്ക് റീയൂണിയന്റെ ഓർമ്മയ്ക്കായി ഗ്രൂപ്പ് ഫോട്ടോയും എടുത്തു. റീയൂണിയൻ കളർകോഡായ വൈറ്റ് ഡ്രസ്സിലായിരുന്നു എല്ലാവരും. വൈകുന്നേരം Infinity Bar and Pool Terrace-ൽ സംഘടിപ്പിച്ച 'All White Party' റീയൂണിയന്റെ പ്രധാന ആകർഷണങ്ങളിലൊന്നായി. സംഗീതത്തിന്റെയും സൗഹൃദത്തിന്റെയും മനോഹര സായാഹ്നം എല്ലാവരും ആഘോഷിച്ചു.







മൂന്നാം ദിവസം ഉച്ചതിരിഞ്ഞ് നിരവധി പരിപാടികളാണ് സംഘടിപ്പിച്ചത്. പഴയ നേഴ്സിംഗ് കാപ്പിംഗ് സെറിമണിയെ ഓർമ്മിപ്പിക്കുന്നതായിരുന്നു ഓപ്പണിംഗ് ഡാൻസ്. വെള്ള വസ്ത്രങ്ങളും നേഴ്സിംഗ് ക്യാപ്പുകളും ധരിച്ച് കൈയിൽ വിളക്കുകളുമായി 'Give Me Oil in My Lamp, Keep Me Burning' എന്ന ഗാനത്തിന് ഡാൻസ് ടീം ചുവടു വെച്ചപ്പോൾ അത് ഹൃദയസ്പർശിയായി.

അന്നേദിവസത്തെ പ്രധാന ആകർഷണമായിരുന്നു ഈ ഡാൻസ്. പ്രശസ്തമായ Dunn's River Falls സന്ദർശനമായിരുന്നു നാലാം ദിവസത്തെ പ്രധാന പരിപാടി. ജമൈക്കയുടെ പ്രകൃതി സൗന്ദര്യവും ചരിത്രവും സംസ്കാരവും അടുത്തറിഞ്ഞുകൊണ്ടായിരുന്നു റീയൂണിയന്റെ അവസാന ദിവസം അംഗങ്ങൾ ആഘോഷമാക്കിയത്. വെള്ളച്ചാട്ടങ്ങളും മനോഹര കാഴ്ചകളും ഒരുമിച്ചുള്ള നിമിഷങ്ങളുമെല്ലാം നാലാം ദിവസത്തെ കൂടുതൽ അവിസ്മരണീയമാക്കി.



വീണ്ടുമൊരു കൂടിക്കാഴ്ചയ്ക്ക് ഊർജം പകരുന്ന സന്തോഷവും സൗഹൃദവും സ്നേഹവും നിറഞ്ഞ മറക്കാനാകാത്ത ഒരുപിടി ഓർമ്മകളുമായാണ് 2026-ലെ റീയൂണിയൻ കഴിഞ്ഞ് ഓരോരുത്തരും വീടുകളിലേക്ക് മടങ്ങിയത്.











# ചിക്കാഗോ സെ. മേരീസിൽ മാതൃദിനം ആഘോഷിച്ചു

റോയി ചേലമലയിൽ

ചിക്കാഗോ: മോർട്ടൻഗ്രോവ് സെന്റ് മേരീസ് ക്നാനായ കാത്തലിക് ഇടവകയിൽ മദേഴ്സ് ഡേ വിവിധ പരിപാടികളോടെ വിപുലമായി ആഘോഷിച്ചു. അമ്മമാർക്കായുള്ള പ്രത്യേക ആശീർവാദം, എല്ലാ അമ്മമാരെയും ആദരിക്കൽ, മെൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ നടത്തിയ അമ്മമാർക്കുള്ള വിവിധ മത്സരങ്ങൾ മിഷൻ ലീഗിന്റെ ആഭിമുഖ്യത്തിൽ 'എന്റെ അമ്മ, എന്റെ അനുഗ്രഹം' എന്ന പേരിൽ നടത്തിയ പോസ്റ്റർ മത്സരം തുടങ്ങിയ പരിപാടികൾ ഈ ആഘോഷത്തിനു മാറ്റ്കൂട്ടി.

മെയ് 10-ന് ഞായറാഴ്ച ഇടവകയിൽ നടത്തിയ നാല് കുർബാനകൾക്കും ശേഷം അമ്മമാർക്കായി പ്രത്യേകം ആശീർവാദ പ്രാർത്ഥനകൾ നടത്തി. തുടർന്ന് എല്ലാ അമ്മമാർക്കും വൈദികർ റോസാപുഷ്പങ്ങൾ നല്കി ആദരിച്ചു.

വിവിധ കുർബാനകളിൽ വികാരി ഫാ. സിജോ മുടക്കോടിൽ, അസോസിയേറ്റ് വികാരി ഫാ. അനീഷ് മാവേലിപുത്തൻപുരയിൽ എന്നിവർ കാർമ്മികരായിരുന്നു.

മിഷൻലീഗ് പ്രതിനിധി ഫിലിപ്പ് നെടുംതുരുത്തി പുത്തൻപുരയിൽ ഇടവകയെ പ്രതിനിധീകരിച്ച് മാതൃദിനത്തിന്റെ പ്രാധാന്യത്തെക്കുറിച്ചു സംസാരിച്ചു.



കൂടാതെ മിഷൻ ലീഗ് അംഗങ്ങൾ ഇടവകയിലെ എല്ലാ മാതാക്കൾക്കും സ്നേഹപൂർണമായ സന്ദേശങ്ങളോടുകൂടിയ ബുക്ക് മാർക്കുകൾ സമ്മാനിച്ചു.

തുടർന്ന് മെൻസ് മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ അമ്മമാർക്കായി നടത്തിയ വിവിധ മത്സരങ്ങളിൽ നിരവധി അമ്മമാർ പങ്കെടുത്ത് സമ്മാനങ്ങൾ നേടി. പങ്കെടുത്ത എല്ലാവർക്കും പായസവും വിതരണം ചെയ്തു.

മാതൃദിനത്തിന്റെ പ്രാധാന്യം ഊട്ടി വളർത്തിയ ഈ പരിപാടിക്ക് കൈക്കാരന്മാരായ സേവ്യർ നടുപ്പറമ്പിൽ, സണ്ണി കണ്ണാല, ജോബി പോളക്കൽ, മജോ കുന്നശ്ശേരി, ഫെലിക്സ് പാലകൻ എന്നിവരും മെൻസ് മിനിസ്ട്രി കോ-ഓർഡിനേറ്റേഴ്സായ അലക്സ് മുല്ലപ്പള്ളി, ഫിലിപ്പ് പുത്തൻപുരയിൽ ബിജു ജെയിംസ് പൂത്തുറ എന്നിവരും നേതൃത്വം നല്കി.

# വി.ഡി. സതീശൻ – രാഷ്ട്രീയ നേതാവിൽനിന്ന് ജനനായകനിലേക്കുള്ള യാത്ര

ചിക്കാഗോ: ഒരു രാഷ്ട്രീയ നേതാവിൽനിന്ന് ജനനായകനിലേക്കുള്ള യാത്ര ആരംഭിക്കുന്ന നിമിഷങ്ങളാണ് ഇന്ന് കേരള രാഷ്ട്രീയത്തിൽ ദൃശ്യമാകുന്നത്.

ഓൺലൈൻ സർവേകൾ, സോഷ്യൽ മീഡിയ ചർച്ചകൾ, ലേഖനങ്ങൾ, പൊതുജന അഭിപ്രായപ്രകടനങ്ങൾ എന്നിവയിലൂടെ സാധാരണ ജനങ്ങളുടെ അസാധാരണമായ രാഷ്ട്രീയ പങ്കാളിത്തമാണ് അടുത്തകാലത്ത് ശ്ര



ദ്ധേയമായത്. ഈ സജീവ ഇടപെടൽ പാർട്ടി നേതൃത്വങ്ങളെ പോലും അമ്പരപ്പിച്ചുവെന്ന വിലയിരുത്തലുണ്ട്.

ജനങ്ങളുടെ അംഗീകാരം ഇല്ലാത്ത രാഷ്ട്രീയ തീരുമാനങ്ങൾ ദീർഘകാലം നിലനിൽക്കില്ലെന്ന യാഥാർത്ഥ്യം ഇതോടെ കൂടുതൽ വ്യക്തമായി. ഈ സാഹചര്യത്തിൽ, ജനാഭിപ്രായത്തിന്റെ ശക്തിയാണ് രാഷ്ട്രീയ ദിശ നിർണ്ണയിക്കുന്ന പ്രധാന ഘടകമാകുന്നത്.

ജനങ്ങൾ രാഷ്ട്രീയത്തെ നിരീക്ഷിക്കുകയും വിലയിരുത്തുകയും തുറന്നു പറയുകയും ചെയ്യുന്ന പുതിയ കാലഘട്ടത്തിലാണ് നമ്മൾ. അടച്ച മുറികളിൽ മാത്രം തീരുമാനങ്ങൾ ഉണ്ടാകുന്ന പഴയ രാഷ്ട്രീയ സംസ്കാരം മാറുകയാണ്.

ജനാധിപത്യത്തിൽ യഥാർത്ഥ അധികാരം ജനങ്ങളുടേതാണ്. പാർട്ടി ഘടനകളും നേതൃകേന്ദ്രങ്ങളും അതിന് വിധേയമാണ്.

ചില സന്ദർഭങ്ങളിൽ ഹൈക്കമാൻഡ് തീരുമാനങ്ങൾ പോലും ജനാഭിപ്രായത്തിന്റെ മുന്നിൽ പുനർപരിശോധിക്കേണ്ട സാഹചര്യം ഉണ്ടാകുന്നു. അതാണ് ജനാധിപത്യത്തിന്റെ ശക്തിയും അതിന്റെ പരിധിയും.

ഇതെല്ലാം നടക്കുന്ന പശ്ചാത്തലത്തിലാണ് വി.ഡി. സതീശന്റെ രാഷ്ട്രീയ നിലപാട് ശ്രദ്ധ നേടുന്നത്.

പ്രതിപക്ഷ നേതാവെന്ന നിലയിൽ അദ്ദേഹം സ്വീകരിച്ച സമീപനം വ്യക്തിത്വ കേന്ദ്രീകൃത അധികാര രാഷ്ട്രീയത്തിൽനിന്ന് വ്യത്യസ്തമായിരുന്നു.

വസ്തുതകളെ ആധാരമാക്കിയ വിമർശനവും പൊതുജന വിഷയങ്ങളിലെ സ്ഥിരമായ ഇടപെടലും അദ്ദേഹത്തെ ജനങ്ങളോടടുപ്പിച്ചു.

ഉൾകലഹങ്ങളും വിഭാഗീയതയും ബാധിച്ചിരുന്ന രാഷ്ട്രീയ സാഹചര്യത്തിൽ സംഘടനയെ ഏകോപിപ്പിക്കുകയും പ്രവർത്തകരിൽ ആത്മവിശ്വാസം പുനഃസ്ഥാപിക്കുകയും ചെയ്യുക എന്നത് വലിയ വെല്ലുവിളിയായിരുന്നു.

ആ ഘട്ടത്തിൽ നേതൃത്വം ഉത്തരവാദിത്വമാണെന്നും ശക്തിയുടെ പ്രക



ആൻഡ്രൂസ് അഞ്ചേരി

ടനം മാത്രമല്ലെന്നും അദ്ദേഹം മുന്നോട്ടുവെച്ചു.

ഇന്ന് ജനങ്ങൾ രാഷ്ട്രീയ നേതാക്കളിൽ നിന്ന് അന്വേഷിക്കുന്നത് വാഗ്ദാനങ്ങളല്ല; വിശ്വാസമാണ്. വാക്കും പ്രവർത്തിയും തമ്മിലുള്ള പൊരുത്തം, വ്യക്തിപരമായ സത്യസന്ധത, തുടർച്ചയായ ഇടപെടൽ എന്നിവയാണ് നേതൃത്വത്തിന്റെ അടിസ്ഥാന മാനദണ്ഡങ്ങൾ. ഈ മൂല്യങ്ങളാണ് ഒരു നേതാവിനെ ജനങ്ങളുടെ മനസ്സിൽ സ്ഥാനപ്പെടുത്തുന്നത്.

ഭാവിയിലെ രാഷ്ട്രീയ സമവാക്യങ്ങൾ സമയം നിർണ്ണയിക്കും. എന്നാൽ ഒരു കാര്യം വ്യക്തമാണ് – ജനവിശ്വാസം രാഷ്ട്രീയത്തിന്റെ കേന്ദ്രമായി മാറുന്ന ഈ കാലഘട്ടത്തിൽ, ഒരു രാഷ്ട്രീയ നേതാവിൽനിന്ന് ജനനായകനിലേക്കുള്ള യാത്ര എന്ന ആശയം തന്നെ കേരള രാഷ്ട്രീയത്തിൽ കൂടുതൽ പ്രസക്തമാകുകയാണ്. പ്രത്യേകിച്ച് വി.ഡി. സതീശന്റെ നേതൃത്വ പശ്ചാത്തലത്തിൽ.

വഴിത്താരകൾ
കേരളാ എക്സ്പ്രസ് KERALA EXPRESS
Weekly Newspaper National Edition from Chicago
കേരളാ എക്സ്പ്രസ്സിലെ ശ്രദ്ധേയമായ പംക്തി
നിങ്ങളുടെ ജീവിതം ഞങ്ങളോട് പറയാൻ താല്പര്യമുണ്ടോ?
വെറും ജീവിതമല്ല കേട്ടോ,
മറ്റുള്ളവർക്ക് വേണ്ടി മാറ്റിവെച്ച ജീവിതം,
മാതൃകയാക്കാവുന്ന ജീവിതം,
ഉണ്ടെങ്കിൽ മുഖത്ത് നോക്കി നിങ്ങളുടെ കഥ പറയാം
ഇതാ ഒരു സുവർണ്ണാവസരം..!
കേരളാ എക്സ്പ്രസിന്റെ 'വഴിത്താരകൾ' എന്ന പംക്തിയിലൂടെ
ഇനി ലോകം നിങ്ങളെ അറിയട്ടെ
വിശദവിവരങ്ങൾക്കായി കേരള എക്സ്പ്രസ്സ് എക്സിക്യൂട്ടീവ് എഡിറ്റർ ജോസ് കണിയാലിയുമായി (630)728-7956 ബന്ധപെടുക.



വഴിവിളക്കുകൾ 12

# രാമൻ ചേട്ടൻ

ഭർത്താവിനെ മക്കൾ എന്തു പേരു വിളിക്കുന്നുവോ ആ പേരിൽ (അച്ഛാ, ഡാഡി, പപ്പാ, അച്ചാച്ചൻ) എന്നൊക്കെ വിളിക്കുന്ന നിരവധി ഭാര്യമാരെ ഞാൻ കണ്ടിട്ടുണ്ട്. ഭൂരിഭാഗംപേരും അങ്ങനെയാണ്.

പക്ഷേ, സ്വന്തം ഭാര്യയെ മക്കൾ വിളിക്കുന്ന പേരിൽ അഭിസംബോധന ചെയ്തിരുന്ന ഒരേയൊരു വ്യക്തിയെ ഞാൻ കണ്ടിട്ടുള്ളൂ. അത് രാമൻ ചേട്ടനാണ്. ഭാര്യ കാർത്ത്യായനിയെ അദ്ദേഹം 'അമ്മേ' എന്നാണ് വിളിച്ചിരുന്നത്. അത് മാത്രമായിരുന്നില്ല രാമൻ ചേട്ടന്റെ പ്രത്യേകത.

നാട്ടിലെ കുട്ടിപ്പത്രം എന്നായിരുന്നു രാമൻ ചേട്ടൻ അറിയപ്പെട്ടിരുന്നത്. പ്രാഥമിക വിദ്യാഭ്യാസം മാത്രമുണ്ടായിരുന്ന രാമൻ ചേട്ടൻ, ജേർണലിസ്റ്റുകളെ വെല്ലുന്ന മികവോടെയാണ് വാർത്തകൾ ശേഖരിച്ചിരുന്നത്.

പത്രത്തിലെ പ്രാദേശിക വാർത്തയുടെ പേജുകളൊക്കെ രാമൻ ചേട്ടന്റെ നാട്ടുവർത്തമാനങ്ങളുമായി തട്ടിച്ചുനോക്കുമ്പോൾ തീർത്തും നിസ്സാരം. ഗോസിപ്പ് എന്നോ, ഏഷണി എന്നോ, പരദൂഷണമെന്നോ ഒക്കെ അസൂയക്കാർ പറഞ്ഞെങ്കിലും, രാമൻ ചേട്ടൻ അതൊന്നും വകവെക്കാതെ നാടിനെയും നാട്ടുകാരെയും സംബന്ധിക്കുന്ന എല്ലാ വാർത്തകളും ശേഖരിച്ചുപോന്നു.

ദിവസവും പത്ത് പ്രാവശ്യമെങ്കിലും രാമൻ ചേട്ടൻ കവലയ്ക്ക് പോയിരുന്നത് വെറുതെയല്ല!

ആദ്യഭർത്താവിന്റെ മരണശേഷം കാർത്ത്യായനിയമ്മ രണ്ടാമത് വിവാഹം ചെയ്തതാണ് രാമൻ ചേട്ടനെ. രാമൻ ചേട്ടന്റെ ആദ്യ വിവാഹവുമായിരുന്നത്.

ആദ്യ ഭർത്താവിൽ കാർത്ത്യായനി അമ്മയ്ക്ക് രണ്ട് പെൺമക്കൾ ഉണ്ടായിരുന്നു. രണ്ടാം വിവാഹത്തിൽ രണ്ട് ആൺകുട്ടികളും ഒരു പെൺകുട്ടിയും.

രാമൻ ചേട്ടൻ ഈ അഞ്ച് മക്കളും തമ്മിൽ ഒരു വ്യത്യാസവും കാട്ടിയില്ല. സ്വന്തം മക്കളായി തന്നെയാണ് അഞ്ചുപേരെയും അദ്ദേഹം കണ്ടത്. അവരുടെ പഠനത്തിലും വിവാഹകാര്യത്തിലുമെല്ലാം അദ്ദേഹം ഏറെ ശ്രദ്ധ പുലർത്തി. കാർത്ത്യായനി അമ്മയുടെ ആദ്യവിവാഹത്തിലെ രണ്ട് പെൺകുട്ടികളെയും നേരത്തെ വിവാഹം കഴിച്ചയച്ചു.

അവരുടെ മക്കളെ ഒരു മുത്തച്ഛന്റെ എല്ലാ വാത്സല്യത്തോടെയും കൂടിയാണ് അദ്ദേഹം കണ്ടിരുന്നത്. എല്ലാ അവധിക്കും അമ്മവീട്ടിലേക്കും മുത്തച്ഛന്റെ വാത്സല്യത്തിലേക്കും ഓടിയെത്തിയിരുന്ന അവർ ഞങ്ങളുടെ കളിക്കൂട്ടുകാർ കൂടിയായിരുന്നു.

നാട്ടിലെ മുഴുവൻ വർത്തമാനങ്ങളും രാമൻ ചേട്ടൻ അറിഞ്ഞിരുന്നെങ്കിലും അവരുടെ കൊച്ചു വീടും അതിന്റെ ആഭ്യന്തര കാര്യങ്ങളും പുറം ലോകത്തിന് തീരെ അറിവില്ലായിരുന്നു.

ഒരു വൈകുന്നേരം അദ്ദേഹത്തിന്റെ മരുമകൾ ഒരു ഭ്രാന്തിയെപ്പോലെ അലറിക്കരഞ്ഞുകൊണ്ട് വീട്ടിൽനിന്നും ഇറങ്ങിയോടിയതിന്റെ രഹസ്യം ഇപ്പോഴും ചുരുൾ നിവർത്തിയിട്ടില്ല. പിന്നീട് ഒരു ദിവസം രാത്രി ഒരു പോലീസ് വണ്ടി രാമൻചേട്ടന്റെ വീട്ടുമുറ്റത്ത് നിർത്തിയതും, ആരെയൊക്കെയോ പോലീസ് ജീപ്പിൽ കയറ്റി കൊണ്ടുപോയതും എന്തിനെന്ന് ആർക്കുമറിയില്ലെങ്കിലും, അതേക്കുറിച്ച് നൂറു കഥകൾ നാട്ടിൽ പ്രചരിച്ചു. അതിലൊന്നുപോലും രാമൻചേട്ടന്റെ റിപ്പോർട്ടിങ്ങിന്റെ ഏഴയലത്തുപോലും എത്തിയില്ലെന്നു മാത്രം!



ആൻസി സിറിയക് ഇലക്കാട്ട്

**(ആൻസി സിറിയക് ഇലക്കാട്ട് (കോട്ടയം ബിസിഎം കോളജ് ഇംഗ്ലീഷ് വിഭാഗം അദ്ധ്യാപിക) രചിച്ച്, മഷിക്കൂട്ട് പബ്ലീഷേഴ്സ് പ്രസിദ്ധീകരിച്ച, നാട്ടുവഴിയിലെ വിളക്കുമരങ്ങൾ എന്ന പുസ്തകത്തിൽ നിന്ന്)**

# മികവിന്റെ കിരീടത്തിൽ പൊൻതൂവൽ ചാർത്തി പ്രവാസി മലയാളി പെൺകുട്ടി



പെൻസിൽവേനിയ: ഐവി ലീഗ് സർവകലാശാലയായ യൂണിവേഴ്സിറ്റി ഓഫ് പെൻസിൽവേനിയയിൽ (UPenn) നിന്നും ഉന്നത അക്കാദമിക് ബഹുമതികൾ നേടി പ്രവാസി മലയാളി യുവതി ഡൊറത്തി ജെയിൻ തോമസ് അന്താരാഷ്ട്ര തലത്തിൽ ശ്രദ്ധേയയാകുന്നു. തിരുവനന്തപുരം വെള്ളയമ്പലം സ്വദേശികളായ ആഷിഷ് തോമസിന്റെയും രേഖ തോമസിന്റെയും മകളായ ഡൊറത്തി ദുബായിൽ ജനിച്ചുവളർന്ന് പരമ്പരാഗത സ്കൂൾ വിദ്യാഭ്യാസത്തിനു പകരം ഹോം സ്കൂളിംഗിലൂടെയാണ് തന്റെ പ്രാഥമിക പഠനം പൂർത്തിയാക്കിയത്. 2026-ലെ വിദ്യാർത്ഥി പുരസ്കാര പട്ടികയിൽ ഇടംപിടിച്ച ഇവർക്ക്, ഓർഗനൈസേഷണൽ ഡൈനാമിക് പ്രോഗ്രാമിലെ മികച്ച അക്കാദമിക് നേട്ടത്തിനുള്ള ഫാക്കൽറ്റി അവാർഡ് ലഭിച്ചു. ഏറ്റവും മികച്ച ക്യാപ്സ്റ്റോൺ പൂർത്തിയാക്കുന്ന ബിരുദവിദ്യാർത്ഥികൾക്ക് ഫാക്കൽറ്റിയുടെ പ്രത്യേക ശിപാർശപ്രകാരം നല്കുന്നതാണ് ഈ പുരസ്കാരം.

**അലൻ ചെന്നിത്തല**

പെൻസിൽവേനിയ സർവകലാശാലയിൽ നിന്ന് 4.0 ജി.പി.എയോടെ ഓർഗനൈസേഷണൽ ഡൈനാമിക്സിൽ മാസ്റ്റർ ഓഫ് ഫിലോസഫിയും നോൺ പ്രോഫിറ്റ് ലീഡർഷിപ്പിൽ മാസ്റ്റർ ഓഫ് സയൻസും എന്നിങ്ങനെ രണ്ട് ബിരുദാനന്തര ബിരുദങ്ങൾ ഡൊറത്തി പൂർത്തിയാക്കിയിട്ടുണ്ട്. കൂടാതെ, റിച്ചാർഡ് ജെ. എസ്റ്റസ് ഗ്ലോബൽ സിറ്റിസൺഷിപ്പ് അവാർഡും അവർക്ക് ലഭിച്ചു. പൊതുരംഗത്തെ തടസ്സങ്ങളും നേതൃത്വപാടവവും പ്രമേയമാക്കി ഇവർ തയ്യാറാക്കിയ ഗവേഷണ പ്രബന്ധത്തിന് ഉയർന്ന വിജയം ലഭിക്കുകയും അത് നിലവിൽ ഒരു പുസ്തകമായി വികസിപ്പിച്ചുവരികയുമാണ്. പഠനകാലത്ത് വിവിധ കോഴ്സുകളിൽ ടീച്ചിംഗ്, റിസർച്ച് അസിസ്റ്റന്റായി സേവനമനുഷ്ഠിച്ച ഡൊറത്തി പഠനം പൂർത്തിയാക്കിയ ശേഷം ദുബായിലേക്ക് മടങ്ങാനുള്ള തീരുമാനത്തിലാണ്.

ഹോംസ്കൂളിംഗിലൂടെ ലോകോത്തര നിലവാരത്തിലേക്കുയർന്ന മൂന്ന് സഹോദരിമാരിൽ ഒരാളാണ് ഡൊറത്തി. മക്കളുടെ ഉപരിപഠനം അമേരിക്കൻ സിലബസിലാക്കിയ മാതാപിതാക്കളുടെ തീരുമാനം മക്കളുടെ ആത്മവിശ്വാസം വർദ്ധിപ്പിച്ചു. ഹാർവാർഡ് സർവകലാശാലയിൽ നിന്ന് ബിരുദാനന്തര ബിരുദം നേടിയ സ്റ്റെഫനിയും ഇതേ സർവകലാശാലയിലെ വെറ്ററിനറി സ്കൂൾ ഓഫ് മെഡിസിനിൽ മാസ്റ്റേഴ്സ് ചെയ്യുന്ന ഡേറിയനുമാണ് സഹോദരിമാർ.

മികച്ച മാർക്ക് നേടിയതിന് ബറാക് ഒബാമയിൽ നിന്ന് സ്റ്റെഫനിയും ജോ ബൈഡനിൽ നിന്ന് ഡേറിയനും അവാർഡ് നേടിയിട്ടുണ്ട്. പഠനത്തോടൊപ്പം യാത്രകൾക്കും പ്രാധാന്യം നല്കിയ ഇവർ ഇതിനകം എൺപതിലേറെ രാജ്യങ്ങൾ സന്ദർശിച്ചിട്ടുണ്ട്.

അമേരിക്കൻ പ്രസിഡണ്ടുമാരായ ഡോണൾഡ് ട്രംപ്, വില്യം എച്ച്. ഹാരിസൺ. വ്യവസായ പ്രമുഖരായ ഇലോൺ മസ്ക്, വാറൻ ബഫറ്റ്, ഗൂഗിൾ സിഇഒ സുന്ദർ പിച്ചൈ എന്നിവർ പഠിച്ചിറങ്ങിയ വിഖ്യാതമായ സർവകലാശാലയാണിത്. സ്കൂൾ വിദ്യാഭ്യാസ രീതിക്ക് പകരം അറിവിനോടുള്ള ആകാംക്ഷയും സ്വയംപഠനശീലവും വളർത്തിയെടുത്ത ഡൊറത്തിയുടെയും സഹോദരിമാരുടെയും ഈ വിദ്യാഭ്യാസ രീതി നിരവധി വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും വലിയ പ്രചോദനമാണ് നല്കുന്നത്.

# 36-ാമത് ജിമ്മി ജോർജ് വോളിബോൾ ടൂർണമെന്റിന് ഒരുക്കങ്ങൾ പൂർത്തിയായി

**മാർട്ടിൻ വിലങ്ങോലിൽ**




ഡാളസ്: ഡാളസ് സ്ട്രൈക്കേഴ്സ് ആതിഥേയത്വം വഹിക്കുന്ന കേരള വോളിബോൾ ലീഗ് ഓഫ് നോർത്ത് അമേരിക്കയുടെ 36-ാമത് ജിമ്മി ജോർജ് മെമ്മോറിയൽ സൂപ്പർ ട്രോഫി വോളിബോൾ ടൂർണ്ണമെന്റിനായുള്ള എല്ലാ ഒരുക്കങ്ങളും പൂർത്തിയായതായി സംഘാടകർ അറിയിച്ചു. സുനിൽ വർഗീസിന്റെ നേതൃത്വത്തിലുള്ള ടൂർണമെന്റ് കമ്മിറ്റിയാണ് മെയ് 23, 24 തീയതികളിൽ ലൂയിസ്‌വിൽ സിറ്റിയിൽ അരങ്ങേറുന്ന ഈ വമ്പൻ കായികമേളക്ക് നേതൃത്വം നല്കുന്നത്. ലൂയിസ്‌വിൽ സിറ്റി മേയർ ടി.ജെ. ഗിൽമോർ മുഖ്യാതിഥിയായി പങ്കെടുത്ത് ടൂർണമെന്റിന്റെ ഉദ്ഘാടനച്ചടങ്ങ് നിർവഹിക്കും. ഇന്ത്യൻ വോളിബോൾ ഇതിഹാസം ജിമ്മി ജോർജിന്റെ സഹതാരവും മുൻ ഇന്ത്യൻ അന്താരാഷ്ട്ര താരവുമായ അബ്ദുൾ റസാഖ് ചടങ്ങിൽ വിശിഷ്ടാതിഥിയായി പങ്കെടുക്കും. ഓപ്പൺ കാറ്റഗറി, 40 അപ്പ് വിഭാഗം, അണ്ടർ 18, ഗേൾസ് വിഭാഗം എന്നിങ്ങനെ നാല് വിഭാഗങ്ങളിലായി നടക്കുന്ന ടൂർണമെന്റിൽ അമേരിക്കയുടെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള 22 ടീമുകളാണ് മാറ്റുരയ്ക്കുന്നത്.

ലൂയിസ്‌വില്ലിലെ മാക് സ്പോർട്സ് (Mac Sports 200 Continental Dr, Lewisville, TX 75067) ആണ് മത്സരവേദി. പ്രവാസി മലയാളികളുടെ കായികവിനോദം വാനോളം ഉയർന്ന ഈ കായികമേള വോളിബോൾ പ്രേമികൾക്ക് ആവേശകരമായ മത്സരങ്ങൾ സമ്മാനിക്കുമെന്ന് സംഘാടകർ അറിയിച്ചു. കായിക മാമാങ്കത്തിലേക്ക് എല്ലാ ആസ്വാദകരെയും ഡാളസ് സ്ട്രൈക്കേഴ്സ് ഭാരവാഹികൾ ഹൃദയപൂർവം സ്വാഗതം ചെയ്യുന്നതായി അറിയിച്ചു.

# ബെൻസൻവിൽ ഇടവകയിൽ ആഘോഷമായ ദിവ്യകാരുണ്യ സ്വീകരണം

ചിക്കാഗോ: ബെൻസൻവിൽ തിരുഹൃദയ ക്നാനായ കത്തോലിക്കാ ഫൊറോനാ ഇടവകയിലെ മാലാഖാക്കുഞ്ഞുങ്ങളുടെ ആഘോഷമായ ദിവ്യകാരുണ്യ സ്വീകരണം മെയ് 23-ന് ശനിയാഴ്ച വൈകുന്നേരം 4-ന് ഇടവക വികാരി ഫാ. ഏബ്രഹാം കളരിക്കലിന്റെ മുഖ്യകാർമ്മികത്വത്തിൽ ഭക്തിസാന്ദ്രമായി നടത്തപ്പെടും. മനോഹരവും ചിട്ടയായ ക്രമീകരണവും കൊണ്ട് മാത്രമല്ല, ഇടവകജനം മുഴു

**ലിൻസ് താന്നിച്ചുവട്ടിൽ**

വന്റെയും അനുഗൃഹീത സാന്നിദ്ധ്യം കൊണ്ടുമാവണം തിരുഹൃദയ ദേവാലയത്തിലെ ആഘോഷമായ ദിവ്യകാരുണ്യ സ്വീകരണ ശുശ്രൂഷകൾ നടക്കേണ്ടതെന്ന് വികാരിയച്ചൻ അറിയിച്ചു. ക്നാനായ റീജിയൻ ഡയറക്ടർ ഫാ. തോമസ് മുളവനാൽ, സെ. മേരീസ് പള്ളി വികാരി ഫാ. സിജു മുടക്കോടിൽ, അസി. വികാരി ഫാ. അനീഷ് മാവേലിപുത്തൻപുരയിൽ എന്നിവർ സഹകാർമ്മികരായി തിരുക്കർമ്മങ്ങളിൽ പങ്കെടുക്കും.




ആഘോഷമായ ദിവ്യകാരുണ്യ സ്വീകരണത്തിൽ മാതാപിതാക്കളുടെയും ദൈവാലയ എക്സിക്യൂട്ടീവ് അംഗങ്ങളായ തോമസ് കുന്നുമ്പുറത്ത്, മത്തിയാസ് പുല്ലാപ്പള്ളിൽ, ഏബ്രഹാം അരീച്ചിറയിൽ, ജെയ്മോൻ പടിഞ്ഞാറേൽ, എബിൻ കുളത്തിൽകരോട്ട്, മതബോധന ഡയറക്ടർ കൊളീൻ കീഴങ്ങാട്ട്, അദ്ധ്യാപകരായ ആൻസി ചേലയ്ക്കൽ, മഞ്ജു ചകിരിയാംതടത്തിൽ, കോ-ഓർഡിനേറ്റർ നിതിൻ കുന്നുമ്പുറത്ത് എന്നിവർ നേതൃത്വം നല്കും. ഏയ്ഞ്ചൽ ഏബ്രഹാം കൊച്ചുമണ്ണാന്തറ, ആഡ്‌ലിൻ ആഷ്നിൽ വഞ്ചിപ്പുരയ്ക്കൽ, ആഷർ തോമസ് മുണ്ടുപാലത്തിങ്കൽ, സീയ ദീപു അരീക്കാട്ട്, എലീസാ ജോസഫ്, ഹാന കുര്യച്ചൻ കരോട്ടുമന്നാകുളത്തിൽ, ഐസായ റ്റി. സൈമൺ മുണ്ടപ്ലാക്കൽ, ജേക്കബ് ഏബ്രഹാം നെടുന്തുരുത്തിൽ, ജെയ്ഡൻ മാണിപറമ്പിൽ, ജെസ്സീക്ക പുതുശ്ശേരിൽ, ജോനാഥൻ അഞ്ചുകണ്ടത്തിൽ, ജസ്റ്റിന ജോൺ ഒറവക്കുഴിയിൽ, മീവൽ പുതുശ്ശേരിൽ, നോവ ഏബ്രഹാം കാരാപ്പിള്ളിൽ, നോവ തോമസ് കുന്നുമ്പുറത്ത്, റെയ്ക്ലിൻ അന്ന കണ്ണാല, നീൽ ചെരുവിൽ, ജോനാഥൻ പ്ലാംപറമ്പിൽ, ആവ മേരിയ മേലാണ്ടശ്ശേരിൽ എന്നിവരാണ് ഈ വർഷം ആഘോഷമായ ദിവ്യകാരുണ്യം സ്വീകരിക്കുന്ന കുട്ടികൾ.


തിരുക്കർമ്മങ്ങൾക്കു ശേഷം ദൈവാലയഹാളിൽ കുട്ടികൾക്ക് സ്വീകരണവും കലാപരിപാടികളും സ്നേഹവിരുന്നും ക്രമീകരിച്ചിട്ടുണ്ട്. ഇടവക ദൈവജനം മുഴുവൻ പ്രാർത്ഥനയോടെ ഈ പുണ്യദിനത്തിനായി ഒരുങ്ങണമെന്നും തിരുക്കർമ്മങ്ങളിൽ ആദ്യവസാനം പങ്കെടുക്കണമെന്നും ഈ കുഞ്ഞുങ്ങളുടെ മാതാപിതാക്കൾ പ്രത്യേകം ഓർമ്മിപ്പിച്ചു.

# ഇന്റർനാഷണൽ പ്രയർ ലൈൻ വാർഷികം ആഘോഷിച്ചു

**പി.പി. ചെറിയാൻ**

ഡിട്രോയിറ്റ്: ആഗോളതലത്തിൽ പ്രാർത്ഥനയുടെയും കൂട്ടായ്മയുടെയും സന്ദേശമെത്തിക്കുന്ന ഇന്റർനാഷണൽ പ്രയർ ലൈൻ അതിന്റെ പ്രവർത്തനപഥത്തിൽ പന്ത്രണ്ട് വർഷങ്ങൾ പിന്നിട്ടതിന്റെ കൃതജ്ഞതാനിർഭരമായ വാർഷികാഘോഷം സംഘടിപ്പിച്ചു. മെയ് 12-ന് ചൊവ്വാഴ്ച നടന്ന 626-ാമത് സെഷൻ വിശ്വാസികളുടെ വലിയ പങ്കാളിത്തം കൊണ്ട് ശ്രദ്ധേയമായി.

കഴിഞ്ഞ പന്ത്രണ്ട് വർഷക്കാലം ദൈവം നല്കിയ വിശ്വസ്തതയ്ക്കും അനുഗ്രഹങ്ങൾക്കും നന്ദിയർപ്പിക്കാൻ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ളവർ ഫോൺ കോൺഫറൻസിംഗിലൂടെ ഈ സംഗമത്തിൽ അണിചേർന്നു.



വാഷിങ്ടൺ ഡിസിയിൽ നിന്നുള്ള പ്രമുഖ വചനപ്രഘോഷകൻ റവ.ഫാ. ഡോ. അലക്സാണ്ടർ കുര്യൻ വാർഷിക സമ്മേളനത്തിൽ മുഖ്യാതിഥിയായിരുന്നു. യെശയ്യ പ്രവാചകന്റെ പുസ്തകത്തിന്റെ 16 അദ്ധ്യായത്തിന്റെ 22 വാക്യത്തെ ആസ്പദമാക്കി ജീവിതത്തിലെ പ്രതിസന്ധികളിൽ പ്രാർത്ഥനയുടെ പ്രാധാന്യത്തെക്കുറിച്ചും ദൈവിക കരുതലിനെക്കുറിച്ചും അദ്ദേഹം നല്കിയ സന്ദേശം വിശ്വാസികൾക്ക് വലിയ ആത്മീയ ഉണർവേകി.

ഡിട്രോയിറ്റിൽ നിന്നുള്ള സി.വി. സാമുവൽ സമ്മേളനത്തിന് തുടക്കം കുറിച്ചുകൊണ്ട് ഏവരെയും സ്വാഗതം ചെയ്തു. ഹൂസ്റ്റൺ സോവേഴ്സ്, ഹാർവെസ്റ്റ് ഇവാഞ്ചലിക്കൽ ചർച്ചിലെ റവ. കെ.ബി. കുരുവിള പ്രാർത്ഥനയ്ക്കും ആശംസകൾക്കും നേതൃത്വം നല്കി. ബാൾട്ടിമോറിൽ നിന്നുള്ള ശമുവേൽ എ. തോമസ് നിശ്ചയിക്കപ്പെട്ട സങ്കീർത്തനങ്ങൾ 34:1-9 ഭാഗം വായിച്ചു. ഫിലാഡൽഫിയയിൽ നിന്നുള്ള ജോസ് തോമസ് ഗാനാലാപനത്തിലൂടെയും ആശംസകളിലൂടെയും ശുശ്രൂഷയിൽ പങ്കുചേർന്നു. ഐപിഎൽ ന്യൂയോർക്കിലെ പാസ്റ്റർ ഡോ. എം.എസ്. സാമുവൽ, ഡാളസ്സിൽ നിന്നുള്ള പി.പി. ചെറിയാൻ എന്നിവർ വാർഷികാഘോഷങ്ങൾക്ക് ആശംസകൾ നേർന്നു.

അറ്റ്ലാന്റയിൽ നിന്നുള്ള ഏബ്രഹാം മാത്യു (സണ്ണി), പ്രത്യേക പ്രാർത്ഥനകൾക്ക് നേതൃത്വം നല്കി. ഹൂസ്റ്റണിലെ ടി.എ മാത്യു നന്ദിയും അറിയിപ്പുകളും നടത്തി. തുടർന്ന് റവ. ജേക്കബ് ജോർജ് (ഹൂസ്റ്റൺ) സമാപനപ്രാർത്ഥനയും ആശീർവാദവും നല്കി സമ്മേളനം അവസാനിപ്പിച്ചു. ഷിജു ജോർജ്, ജോസഫ് ടി. ജോർജ് (രാജു) എന്നിവർ സാങ്കേതികസഹായങ്ങൾ ഏകോപിപ്പിച്ചു. ഐപിഎലിന്റെ 627-ാമത് സെഷൻ അടുത്ത ചൊവ്വാഴ്ച (മെയ് 19) നടക്കും. ടൊറന്റോ കനേഡിയൻ മാർത്തോമ്മാ ചർച്ച് വികാരി റവ. സുബിൻ ജോൺ മുഖ്യപ്രഭാഷണം നടത്തും. പന്ത്രണ്ട് വർഷമായി ഐപിഎൽ പ്രാർത്ഥനാ ശുശ്രൂഷയെ പിന്തുണയ്ക്കുന്ന എല്ലാവർക്കും ഭാരവാഹികൾ നന്ദി രേഖപ്പെടുത്തി.

# കേരളാ മുഖ്യമന്ത്രിയായി തെരഞ്ഞെടുക്കപ്പെട്ട വി.ഡി. സതീശന് ഫൊക്കാനയുടെ അഭിനന്ദനങ്ങൾ

**ശ്രീകുമാർ ഉണ്ണിത്താൻ**

ന്യൂയോർക്ക്: കേരളാ മുഖ്യമന്ത്രിയായി തെരഞ്ഞെടുക്കപ്പെട്ട ഫൊക്കാനയുടെ സുഹൃത്തും വഴികാട്ടിയുമായ വി.ഡി. സതീശന് ഹൃദയം നിറഞ്ഞ ആശംസകൾ നേരുന്നതായി ഫൊക്കാന പ്രസിഡണ്ട് സജിമോൻ ആന്റണി അറിയിച്ചു. കഴിഞ്ഞ കുറെ ദിവസങ്ങൾ ആയി പ്രവാസ ലോകത്തും കേരളത്തിലും വലിയ ജനമുന്നേറ്റമാണ് വി.ഡിക്ക്




വേണ്ടി ജനങ്ങൾ നടത്തിയത്.

നിലപാടുകളിൽ വിട്ടുവീഴ്ചയില്ലാതെയും വസ്തുതകൾ അണിനിരത്തിക്കൊണ്ട് സംവാദങ്ങൾ നടത്തിയും കൃത്യമായി കാര്യങ്ങൾ തുറന്നുപറഞ്ഞ് എതിരാളികളുമായി പോരാടിയും അതേസമയം കേരളാ ജനതയെ ഒന്നാകെ കൂടെ നിർത്തുമ്പോഴും ജാതി മത രാഷ്ട്രീയത്തിനു എതിരെ സംസാരിച്ചു ജനങ്ങളുടെ വിഷയങ്ങൾ ഏറ്റെടുത്ത വടശ്ശേരി ദാമോദരൻ സതീശൻ എന്ന വി.ഡി. സതീശൻ കേരളത്തിന്റെ പുതിയ മുഖ്യമന്ത്രിയായി തെരഞ്ഞെടുക്കപ്പെട്ടതോടെ കേരളാ രാഷ്ട്രീയത്തിൽ ഒരു പുതിയ യുഗത്തിന് തുടക്കമായിരിക്കുകയാണ്.

പുതിയ കേരളത്തിനായുള്ള യാത്രയ്ക്ക് വി.ഡി. സതീശന് എല്ലാ ആശംസകളും ഫൊക്കാനയുടെ പേരിൽ നേരുന്നതായി സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താനും ട്രഷറർ ജോയി ചാക്കപ്പനും അറിയിച്ചു.

കഴിഞ്ഞ തെരഞ്ഞെടുപ്പ് യുദ്ധത്തിൽ ആവനാഴിയിലെ അസ്ത്രങ്ങളെല്ലാമെടുത്ത് പോരാടിയ പടനായകൻ തന്നെ ഇനിയങ്ങോട്ട് കേരളത്തെ നയിക്കും എന്നത് പ്രവാസലോകത്തെ മലയാളികളിൽ മിക്കവരും ആഹ്ലാദത്തിൽ ആണ്.

എംഎൽഎമാരുടെ ഭൂരിപക്ഷവും ഗ്രൂപ്പ് സമവാക്യങ്ങളും സീനിയോറിറ്റി പരിഗണനകൾക്കുമെല്ലാമപ്പുറം പൊതുവികാരവും സൈബറിടങ്ങളിലും അതിശക്തമായ വികാരമാണ് സതീശനായി ഉയർന്നത്. അത് കാണാതിരിക്കാനാവില്ലെന്നും തെളിയിച്ച ഈ കാഴ്ച ജനിവികാരത്തോട് യോജിച്ചുപോകുകയല്ലാതെ മറ്റ് വഴികളില്ലെന്ന് ബോധ്യപ്പെടുത്തുന്നത്കൂടിയാണ്.

അദ്ദേഹം പ്രതിപക്ഷ നേതാവായിരുന്നപ്പോൾ തന്നെ ഫൊക്കാന കലഹാരി കൺവൻഷനിലേക്ക് ക്ഷണിക്കുകയും അദ്ദേഹം ക്ഷണം സ്വീകരിക്കുകയും ചെയ്തിട്ടുള്ളതാണ്. അങ്ങനെ ഫൊക്കാന ഈ കൺവൻഷനിൽ കേരളാ മുഖ്യമന്ത്രിയുടെ സാന്നിധ്യം ഉറപ്പാണ്.

ജനവികാരം അറിഞ്ഞു പ്രവർത്തിക്കാൻ കഴിഞ്ഞതാണ് വി.ഡി. സതീശന് ഉണ്ടായ വിജയം. കേരളാ മുഖ്യമന്ത്രിയായി തെരഞ്ഞെടുക്കപ്പെട്ട വി.ഡി. സതീശന് ഫൊക്കാനയുടെ ആശംസകൾ നേരുന്നതിനോടൊപ്പം കേരളാ ജനതയെ ഒന്നാകെ കൂടെനിർത്തി ജനങ്ങളുടെ വിഷയങ്ങൾ ഏറ്റെടുത്തു പ്രവർത്തിക്കാൻ കഴിയട്ടെ എന്ന് ആശംസിക്കുന്നതായി ഫൊക്കാന എക്സിക്യൂട്ടീവ് കമ്മിറ്റി, നാഷണൽ കമ്മിറ്റി, ട്രസ്റ്റീ ബോർഡ് എന്നിവർ അറിയിച്ചു.

# ഹൂസ്റ്റൺ സെൻ്റ് മേരീസ് ക്നാനായ ദേവാലയത്തിൽ ഭക്തിസാന്ദ്രമായ പ്രഥമ ദിവ്യകാരുണ്യ സ്വീകരണം; 30 കുട്ടികൾ ആദ്യകുർബാന സ്വീകരിച്ചു

ബിബി തെക്കനാട്ട്

ഹൂസ്റ്റൺ: മിസ്സോറി സിറ്റി സെൻ്റ് മേരീസ് ക്നാനായ കത്തോലിക്കാ ഫൊറോന പള്ളിയിൽ ഈ വർഷത്തെ ആദ്യകുർബാന സ്വീകരണ ശുശ്രൂഷകൾ (Solemn Reception of Holy Communion) മെയ് 2-ന് ശനിയാഴ്ച പ്രൗഢഗംഭീരമായി നടന്നു. ഇടവകയിൽ 30 കുട്ടികളാണ് അന്നേദിവസം വിശുദ്ധ കുർബാന സ്വീകരിച്ച് ദിവ്യകാരുണ്യനാഥനെ ഹൃദയത്തിലേറ്റിയത്.



ഇടവക വികാരി റവ.ഫാ. അബ്രാഹം മുത്തോലത്ത് ചടങ്ങുക ൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. അസി. വികാരി ഫാ. ജോഷി വലിയവീട്ടിൽ, ഫാ. തോമസ് മേത്താനത്ത് ഒഎസ്എച്ച്, ഫാ. ജോപ്പൻ ചെത്തിക്കുന്നേൽ ഫിലിപ്പ് ഒഎസ്എച്ച്, ഫാ. ലിജോ കൊച്ചുപറമ്പിൽ, ഫാ. അനീഷ് പരപ്പനാട്ട് എന്നിവർ സഹകാർമ്മികരായിരുന്നു.





വെള്ളവസ്ത്രങ്ങളണിഞ്ഞ് കൈയിൽ തിരികളുമായി അൾത്താരയ്ക്കു മുന്നിലെത്തിയ കുട്ടികൾ, പ്രാർത്ഥനാപൂർവം ആദ്യമായി ദിവ്യകാരുണ്യം സ്വീകരിച്ചു.

കുട്ടികളുടെ മാതാപിതാക്കളും ബന്ധുക്കളും വിശ്വാസികളും ചടങ്ങുകളിൽ പങ്കെടുത്തു.



ആദ്യകുർബാന സ്വീകരണത്തോടനുബന്ധിച്ച് കുട്ടികൾക്ക് വിശ്വാസജീവിതത്തിന്റെ അടയാളങ്ങളായി ജപമാലയും (Rosary) ഉത്തരീയവും (Scapular) ചടങ്ങിൽ നല്കി.

പരിശുദ്ധ അമ്മയുടെ മദ്ധ്യസ്ഥതയിലും സഭയുടെ പ്രബോധനങ്ങളിലും ഉറച്ചുനില്ക്കാൻ ജപമാലയും ഉത്തരീയവും കുട്ടികളെ സഹായിക്കുമെന്ന് വൈദികർ സന്ദേശത്തിൽ ഓർമ്മിപ്പിച്ചു.

സിസിഡി ഡയറക്ടർ (ഡിആർഇ) ജോൺസൺ വട്ടമറ്റം, സിസ്റ്റർ ജോയിസ് എസ്ജെസി, ലൈസ ചാമക്കാലയിൽ, ഷീബ താന്നിച്ചുവട്ടിൽ എന്നിവരുടെയും പേരന്റ് കോ-ഓർഡിനേറ്റർമാരായ ജോസ് ചാഴിക്കാട്ട്, ദീപ്തി താന്നിച്ചുവട്ടിൽ എന്നിവരുടെയും മറ്റു മാതാപിതാക്കളുടെയും നേതൃത്വത്തിൽ നടന്ന പ്രവർത്തനങ്ങൾ ഈ ശുശ്രൂഷയുടെ വലിയ വിജയത്തിനു കാരണമായി.



കൈക്കാരന്മാരായ സജി മരങ്ങാട്ടിൽ, സാബു കറുകപ്പറമ്പിൽ, ജെയിംസ് വടക്കേക്കര, ജിജോ വട്ടമറ്റം, പാരിഷ് എക്സിക്യൂട്ടീവ് അംഗങ്ങളായ സിസ്റ്റർ റെജി എസ്ജെസി, സിസ്റ്റർ ലിസിൻ എസ്ജെസി, ജോസ് പുളിക്കത്തൊട്ടിയിൽ, ബിബി തെക്കനാട്ട് എന്നിവരുടെ ഏകോപനത്തിൽ ചടങ്ങുകൾ കുറ്റമറ്റ രീതിയിൽ ക്രമീകരിച്ചു.



ആദ്യകുർബാന സ്വീകരിച്ച കുട്ടികൾക്കുള്ള പ്രത്യേക സർട്ടിഫിക്കറ്റുകൾ തൊട്ടടുത്ത ദിവസമായ ഞായറാഴ്ചനടന്ന ചടങ്ങിൽ വിതരണം ചെയ്തു.


മാതാപിതാക്കളുടെയും സന്നദ്ധപ്രവർത്തകരുടെയും സജീവ സഹകരണം പരിപാടികൾക്ക് മിഴിവേകി. ആദ്യകുർബാന സ്വീകരണത്തിനുശേഷം വിശ്വാസികൾക്കായി സ്നേഹവിരുന്നും ഒരുക്കിയിരുന്നു.

സെൻ്റ് മേരീസ് ക്നാനായ കത്തോലിക്കാ ഫൊറോന പള്ളിയിലെ ഈ വർഷത്തെ ആദ്യകുർബാന സ്വീകരണ ശുശ്രൂഷകൾ ഇടവക സമൂഹത്തിന് വലിയൊരു ആത്മീയ അനുഭവം പകർന്നു നല്കി.

കേരളാ എക്സ്പ്രസ്
KERALA EXPRESS
വാരാന്ത്യം



# വി.ഡി. സതീശൻ: കേരളം കാക്കുന്ന പുതിയ പ്രതീക്ഷ



ജോസ് കണിയാലി

**കേ**രള രാഷ്ട്രീയത്തിൽ തികച്ചും വ്യത്യസ്തമായ ഒരു പ്രവർത്തനശൈലി കൊണ്ട് ചുരുങ്ങിയ കാലംകൊണ്ട് തന്നെ ജനമനസ്സുകളിൽ ഇടം നേടിയ നേതാവാണ് വി.ഡി. സതീശൻ. പ്രതിപക്ഷ നേതാവ് എന്ന നിലയിലുള്ള അദ്ദേഹത്തിന്റെ ഇടപെടലുകൾ വെറുമൊരു രാഷ്ട്രീയ എതിർപ്പിനപ്പുറം, കൃത്യമായ പഠനങ്ങളുടെയും വസ്തുതകളുടെയും അടിസ്ഥാനത്തിലുള്ളതായിരുന്നു. അതുകൊണ്ടുതന്നെ, വരുംകാല കേരളത്തെ നയിക്കാൻ പ്രാപ്തിയുള്ള ഒരു മികച്ച ഭരണാധികാരിയായിട്ടാണ് കേരള ജനത ഇന്ന് അദ്ദേഹത്തെ നോക്കിക്കാണുന്നത്. ജനങ്ങളുടെ പ്രശ്നങ്ങൾ നിയമസഭയ്ക്കുള്ളിലും പുറത്തും ശക്തമായി ഉന്നയിക്കുന്നതിൽ അദ്ദേഹം കാണിക്കുന്ന മികവ് അദ്ദേഹത്തിന്റെ ജനപ്രീതി ഇരട്ടിയാക്കുന്നു.

ഒരു പുതിയ ഡിജിറ്റൽ യുഗത്തിലൂടെയാണ് നാം ഇന്ന് കടന്നുപോകുന്നത്. സാങ്കേതിക വിദ്യയുടെ വളർച്ച ഒട്ടനവധി സാധ്യതകൾ തുറന്നുതരുമ്പോഴും, അതിനോടൊപ്പം വലിയ വെല്ലുവിളികളും പ്രശ്നങ്ങളും സമൂഹത്തിൽ ഉടലെടുക്കുന്നുണ്ട്. സോഷ്യൽ മീഡിയ വഴിയുള്ള സൈബർ ആക്രമണങ്ങളും വ്യാജപ്രചാരണങ്ങളും വ്യക്തിഹത്യകളുമെല്ലാം ഇന്ന് സാധാരണയായി മാറിയിരിക്കുന്നു. വി.ഡി. സതീശൻ എന്ന നേതാവിനെതിരെയും ഇത്തരം ഡിജിറ്റൽ മാധ്യമങ്ങളിൽ വലിയ രീതിയിലുള്ള ദ്രോഹങ്ങളും ആസൂത്രിതമായ പ്രചാരണങ്ങളും പലപ്പോഴും ഉണ്ടായിട്ടുണ്ട്. എന്നാൽ ഇവയെയെല്ലാം അതീവ പക്വതയോടെയും ധീരതയോടെയും നേരിടാൻ അദ്ദേഹത്തിന് സാധിച്ചിട്ടുണ്ട് എന്നത് അദ്ദേഹത്തിന്റെ വ്യക്തിത്വത്തിന്റെ ദൃഢതയാണ് കാണിക്കുന്നത്.

ആധുനിക കാലത്തെ ഇത്തരം വെല്ലുവിളികളെ നേരിട്ടുകൊണ്ട്, ഡിജിറ്റൽ യുഗത്തിലെ മാറ്റങ്ങളെ പോസിറ്റീവായി ഉൾക്കൊള്ളാൻ അദ്ദേഹത്തിന് കഴിയുന്നുണ്ട്. പരമ്പരാഗതമായ രാഷ്ട്രീയ ശൈലികളിൽ നിന്ന് മാറി, സാങ്കേതികവിദ്യയെയും പുതിയ കാലത്തിന്റെ ചിന്തകളെയും മനസ്സിലാക്കി മുന്നോട്ടുപോകാൻ അദ്ദേഹം കാണിക്കുന്ന താല്പര്യം ശ്രദ്ധേയമാണ്. കേരളത്തിന്റെ വികസന കാര്യങ്ങളിലും ജനക്ഷേമ പ്രവർത്തനങ്ങളിലും ഒരു ഡിജിറ്റൽ കാഴ്ചപ്പാട് കൊണ്ടുവരാൻ അദ്ദേഹത്തിന് സാധിക്കുമെന്നത് ഉറപ്പാണ്. പ്രശ്നങ്ങളെ ഡിജിറ്റൽ യുഗത്തിന്റെ പശ്ചാത്തലത്തിൽ കണ്ട് പരിഹരിക്കാനുള്ള അദ്ദേഹത്തിന്റെ കഴിവ് ഭാവി കേരളത്തിന് വലിയൊരു കരുത്തായിരിക്കും.

വി.ഡി. സതീശനിൽ കേരളം അർപ്പിക്കുന്ന പ്രതീക്ഷകൾ വളരെ വലുതാണ്. മുൻപ് അദ്ദേഹം നടത്തിയിട്ടുള്ള വികസന പ്രഖ്യാപനങ്ങളും, സുരക്ഷാ-പ്രതിരോധ നയങ്ങളെക്കുറിച്ചുള്ള (എസ്കോർട്ട് പ്രഖ്യാപനങ്ങൾ ഉൾപ്പെടെയുള്ള) നിലപാടുകളും കേവലം വാക്കുകളിൽ ഒതുങ്ങാതെ പ്രാവർത്തികമാക്കേണ്ടതുണ്ട്. മാറ്റങ്ങൾക്കായി കാത്തിരിക്കുന്ന ഒരു ജനതയ്ക്ക് മുന്നിൽ ഇത്തരം പ്രഖ്യാപനങ്ങൾ കൃത്യമായി നടപ്പിലാക്കാൻ അദ്ദേഹത്തിന്റെ നേതൃത്വത്തിന് സാധിക്കുമെന്നാണ് എല്ലാവരും പ്രതീക്ഷിക്കുന്നത്. ഭാവിയെക്കുറിച്ചുള്ള വ്യക്തമായ കാഴ്ചപ്പാടും അത് നടപ്പിലാക്കാനുള്ള ആർജ്ജവവും അദ്ദേഹത്തെ മറ്റുള്ളവരിൽ നിന്ന് വ്യത്യസ്തനാക്കുന്നു.

തന്റെ രാഷ്ട്രീയ ജീവിതത്തിൽ ഉടനീളം പുരോഗമനപരമായ നിലപാടുകൾ ഉയർത്തിപ്പിടിച്ച ഒരു നേതാവാണ് അദ്ദേഹം. അതുകൊണ്ടുതന്നെ ഒരു ഉന്നത ഭരണാധികാരി എന്ന നിലയിൽ കേരളത്തെ നയിക്കാൻ അദ്ദേഹത്തിന് സാധിച്ചാൽ, അത് സംസ്ഥാനത്തിന്റെ സമഗ്രമായ വികസനത്തിന് കാരണമാകും. അഴിമതിയില്ലാത്ത, സുതാര്യമായ, ജനപക്ഷത്തു നിൽക്കുന്ന ഒരു നല്ല ഭരണം കാഴ്ചവെക്കാൻ അദ്ദേഹത്തിന് കഴിയുമെന്ന വിശ്വാസം ജനങ്ങൾക്കുണ്ട്. ഇനിയും വി.ഡി. സതീശനിൽ കേരളം വലിയ പ്രതീക്ഷകൾ അർപ്പിക്കുന്നു.

കേരളത്തിലെ സാധാരണക്കാരായ ജനങ്ങളുമായി നേരിട്ട് സംവദിക്കാനും അവരുടെ സ്പന്ദനങ്ങൾ തിരിച്ചറിയാനും വി.ഡി. സതീശൻ കാണിക്കുന്ന താല്പര്യം എടുത്തുപറയേണ്ടതാണ്. പ്രകൃതിദുരന്തങ്ങൾ ഉണ്ടായപ്പോഴാകട്ടെ, മറ്റ് സാമൂഹിക പ്രതിസന്ധികളുടെ ഘട്ടങ്ങളിലാകട്ടെ, പ്രത്യാശ നഷ്ടപ്പെട്ട ജനങ്ങൾക്ക് മുന്നിലേക്ക് ആശ്വാസത്തിന്റെ കൈത്തിരിയുമായി അദ്ദേഹം ഓടിയെത്തിയിട്ടുണ്ട്. ജനങ്ങളോടുള്ള ഈ ആത്മാർത്ഥമായ പ്രതിബദ്ധത തന്നെയാണ് അദ്ദേഹത്തെ വെറുമൊരു കക്ഷിരാഷ്ട്രീയ നേതാവ് എന്നതിനപ്പുറം ജനകീയനായൊരു ജനനായകനാക്കി മാറ്റുന്നത്. വാക്കുകളേക്കാൾ പ്രവർത്തിക്ക് പ്രാധാന്യം നൽകുന്ന ഇത്തരം ഇടപെടലുകളാണ് അദ്ദേഹത്തിലുള്ള ജനങ്ങളുടെ വിശ്വാസത്തെ കൂടുതൽ ദൃഢമാക്കുന്നത്.

കേരളത്തിന്റെ തനതായ സംസ്കാരവും പാരമ്പര്യവും കാത്തുസൂക്ഷിക്കുന്നതോടൊപ്പം തന്നെ ആധുനിക ലോകത്തിന്റെ പുരോഗതിക്കൊപ്പം സംസ്ഥാനത്തെ നയിക്കുക എന്ന വലിയൊരു ഉത്തരവാദിത്തമാണ് ഇനി അദ്ദേഹത്തിന് മുന്നിലുള്ളത്. വിദ്യാഭ്യാസ, തൊഴിൽ മേഖലകളിൽ വിപ്ലവകരമായ മാറ്റങ്ങൾ കൊണ്ടുവരാനും, യുവതലമുറയ്ക്ക് കേരളത്തിൽ തന്നെ മികച്ച അവസരങ്ങൾ സൃഷ്ടിക്കാനും അദ്ദേഹത്തിന്റെ നേതൃത്വത്തിന് സാധിക്കുമെന്നാണ് വിലയിരുത്തപ്പെടുന്നത്. പ്രതിസന്ധികളെ ഭയപ്പെടാതെ, എല്ലാവരെയും ഒന്നിച്ച് ചേർത്തുകൊണ്ട് വി.ഡി. സതീശൻ മുന്നോട്ട് പോകുമ്പോൾ അത് കേരളത്തിന്റെ ചരിത്രത്തിൽ ഒരു പുതിയ സുവർണ്ണ അധ്യായത്തിന് തുടക്കമിടുമെന്ന കാര്യത്തിൽ സംശയമില്ല.

# കേരള മന്ത്രിസഭയിലെ മന്ത്രിമാർ

**കോൺഗ്രസ്**


V.D സതീശൻ


രമേശ് ചെന്നിത്തല


K.മുരളീധരൻ


സണ്ണി ജോസഫ്


A.P അനിൽകുമാർ


ബിന്ദു കൃഷ്ണ

**കോൺഗ്രസ്**


T.സിദ്ദിഖ്


P.C വിഷ്ണുനാഥ്


റോജി M. ജോൺ



M.ലിജു


O.J ജനീഷ്


K.A തുളസി

**മുസ്‌ലിം ലീഗ്**


P.K കുഞ്ഞാലിക്കുട്ടി


P.K ബഷീർ


K.M ഷാജി


N.ഷംസുദ്ദീൻ


V.E അബ്ദുൽ ഗഫൂർ

ടേം വ്യവസ്ഥ


പാറക്കൽ അബ്ദുല്ല
(രണ്ടര വർഷത്തിന് ശേഷം)

**ആർഎസ്പി**


ഷിബു ബേബി ജോൺ

**സിഎംപി**


C.P ജോൺ

**കേ. കോൺ. (ജോസഫ്)**


മോൻസ് ജോസഫ്

**കേ. കോൺ. (ജേക്കബ്)**



അനൂപ് ജേക്കബ്

**കോൺഗ്രസ്**


തിരുവഞ്ചൂർ രാധാകൃഷ്ണൻ
സ്പീക്കർ


ഷാനിമോൾ ഉസ്മാൻ
ഡെ.സ്പീക്കർ

**കേ. കോൺ. (ജോസഫ്)**


അപു ജോൺ ജോസഫ്
ചീഫ് വിപ്പ്

## മന്ത്രിമാർക്ക് കേരളാ എക്സ്പ്രസ്സിന്റെ ആശംസകൾ

# ഫൊക്കാന ഇലക്ഷൻ നോട്ടിഫിക്കേഷൻ: അംഗത്വം പുതുക്കൽ ജൂൺ 6 വരെ, നോമിനേഷൻ 21 വരെ

**ജോർജി വർഗീസ്**

ഫ്ളോറിഡ: 2026 ഓഗസ്റ്റ് 7-ന് പെൻസിൽവേനിയയിലെ കലഹാരി റിസോർട്ടിൽ ഫൊക്കാന കൺവൻഷനിൽ നടത്തുന്ന തെരഞ്ഞെടുപ്പിനുള്ള ഇലക്ഷൻ നോട്ടിഫിക്കേഷൻ അംഗസംഘടനകൾക്ക് അയച്ചുകൊടുത്തതായി തെരഞ്ഞെടുപ്പ് കമ്മിറ്റി ചെയർമാൻ ജോർജി വർഗീസ്, അംഗങ്ങളായ ബിജു ജോൺ, ജോൺ പി. ജോൺ എന്നിവർ അറിയിച്ചു. അംഗസംഘടനകൾ അംഗത്വം പുതുക്കുന്നതിനുള്ള അപേക്ഷകളും ഡെലിഗേറ്റു ലിസ്റ്റും ജൂൺ 6-നു മുമ്പായി കിട്ടിയിരിക്കണം. പൂരിപ്പിച്ച അപേക്ഷകൾ The Chairman, Fokana Eelection Commitee, 304 Indian Trace, PMB#425 Weston, Fl 33326-2996 എന്ന വിലാസത്തിൽ അയയ്ക്കേണ്ടതാണ്. ഫൊക്കാന വെബ്സൈറ്റിൽ (www.fokanaonline.org) തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട എല്ലാ ഡോക്കുമെന്റുകളും ലഭ്യമാണ്.

കാനഡയിൽ നിന്നുമുള്ള ജോജി തോമസ് ചെയർമാനായ ട്രസ്റ്റീ ബോർഡാണ് ഇലക്ഷന് ചുക്കാൻ പിടിക്കുന്നത്. അമേരിക്കൻ വോട്ടിങ്ങിനു സമാനമായി ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകളുടെ സഹായത്തോടെയാണ് തെരഞ്ഞെടുപ്പ് നടത്തുന്നത്. അമേരിക്കയിലെ പ്രസിദ്ധമായ ഒരു വോട്ടിംഗ് കമ്പനിക്കാണ് ഇതിന്റെ മുഴുവൻ ചുമതലയും.

സ്ഥാനാർത്ഥികൾക്ക് നാമനിർദേശ പത്രിക (നോമിനേഷൻ) സമർപ്പിക്കുന്നതിനുള്ള അവസാന തീയതി ജൂൺ 21 ആണ്. ഫൊക്കാന തെരഞ്ഞെടുപ്പ് കമ്മിറ്റി പ്രസിദ്ധീകരിച്ച ഔദ്യോഗിക നാമനിർദ്ദേശ പത്രികയിൽ ആയിരിക്കണം പത്രിക സമർപ്പിക്കേണ്ടത്.



ജൂൺ 21-ന് പോസ്റ്റ് ചെയ്തതായി പോസ്റ്റൽ സീലിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ അവ സ്വീകരിക്കുന്നതായിരിക്കും. ഏതെങ്കിലും സാഹചര്യത്തിൽ പത്രികകൾ നഷ്ടപ്പെടുകയോ വൈകിപ്പോവുകയോ ചെയ്താൽ തെരഞ്ഞെടുപ്പ് കമ്മിറ്റി ഉത്തരവാദികളായിരിക്കുകയില്ല. ഈ പ്രതിസന്ധി ഒഴിവാക്കാൻ പത്രികയുടെ ഒരു കോപ്പി ഇ-മെയിൽ വഴി തെരഞ്ഞെടുപ്പ് കമ്മിറ്റി ചെയർമാന് സമർപ്പിക്കേണ്ടതാണെന്ന് തെരഞ്ഞെടുപ്പ് കമ്മിറ്റി ചെയർമാൻ ജോർജി വർഗീസ് അറിയിച്ചു. ഇ-മെയിൽ വിലാസം: fokanaelection2026@-gmail.com

2024 വരെ അംഗത്വം പുതുക്കിയിട്ടുള്ളതും പുതുതായി അംഗീകരിച്ചിട്ടുള്ളതുമായ എല്ലാ അംഗസംഘടനകൾക്കും തെരഞ്ഞെടുപ്പ് വിജ്ഞാപനവും അംഗത്വ അപേക്ഷകളും നോമിനേഷൻ ഫോറങ്ങളും അയച്ചുകൊടുത്തിട്ടുണ്ട്. ഏതെങ്കിലും അസോസിയേഷന് ഇ-മെയിൽ ലഭിക്കാതെ വന്നിട്ടുണ്ടെങ്കിൽ വെബ്സൈറ്റിൽ നിന്നും എല്ലാ ഡോക്യുമെന്റ്സും ലഭ്യമാണ്.

നോമിനേഷൻ പിൻവലിക്കാനുള്ള അവസാന തീയതി 2026 ജൂൺ 27 ആണ്. ഒരാൾക്ക് ഒരു സ്ഥാനത്തേക്ക് മാത്രമേ നാമനിർദ്ദേശ പത്രിക സമർപ്പിക്കാൻ പാടുള്ളുവെന്ന് വ്യക്തമാക്കിയ സമിതി അംഗങ്ങൾ ഫൊക്കാനയുടെ അംഗസംഘടനകളുടെ ഭാഗമായവർ (അംഗങ്ങൾ) മാത്രമേ നാമനിർദ്ദേശ പത്രിക നല്കാനുള്ള അർഹതയുള്ളുവെന്നും വ്യക്തമാക്കി.

നാമനിർദ്ദേശ പത്രികയ്ക്കൊപ്പം അതിന്റെ ഫീസ് കൂടി അയ്ക്കേണ്ടതാണ്. അതത് സംഘടനകളുടെ പ്രസിഡണ്ട്, സെക്രട്ടറി, ട്രഷറർ എന്നിവർ ചേർന്നായിരിക്കണം ഓരോ സ്ഥാനാർത്ഥികളെയും നാമനിർദ്ദേശം ചെയ്യേണ്ടത്. ഇവരിൽ മൂന്നുപേരിൽ രണ്ടു പേരുടെയെങ്കിലും ഒപ്പ് നാമനിർദ്ദേശ പത്രികയിൽ ഉണ്ടായിരിക്കണം.


റീജിയണൽ വൈസ് പ്രസിഡണ്ട് (ആർവിപി) സ്ഥാനാർത്ഥികൾ അതത് റീജിയണുകളിൽ നിന്നുള്ള ഏതെങ്കിലും അംഗസംഘടനകളിൽ അംഗത്വമുള്ളവരായിരിക്കണം. റീജിയണൽ വൈസ് പ്രസിഡണ്ടുമാരെ തെരഞ്ഞെടുക്കുന്നത് അതത് റീജിയണുകളിലെ ഡെലിഗേറ്റുമാരുടെയും അംഗസംഘടനകളുടെ നിലവിലുള്ള പ്രസിഡണ്ടുമാരുടെയും മുൻ പ്രസിഡണ്ടുമാരുടെയും മാത്രം വോട്ടുകളെ ആശ്രയിച്ചായിരിക്കും. അംഗത്വഫീസ് അടച്ച് അംഗത്വം പുതുക്കിയ അംഗസംഘടനകളുടെ പ്രതിനിധികൾക്ക് മാത്രമേ ജനറൽ ബോഡിയിലും തെരഞ്ഞെടുപ്പ് പ്രക്രിയയുടെ ഭാഗമായി വോട്ടെടുപ്പിലും പങ്കെടുക്കാൻ അനുവദിക്കുകയുള്ളൂ. അർഹതയുള്ള എല്ലാ പ്രതിനിധികളും ജനറൽ കൗൺസിൽ യോഗത്തിലും വോട്ടവകാശം രേഖപ്പെടുത്താനും നേരിട്ട് ഹാജരാകേണ്ടതാണ്. ഡെലിഗേറ്റുമാർ ജനറൽ ബോഡിയിൽ പങ്കെടുക്കാനും വോട്ട് ചെയ്യാനും എത്തുമ്പോൾ ഫോട്ടോ പതിച്ച തിരിച്ചറിയൽ രേഖകൾ വിശദമായ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്.

ഒരു അംഗസംഘടനയിൽ നിന്ന് രണ്ടിൽ കൂടുതൽ സ്ഥാനാർത്ഥികളെ നാഷണൽ കമ്മിറ്റിയിലേക്കോ ട്രസ്റ്റി ബോർഡിലേക്കോ നാമനിർദ്ദേശം ചെയ്യാൻ പാടില്ല. ഫൊക്കാന നാഷണൽ കമ്മിറ്റിയിലോ ട്രസ്റ്റി ബോർ ഡിലോ കുറഞ്ഞത് ഒരു തവണയെങ്കിലും പ്രവർത്തനപരിചയമില്ലാത്തവർക്ക് പ്രസിഡണ്ട്, ജനറൽ സെക്രട്ടറി, ബോർഡ് ഓഫ് ട്രസ്റ്റി സ്ഥാനങ്ങളിലേക്ക് മത്സരിക്കാൻ യോഗ്യത ഉണ്ടായിരിക്കുകയില്ല. മറ്റേതെങ്കിലും സമാന്തര സംഘടനകളുടെ ഔദ്യോഗിക ഭാരവാഹികൾ ആയിട്ടുള്ളവർക്ക് ഫൊക്കാനയുടെ ഒരു സ്ഥാനത്തേക്കും മത്സരിക്കാൻ യോഗ്യത ഉണ്ടാകില്ല. അംഗത്വം പുതുക്കാത്ത അംഗസംഘടനകളിൽ നിന്ന് ലഭിക്കുന്ന നാമനിർദ്ദേശ പത്രികകൾക്ക് അയോഗ്യത കല്പിക്കുന്നതായിരിക്കും.

# ചിക്കാഗോ സെ. മേരീസിൽ ആഘോഷമായ ദിവ്യകാരുണ്യ സ്വീകരണം മെയ് 24–ന്

**റോയി ചേലമലയിൽ**

ചിക്കാഗോ: മോർട്ടൻഗ്രോവ് സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ഇടവകയിലെ ഈ വർഷത്തെ ആഘോഷമായ ദിവ്യകാരുണ്യ സ്വീകരണം മെയ് 24-ന് ഞായറാഴ്ച നടത്തപ്പെടുന്നതാണ്. ഒരുവർഷം നീണ്ടുനിന്ന പഠനത്തിന്റെയും പരിശീലനത്തിന്റെയും സമാപനത്തിൽ 21 കുട്ടികളാണ് ദിവ്യകാരുണ്യം സ്വീകരിക്കുന്നത്. ഞായറാഴ്ച വൈകുന്നേരം 3.30-നാണ് ഈ തിരുക്കർമ്മങ്ങൾ നടത്തപ്പെടുന്നത്. ക്നാനായ റീജിയൻ ഡയറക്ടറും വികാരി ജനറലുമായ ഫാ. തോമസ് മുളവനാൽ, ഇടവക വികാരി ഫാ. സിജു മുടക്കോടിൽ, അസി. വികാരി ഫാ. അനീഷ് മാവേലിപുത്തൻപുരയിൽ, ബെൻസൻവിൽ തിരുഹൃദയ ക്നാനായ ഫൊറോനാ വികാരി ഫാ. ഏബ്രഹാം കളരിക്കൽ തുടങ്ങിയ നിരവധി വൈദികർ കാർമ്മികരായിരിക്കും.




സെന ചാലുങ്കൽ, മിലാന ചെറിയത്തിൽ, അയലാ ചോരത്ത്, ജെസ്ലെറ്റ് ഇടക്കരപുത്തൻപുരയിൽ, ഇവാലിന ഇടയാടിയിൽ,റീസ് ഇടശ്ശേരിൽ, ഷാർലറ്റ് കൈമൂലയിൽ, കെയ്റ്റൻ കണിയാംപറമ്പിൽ, ഹന്നാ കിഴവള്ളിൽ, അഞ്ജലി കുന്നശ്ശേരി, തിയോ മ്യാൽക്കരപ്പുറത്ത്, എൽവിൻ ഒഴുങ്ങാലിൽ, അനബെൽ പനങ്ങാട്ട്, മെൽവിൻ പാറേൽ, ജോഷ് പോളക്കൽ, ആബെൽ പുത്തൻപറമ്പിൽ, നാതൻ താന്നിച്ചുവട്ടിൽ, ഇഷാന തെങ്ങനാട്ട്, മെലിസ്സ വഞ്ചിത്താനത്ത്, എമിലി വണ്ടന്നൂർ, ജോർഡൻ വാണിയകുന്നേൽ എന്നിവരാണ് ഈ ദിവസം ദിവ്യകാരുണ്യം സ്വീകരിക്കുന്നത്.

തിരുക്കർമ്മങ്ങൾക്കുശേഷം വൈകുന്നേരം 6.30-ന് എൽമ്ഹസ്റ്റിലുള്ള എൽമ് വെസ്റ്റ് ബാങ്കറ്റ് ഹാളിൽ വെച്ച് കുട്ടികൾക്കുള്ള സ്വീകരണവും ഡിന്നറും നടത്തപ്പെടുന്നതാണ്. ഇതോടൊപ്പം കുട്ടികളും മാതാപിതാക്കളും അവതരിപ്പിക്കുന്ന വിവിധ കലാപരിപാടികളും ഉണ്ടായിരിക്കുന്നതാണ്.

മാതാപിതാക്കളുടെ കോ-ഓർഡിനേറ്ററായി ജസ്റ്റിൻ തെങ്ങനാട്ട്, അസി. കോ-ഓർഡിനേറ്ററായി ഷിജു ചെറിയത്തിൽ, നവീൻ കണിയാംപറമ്പിൽ എന്നിവരെയും സൺഡേസ്കൂൾ പ്രിൻസിപ്പൽ സജി പൂത്തൃക്കയിൽ, അസി. പ്രിൻസിപ്പൽ മനീഷ് കൈമൂലയിൽ എന്നിവരുടെയും ബിനു ഇടകര, ജിനു നെടിയകാല എന്നിവരുടെ നേതൃത്വത്തിലുള്ള മതാദ്ധ്യാപകരുടെയും ഇടവകയുടെ കൈക്കാരന്മാരായ സേവ്യർ നടുപ്പറമ്പിൽ സണ്ണി കണ്ണാല, ജോബി പോളക്കൽ, മജോ കുന്നശ്ശേരി, ഫെലിക്സ് പാലകൻ എന്നിവരുടെയും നിരവധി വോളന്റിയേഴ്സിന്റെയും നേതൃത്വത്തിൽ വിപുലമായ ഒരുക്കങ്ങളാണ് ഈ പരിപാടിക്കായി നടത്തിവരുന്നത്. ഈ വർഷം പുതിയ ബാങ്കറ്റ് ഹാളിൽ ആണ് റിസപ്ഷൻ നടത്തുന്നത്. അഡ്രസ്: Elm West Banquets, 681 W North Ave, Elmhurst, IL60126.



# THANNIKKARY VACATION HOME

**S.H.MOUNT P.O., KOTTAYAM 686006, KERALA**

FEATURES:
Free Wi-Fi, Plenty of parking, Beautician near by, Mosquito proof house, Currency exchange near by, Cook available to cook with your choice, Kottayam Railway Station & Town near by, Excellent ayurvedic massage place near by,
All Bedrooms are AC with attached bathrooms



For booking:
ABRAHAM THANNIKARI
USA - 346-632-6716
India - +91 815 692-0366 and +91 965 616-8399
athannikari@hotmail.com

# GREEN NESTLE
## VACATION HERITAGE HOME

Kannachahamparambil, Kuruppanthara,
Manjoor P.O., Pin: 686603, Kottayam (Dist), Kerala State, India

- For Vacation and Holiday rentals.
- Licensed Home stay, Safe and Secured.
- 3 A/C rooms, Unique Packages for 2-8 people very economical.
- Individual Room rental for families.
- Fruits and vegetable Garden.
- Feels like farm house with Pets, Animals, Fish and birds.
- Free wifi - with High Speed internet CCTV Camera, OTT Platform Available, Police Surveillance.
- Gold classification of HOME STAY by Tourism Department of Kerala, Rated as one among the best HOME STAY by Tourism Department of Kerala.
- Cook available, Serving Ethnic Foods produced Organically from the integrated Farm Surrounding the Home Stay.
- Full fledged kitchen with all facilities to cook yourself, Grill and Barbecue Facilities.
- Adhering Food Safety Regulations.
- Caretaker to help you in as your needs, Travel Desk and Tour Package Facilities



CONTACT
+91 8590571037
+91 9947598241
US WhatsApp No. +1 6308197745
UK WhatsApp No. +44 7747748046
www. greennestlehomes.com
greennestle01@gmail.com



# മാതൃദിനം സ്നേഹോത്സവമാക്കി ഡാളസ് ഇടവക മെൻസ് മിനിസ്ട്രി

ജോക്കുട്ടി മേലേടത്ത്



ഡാളസ്: ഡാളസ് ക്രിസ്തുരാജ ക്നാനായ കത്തോലിക്കാ ഇടവക മെൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ 'അമ്മവീട്' മാതൃദിനാഘോഷം വിപുലമായി സ്നേഹോത്സവമായി നടത്തപ്പെട്ടു. വിവിധ മിനിസ്ട്രികളെയും കോർത്തിണക്കി പുതുമയാർന്ന പരിപാടികൾ മാതൃദിനത്തിൽ ക്രമീകരിച്ചു. ഹോളി ചൈൽഡ്ഹുഡ് മിനിസ്ട്രി കുട്ടികൾക്കായി പെയിന്റിംഗ്, മിഷൻലീഗ് കുട്ടികൾക്കായി ഗ്രീറ്റിങ് കാർഡ് മെയ്ക്കിംഗ്, ഓരോ കുടുംബങ്ങൾക്കുമായി അമ്മമാരിൽ അനുഗ്യഹീതയായ പരിശുദ്ധ അമ്മയുടെ രൂപം അലങ്കാര മത്സരം തുടങ്ങിയവ സംഘടിപ്പിച്ചു.മത്സരം കുഞ്ഞുങ്ങളിൽ വലിയ മാതൃദിനത്തിന്റെ ഉണർവായി മെയ് 10-ന് രാവിലെ 9.30-ന് അമ്മമാരോടൊപ്പമുള്ള വിശുദ്ധ കുർബാനയും തുടർന്ന് എല്ലാ അമ്മമാരെയും മാലാഖാമാരുടെ വേഷമണിഞ്ഞ കുഞ്ഞുങ്ങളെയും മെൻസ് മിനിസ്ട്രി ചെണ്ടമേളത്തോടെ ഹാളിലേക്ക് ആനയിച്ചു. ഹാളിൽ അമ്മമാർക്ക് പുതുമയാർന്ന മത്സരവും തുടർന്ന് കുട്ടികളുടെ നേതൃത്വത്തിൽ അമ്മമാർക്കായി 'അമ്മ ഊണ്' ക്രമീകരിച്ചു. മെൻസ് മിനിസ്ട്രി പ്രസിഡണ്ട് ബിനു അത്തിമറ്റത്തിന്റെ നേതൃത്വത്തിൽ എക്സിക്യൂട്ടീവ് അംഗങ്ങൾ ആഘോഷങ്ങൾക്ക് ചുക്കാൻ പിടിച്ചു.

# ജാക്സൺ ഹൈറ്റ്സ് സെ. മേരീസ്ഓർത്തഡോക്സ് പള്ളിയിൽ മദേഴ്സ് ഡേ ആഘോഷിച്ചു



ന്യൂയോർക്ക്: ജാക്സൺ ഹൈറ്റ്സ് സെന്റ് മേരീസ് ഓർത്തഡോക്സ് ഇടവകയിൽ ഈ വർഷത്തെ മദേഴ്സ് ഡേ പരിപാടി വികാരി റവ.ഫാ. ജോൺ തോമസ് ആലുമ്മൂട്ടിലിന്റെ അദ്ധ്യക്ഷതയിൽ കൊണ്ടാടി. മുഖ്യാതിഥി ഡോ. മിറിയം തോമസ് മദേഴ്സ് ഡേ സന്ദേശം നല്കി.

ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ വെസ്റ്റ് വെർജീനിയയിൽ ആൻഡ്രൂസ് മെതഡിസ്റ്റ് എപ്പിസ്കോപ്പൽ ചർച്ചിൽ, മാതാപിതാക്കൾക്കു വേണ്ടി ഒരു ഞായറാഴ്ച വേർതിരിച്ച് ആരാധനയ്ക്ക് മാറ്റിവെച്ച രീതി ഇന്ന് ലോകം മുഴുവൻ വ്യത്യസ്തമായ മതങ്ങളുടെ നേതൃത്വത്തിൽ വിവിധ തീയതികളിൽ നടത്തപ്പെടുന്നതിൽ താൻ സന്തുഷ്ടയാണെന്ന് ഡോ. മിറിയം തോമസ് അഭിപ്രായപ്പെട്ടു.

ഈ ദിവസം മാറ്റിവെക്കുവാൻ തുടക്കമിട്ട അന്ന ജാർവിസ് എന്ന വനിത, തന്റെ അന്ത്യത്തിൽ ഈ മാതൃദിനാഘോഷം കച്ചവട സാദ്ധ്യതയിലേക്ക് മാറുന്നത് കണ്ടപ്പോൾ ഏറെ ദുഃഖിച്ചു.



ഒരു ശിശുവിന് തന്റെ ഉദരത്തിൽ സ്ഥാനം ലഭിക്കുന്നതു മുതൽ പ്രസവാനന്തരം അതിന്റെ വളർച്ചയിൽ വേദനയും സന്തോഷവും പങ്കിടുന്ന അമ്മയെ ഏത് രീതിയിൽ വർണ്ണിക്കാനാകുമെന്ന് അവർ ചോദിച്ചു.

യോഗത്തിൽ ഇടവക സെക്രട്ടറി ഗീവർഗീസ് ജേക്കബ് സ്വാഗതം ആശംസിച്ചു. വിവിധ പ്രോഗ്രാമുകൾക്ക് ഷാരൺ അലക്സ് നേതൃത്വം നല്കി. മെൻസ് ഫോറത്തെ പ്രതിനിധീകരിച്ച് പോൾ കുര്യനും യൂത്തിനു വേണ്ടി റയാൻ തോമസും ആശംസകൾ അറിയിച്ചു. ഹന്ന അഭിലാഷിന്റെ നേതൃത്വത്തിൽ സൺഡേസ്കൂൾ കുട്ടികളുടെ ഗാനാലാപനങ്ങളും വിവിധ കലാപരിപാടികളും നടത്തപ്പെട്ടു.

മാഹിയാ തോമസ് റഹ്മാൻ അതിഥിയെ ബൊക്കെ നല്കി സ്വീകരിച്ചു. സൺഡേസ്കൂൾ പ്രിൻസിപ്പൽ ബിജി വർഗീസ് ചടങ്ങിൽ കൃതജ്ഞത രേഖപ്പെടുത്തി.



# നോർത്തമേരിക്കൻ ദൈവസഭകളുടെ സമ്മേളനം കോളറാഡോയിൽ ജൂലൈയിൽ

**റോയി മേപ്രാൽ**

കോളറാഡോ: ദൈവസഭകളുടെ ദേശീയ സമ്മേളനം കോളറാഡോയിൽ ഡെൻവർ പട്ടണത്തിലെ മാരിയറ്റ് ഹോട്ടലിൽ ജൂലൈ 9 മുതൽ 12 വരെ നടത്തുവാനുള്ള ക്രമീകരണങ്ങൾ പുരോഗമിക്കുന്നു.

പകൃതിരമണീയമായ കോളറാഡോ സംസ്ഥാനത്തിൽ നടക്കുന്ന ഈ പ്രഥമ സമ്മേളനത്തിന്റെ കൺവീനർ റവ. ബെൻസൺ ഏബ്രഹാം, വൈസ് പ്രസിഡണ്ട് റവ. സൈമൺ ഫിലിപ്പ്, സെക്രട്ടറി ഡോ. ഷിബു സാമുവേൽ, ട്രഷറർ റവ. ജെയിംസ് ഏബ്രഹാം എന്നിവരും പാസ്റ്റർ ഡാർവിൻ വിൻസൺ ഇംഗ്ലീഷ് കോ-ഓർഡിനേറ്ററായും ഡോ. ജോളി ജോസഫ് ലേഡീസ് പ്രസിഡണ്ടെന്ന നിലയിലും പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കുന്നു. സമ്മേളനത്തിനു മുന്നോടിയായി ജൂലൈ 8, 9 തീയതികളിൽ ശുശ്രൂഷകന്മാരുടെ കുടുംബസമ്മേളനവും ക്രമീകരിച്ചിട്ടുണ്ട്.



പാസ്റ്റർ റെജി ശാസ്താംകോട്ട



പാസ്റ്റർ ഷിബു തോമസ്



പാസ്റ്റർ അനീഷ് തോമസ്



പാസ്റ്റർ ഗ്ലാഡ്സൺ വർഗീസ്



പാസ്റ്റർ ടോണി സ്റ്റുവർട്ട്



പാസ്റ്റർ ബോബി ആൻഡ്രൂസ്

കോൺഫറൻസിന്റെ വിവിധ സമയങ്ങളിലായി ആത്മാവിൽ ഏകീകരണം എന്ന വിഷയത്തിൽ കേന്ദ്രീകരിച്ച് സംസാരിക്കുവാൻ പ്രാദേശിക സഭകളിലെ ദൈവദാസന്മാർക്കൊപ്പം അതിഥികളായ ദൈവദാസന്മാർ റെജി ശാസ്താംകോട്ട, ഷിബു തോമസ് (ഒക്കലഹോമ), അനീഷ് തോമസ് (കേരളം), ഗ്ലാഡ്സൺ വർഗീസ് (യുഎഇ) എന്നിവർക്കു പുറമെ അമേരിക്കയിൽ അറിയപ്പെടുന്ന ഉണർവ് പ്രസംഗകരായ ടോണി സ്റ്റുവർട്ട്, ബോബി ആൻഡ്രൂസ് എന്നിവരും ദൈവവചനം പങ്കിടും. യുവാക്കൾക്കും കുട്ടികൾക്കും പ്രത്യേകം മീറ്റിങ്ങുകൾ ക്രമീകരിച്ചിട്ടുണ്ട്.

കോളറാഡോയുടെ പർവ്വതനിരകളുടെ മനോഹാരിതയും ഒപ്പം ആത്മീയ കൂട്ടായ്മയുടെ സന്തോഷവും ഒന്നിച്ച് അനുഭവിക്കുവാൻ എല്ലാവരെയും സംഘാടകർ ക്ഷണിക്കുന്നു.


## വേൾഡ് പീസ് മിഷൻ ചെയർമാൻ ഡോ. സണ്ണി സ്റ്റീഫൻ അമേരിക്കയിലേക്ക്

കോട്ടയം: 1995-ൽ സ്ഥാപിതമായ വേൾഡ് പീസ് മിഷൻ ആത്മീയവും പ്രായോഗികവുമായ നവീകരണ ശുശ്രൂഷകളിലൂടെ വിശ്വാസിസമൂഹത്തെ ശക്തിപ്പെടുത്തുന്ന സമർപ്പിതമായ ഒരു ആഗോള സുവിശേഷ സംഘടനയായി പ്രവർത്തിച്ചുവരുന്നു. കഴിഞ്ഞ മൂന്നു പതിറ്റാണ്ടുകളായി ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ആത്മീയ ശുശ്രൂഷകൾ നടത്തി വിശ്വാസികളെ ദൈവവുമായി കൂടുതൽ അടുപ്പിക്കുകയും വിശ്വാസജീവിതത്തിലും പ്രാർത്ഥനയിലും സഭാസഹവാസത്തിലും വളരാൻ പ്രേരിപ്പിക്കുകയും ചെയ്യുന്നതായി ചെയർമാൻ ഡോ. സണ്ണി സ്റ്റീഫൻ അറിയിച്ചു.

വിശ്വാസം ശ്വാസംപോലെ അനിവാര്യമാണെന്ന സന്ദേശം മുൻനിർത്തി ആഴത്തിലുള്ള ബൈബിൾ പഠനങ്ങളിലൂടെ വിശുദ്ധ വചനത്തിന്റെ സത്യങ്ങൾ ദൈനംദിന ജീവിതത്തിൽ പ്രാവർത്തികമാക്കാൻ വിശ്വാസികളെ പരിശീലിപ്പിക്കുകയാണ് മിഷന്റെ പ്രധാന ലക്ഷ്യം. യുവജനങ്ങളിൽ ആത്മീയ ഉണർവ് സൃഷ്ടിക്കുക, കുടുംബപ്രാർത്ഥനയും ക്രൈസ്തവ മൂല്യങ്ങളും ശക്തിപ്പെടുത്തുക, യേശുക്രിസ്തുവിന്റെ മനസ്സും സ്വഭാവവും ജീവിതത്തിൽ പ്രതിഫലിപ്പിക്കുന്ന വിശ്വാസികളായി സമൂഹത്തിൽ ജീവിക്കാൻ പ്രേരിപ്പിക്കുക എന്നിവയും പ്രവർത്തനങ്ങളുടെ ഭാഗമാണ്.

കഴിഞ്ഞ ഇരുപതു വർഷമായി അമേരിക്കയിലെ വിവിധ സഭകളിൽ സംഘടിപ്പിച്ചുവരുന്ന വചനപ്രഘോഷണ ശുശ്രൂഷകൾ നിരവധി വിശ്വാസികളുടെ ആത്മീയ ജീവിതത്തിൽ നവോത്ഥാനാനുഭവമായി മാറിയിട്ടുണ്ട്. ഈ വർഷവും വിവിധ സഭകളിൽ നിന്ന് ക്ഷണം ലഭിച്ചിരിക്കുന്നതിനാൽ 2026 ജൂലൈ 1 മുതൽ ഒക്ടോബർ 31 വരെ അമേരിക്കയിലെ വിവിധ ദേവാലയങ്ങളിൽ ആത്മീയ ശുശ്രൂഷകൾ നടത്തുമെന്ന് ഡോ. സണ്ണി സ്റ്റീഫൻ അറിയിച്ചു.

ബൈബിൾ കൺവൻഷൻ, ഫാമിലി റിട്രീറ്റ്, യൂത്ത് കൺവൻഷൻ, സീനിയർ സിറ്റിസൺ സെമിനാർ, ദേവാലയ ഗായകസംഘങ്ങളുടെ നേതൃത്വത്തിലുള്ള തിരുവചന സംഗീത പരിശീലനവും മ്യൂസിക് മെഡിറ്റേഷനും, ആത്മീയ





നവീകരണ ശുശ്രൂഷകൾ തുടങ്ങിയ പരിപാടികൾ വിവിധ സഭകളിൽ സംഘടിപ്പിക്കുമെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

വേൾഡ് പീസ് മിഷന്റെ ശുശ്രൂഷകൾക്ക് എല്ലാവരുടെയും പ്രാർത്ഥനാപിന്തുണയും സഹകരണവും അഭ്യർത്ഥിക്കുന്നതായി ഡോ. സണ്ണി സ്റ്റീഫൻ അറിയിച്ചു.

## പാസ്റ്റർ എസ്. ഏബ്രഹാം പെന്തെക്കോസ്ത് മിഷൻ ഡെപ്യൂട്ടി ചീഫ് പാസ്റ്റർ

**ചാക്കോ കെ. തോമസ്**



ചെന്നൈ: ദി പെന്തെക്കോസ്ത് മിഷൻ സഭയുടെ ഡെപ്യൂട്ടി ചീഫ് പാസ്റ്റർ ആയി അഡയാർ സെന്റർ പാസ്റ്ററായിരുന്ന എസ്. ഏബ്രഹാം അരുൾ രാജ് (ലാലു-72) നിയമിതനായി. കഴിഞ്ഞ ദിവസം നിത്യതയിൽ ചേർക്കപ്പെട്ട ഡെപ്യൂട്ടി ചീഫ് പാസ്റ്റർ എം. ടി. തോമസിന്റെ ഒഴിവിലേക്കാണ് നിയമനം.

ചെന്നൈ ഇരുമ്പല്ലിയൂരിൽ നടന്ന മുൻ ഡെപ്യൂട്ടി ചീഫ് പാസ്റ്റർ എം.ടി. തോമസിന്റെ സംസ്കാര ശുശ്രൂഷയ്ക്കിടയിലാണ് ചീഫ് പാസ്റ്റർ ഏബ്രഹാം മാത്യു പ്രഖ്യാപനം നടത്തിയത്. 1977-ൽ ടിപിഎം സഭയുടെ ശുശ്രൂഷകനായിട്ടായിരുന്നു തുടക്കം. കേരളമടക്കം ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങളിലും മിഡിൽ ഈസ്റ്റിലും (ദുബായ്) സഭയുടെ ശുശ്രൂഷകനായിരുന്നു.

ബെംഗ്ളൂരു ഫെയ്സർ ടൗൺ സ്വദേശിയായ പരേതരായ സുന്ദർരാജ്-സ്വർണ്ണ ദമ്പതികളുടെ മകനാണ്. സഹോദരി മദർ രൂത്ത് ആസ്ട്രേലിയ റ്റിപിഎം സഭാ ശുശ്രൂഷക.

സഭയുടെ ചീഫ് പാസ്റ്റർ ഏബ്രഹാം മാത്യു, അസോസിയേറ്റഡ് ഡെപ്യൂട്ടി ചീഫ് പാസ്റ്റർ ജി. ജെയം എന്നിവർ തുടരും.



# ഹൂസ്റ്റൺ സെ. മേരീസ് ക്നാനായ കത്തോലിക്കാ ഫൊറോനപള്ളിയിൽ മാതൃദിനം ആഘോഷിച്ചു







ഹൂസ്റ്റൺ: മാതൃത്വത്തിന്റെ മഹത്വവും സ്നേഹവും വാഴ്ത്തിക്കൊണ്ട് ഹൂസ്റ്റൺ സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ഫൊറോന ദൈവാലയത്തിൽ മാതൃദിനം വിപുലമായ പരിപാടികളോടെ ആഘോഷിച്ചു.

മെയ് 10-ന് ഞായറാഴ്ച നടന്ന ഭക്തിസാന്ദ്രമായ വിശുദ്ധ കുർബാനയ്ക്കുശേഷം അമ്മമാരെ ആദരിക്കുന്നതിനായി പ്രത്യേക ചടങ്ങുകൾ സംഘടിപ്പിച്ചു.

ഇടവക വികാരി റവ.ഫാ. അബ്രാഹം മുത്തോലത്ത്, അസി. വികാരി ഫാ. ജോഷി വലിയവീട്ടിൽ എന്നിവർ പരിപാടികൾക്ക് നേതൃത്വം നല്കി.

**ബിബി തെക്കനാട്ട്**

കുടുംബത്തിന്റെയും സഭയുടെയും അടിസ്ഥാന ശിലകളായ അമ്മമാർക്ക് വൈദികർ മാതൃദിന ഉപഹാരങ്ങൾ കൈമാറി.

സ്നേഹത്തിന്റെയും ത്യാഗത്തിന്റെയും പ്രതീകമായ അമ്മമാരെ ആദരിക്കേണ്ടത് വിശ്വാസിസമൂഹത്തിന്റെ കടമയാണെന്ന് വൈദികർ തങ്ങളുടെ സന്ദേശത്തിൽ ഓർമ്മിപ്പിച്ചു.

ഇടവക ട്രസ്റ്റിമാരായ സജി മരങ്ങാട്ടിൽ, സാബു കറുകപ്പറമ്പിൽ, ജെയിംസ് വടക്കേക്കര, ജിജോ വട്ടമറ്റം, പാരിഷ് എക്സിക്യൂട്ടീവ് അംഗങ്ങളായ ജോസ് പുളിക്കത്തൊട്ടിയിൽ, സിസ്റ്റർ ലിസിൻ എസ്ജെസി, ബിബി തെക്കനാട്ട് എന്നിവരും പാരിഷ് കൗൺസിൽ അംഗങ്ങളും ആഘോഷപരിപാടികൾക്ക് നേതൃത്വം നല്കി. ഭാരവാഹികളുടെ സജീവസാന്നിദ്ധ്യം പരിപാടികളുടെ വിജയത്തിനു മാറ്റുകൂട്ടി.

ഇടവകയിലെ സീനിയർ മിനിസ്ട്രി അംഗങ്ങളായ മാത്യു തറയിൽ, ജോസ് തറയിൽ, തോമസ് കണിച്ചാട്ടുതറ, സെലിൻ പച്ചിക്കര, ജിജി കുളക്കാട്ട് എന്നിവരുടെ നേതൃത്വത്തിൽ വിശ്വാസികൾക്കായി സ്നേഹവിരുന്നും ഒരുക്കിയിരുന്നു.

ചടങ്ങുകൾക്കുശേഷം നടന്ന ലഘുഭക്ഷണം വിതരണത്തിന് സീനിയർ മിനിസ്ട്രി അംഗങ്ങൾ നേതൃത്വം നല്കി. ഹൂസ്റ്റണിലെ ക്നാനായ സമൂഹത്തിന്റെ ഐക്യവും സ്നേഹവും വിളിച്ചോതുന്നതായിരുന്നു പള്ളി ഹാളിൽ നടന്ന ഈ ആഘോഷങ്ങൾ.

മാതാപിതാക്കളും കുട്ടികളും ഉൾപ്പെടെ നൂറുകണക്കിനു വിശ്വാസികൾ പങ്കെടുത്ത ഈ മാതൃദിനാഘോഷം ഇടവകയുടെ ആത്മീയവും സാമൂഹികവുമായ ഒത്തുചേരലിന്റെ മറ്റൊരു നാഴികക്കല്ലായി മാറി.

കുടുംബത്തിന്റെയും സഭയുടെയും ഐക്യത്തിന് കരുത്തേകുന്ന എല്ലാ അമ്മമാർക്കും വികാരി ഫാ. അബ്രാഹം മുത്തോലത്ത്, അസി. വികാരി ഫാ. ജോഷി വലിയവീട്ടിൽ എന്നിവർ ആശംസകൾ നേർന്നു.

# റോക്ക്ലാൻഡ് സെ. മേരീസ് ക്നാനായ പള്ളിയിൽ മാതൃദിനം ആഘോഷിച്ചു

റോക് ലാൻഡ്: റോക്ക്ലാൻഡ് സെ. മേരീസ് ക്നാനായ പള്ളിയിൽ സംഘടിപ്പിച്ച മാതൃദിനാഘോഷം വിവിധ പരിപാടികളോടെ നടന്നു. മെയ് 10-ന് ഞായറാഴ്ച രാവിലെ വിശുദ്ധ കുർബാനയോടെയാണ് ആഘോഷങ്ങൾ ആരംഭിച്ചത്.

മാതൃദിനത്തോടനുബന്ധിച്ച് എല്ലാ അമ്മമാരുടെയും പ്രത്യേക കാഴ്ച സമർപ്പണവും നടത്തി. തുടർന്ന് വികാരി ഫാ. ജോബി പൂച്ചുക്കണ്ടത്തിലും കുട്ടികളും ചേർന്ന് അമ്മമാരെ സമ്മാനങ്ങൾ നല്കി ആദരിച്ചു. വിശുദ്ധ കുർബാനയ്ക്കുശേഷം ഇടവകയിലെ ഇവന്റ്സ് കമ്മിറ്റിയുടെ നേതൃത്വത്തിൽ വിവിധ കലാപരിപാടികളും കുടുംബസംഗമവും സംഘടിപ്പിച്ചു.

**ജോസ് കാടാപുറം**

മാതൃദിനത്തോടനുബന്ധിച്ച് കുട്ടികൾക്കായി നടത്തിയ വിവിധ മത്സരങ്ങളിലെ വിജയികൾക്ക് സമ്മാനവിതരണവും നടത്തി. ലേഖനമത്സരത്തിൽ അലിയാ ഫിലിപ്പ് പൊട്ടംകുഴിയിൽ, ജേക്കബ് മൂലേപറമ്പിൽ, ഹെൽന ജിമ്മി പുളിയാനാൽ, തോമസുകുട്ടി പുണംചിറ എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി. ചിത്രരചനാ മത്സരത്തിൽ ഡേവിഡ് വടക്കേക്കര, സായൻ ചാക്കോ അരയംതാനത്ത്, മില മാത്യു പാണപറമ്പിൽ, ഡെറിക് പുളിയിലകുന്നേൽ എന്നിവർ വിജയികളായി.


ഇടവക കൈക്കാരന്മാരായ ജസ്റ്റിൻ ചാമക്കാലായിൽ, ജിമ്മി പുളിയാനയിൽ, ജോസഫ് കീഴങ്ങാട്ട് എന്നിവർ ഉൾപ്പെടെ സിബി മണലേൽ, ലിന്റ വില്ലൂത്ര, ആശാ സ്റ്റീഫൻ മൂലേപറമ്പിൽ, ക്രിസ് അമ്പനാട്ട്, സനു കൊല്ലറേട്ട്, ലിബിൻ പാണാപറമ്പിൽ, ജോയ് വാഴമല, കൃപ ചാലുപറമ്പിൽ, ബേസിൽ പുലിമനക്കൽ, കെവിൻ വാഴമല, തോമസ് ഇഞ്ചേനാട്ടിൽ എന്നിവരും ഇവന്റ്സ് കമ്മിറ്റി അംഗങ്ങളും പരിപാടികൾക്ക് നേതൃത്വം നല്കി.



# ന്യൂയോർക്ക് കേരളസമാജം പ്രവർത്തനോദ്ഘാടനം ഡോ. രാജു നാരായണ സ്വാമി ഐഎഎസ് നിർവഹിച്ചു

മാത്യുക്കുട്ടി ഈശോ

ന്യൂയോർക്ക്: പ്രൗഢഗംഭീരമായ സദസ്സിൽ നൂറുകണക്കിന് അമേരിക്കൻ പ്രവാസി മലയാളികളുടെ നിറസാന്നിദ്ധ്യത്തിൽ നിലവിളക്ക് കൊളുത്തി ന്യൂയോർക്ക് കേരളാ സമാജത്തിന്റെ അൻപത്തിനാലാമത് വർഷത്തെ പ്രവർത്തനോ




ദ്ഘാടനം കേരള ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ. രാജു നാരായണ സ്വാമി ഐഎഎസ് നിർവഹിച്ചു. ലോങ് ഐലൻഡ് എൽമോണ്ടിലുള്ള മലങ്കര കത്തോലിക്കാ കത്തീഡ്രൽ ഓഡിറ്റോറിയത്തിലാണ് കേരളാ സമാജത്തിന്റെ ഈസ്റ്റർ-വിഷു ആഘോഷവും വാർഷിക പ്രവർത്തനോദ്ഘാടനവും നടത്തപ്പെട്ടത്. ചടങ്ങിൽ മു




ഖ്യാതിഥിയായിരുന്നു ഡോ. രാജു നാരായണ സ്വാമി. കേരളാ സമാജത്തിന്റെ ക്ഷണം സ്വീകരിച്ച് പരിപാടിയിൽ പങ്കെടുക്കുന്നതിന് രണ്ട് ദിവസത്തേക്ക് മാത്രമാണ് ഡോ. സ്വാമി കേരളത്തിൽ നിന്നും ന്യൂയോർക്കിലെത്തിയത്.

കഴിഞ്ഞ അൻപത്തിനാല് സംവത്സരമായി ന്യൂയോർക്ക് പ്രദേശത്ത് പ്രവർത്തിക്കുന്ന കേരളാ സമാജം എന്ന പ്രവാസി സംഘടന ഈ സമൂഹത്തിനായി ധാരാളം പുണ്യപ്രവർത്തനങ്ങൾ കാഴ്ചവെച്ച് മുന്നേറുന്നതിൽ രാജു സ്വാമി തികഞ്ഞ സംതൃപ്തി തന്റെ മുഖ്യപ്രഭാഷണത്തിലൂടെ വെളിപ്പെടുത്തി. മലയാള ഭാഷയിൽ കവിതകളും സാഹിത്യവും ഇടകലർത്തി അനർഘ നിർഗളമായി തന്റെ നാവിൻതുമ്പിലൂടെ അനായാസമായി ഭാഷ അമ്മാനമാടി തനതായ ശൈലിയിൽ ഒരു മണിക്കൂറോളം പ്രഭാഷണം നടത്തിയത് നിശബ്ദമായി ശ്രവിച്ച കാഴ്ചക്കാർ ഒന്നടങ്കം എഴുന്നേറ്റ്നിന്ന് ഹർഷാരവത്തോടെയാണ് അദ്ദേഹത്തിന്റെ പ്രഭാഷണത്തെ സ്വീകരിച്ചത്.

നമ്മുടെ മാതൃരാജ്യമായ ഭാരതത്തെയും ജന്മ സംസ്ഥാനമായ കേരളത്തെയും പ്രവാസി സമൂഹം തങ്ങളുടെ മാറോട് ചേർത്തു നല്കിത്തരുന്ന കൈത്താങ്ങലുകളെ അദ്ദേഹം മുക്തകണ്ഠം പ്രശംസിച്ചു. വിദേശരാജ്യത്ത് വന്നു ജീവിക്കുന്നെങ്കിലും വന്ന വഴി മറക്കാതെ മാതൃരാജ്യത്തോട് കൂറ് കാണിക്കുന്നതിൽ മലയാളികൾ മുൻപന്തിയിലാണ്. ഒരു നാടിന്റെ പുരോഗതിക്കും സാമ്പത്തിക ദൃഢതയ്ക്കും പ്രവാസി സമൂഹത്തിന്റെ സംഭാവനകൾ ഒരിക്കലും മറക്കാനാവാത്തതാണ്.

സംഘടനയുടെ വാർഷിക പ്രവർത്തനോദ്ഘാടനത്തോടൊപ്പം ഈസ്റ്റർ-വിഷു ആഘോ




ഷവും നടത്തുന്ന മലയാളിയുടെ മതനിരപേക്ഷ സമീപനത്തെ അദ്ദേഹം പ്രശംസിച്ചു. ത്യാഗത്തിന്റെയും സ്നേഹത്തിന്റെയും നല്ല മാതൃകകൾ കാണിച്ച് മാനവരാശിയെ സ്നേഹിക്കുവാനും മനുഷ്യർക്കു വേണ്ടി സ്വന്തം ജീവൻ കുരിശിലെ മൂന്നാണികളിന്മേൽ വെടിഞ്ഞ് മൂന്നാംനാൾ ഉയിർത്തെഴുന്നേൽക്കുവാനും കാണിച്ച ആ ദൈവ സ്നേഹം നാം ഈസ്റ്ററിന്റെ സന്ദേശമായി മനസ്സിലാക്കുന്നു. അതുപോലെ തന്നെ ലോകത്തെമ്പാടുമുള്ള മലയാളികൾ സമർപ്പണത്തിന്റെയും സ്നേഹത്തിന്റെയും സമൃദ്ധിയുടെയും വിളവെടുപ്പിന്റെയും ആഘോഷമായി വിഷു കൊണ്ടാടുമ്പോഴും ഈശ്വരന്റെ ചൈതന്യമാണ് നാം കാണുന്നത്. ഈ പ്രകൃതിയെ ഇത്ര മനോഹരമായി സൃഷ്ടിച്ച് പുഴകളെയും മലകളെയും വനങ്ങളെയും കാട്ടുമൃഗങ്ങളെയും മനുഷ്യരെയും ജീവജാലങ്ങളെയും അനായാസം അതിൽ വിഹരിക്കുവാൻ വെള്ളവും വെളിച്ചവും ജീവവായുവും നല്കിത്തന്ന ഈശ്വരൻ എന്ന ശക്തിയെ നാം എന്നും നമിക്കണം. ഡോ. രാജു നാരായണ സ്വാമി ഈ ആശയങ്ങളെല്ലാം സമന്വയിപ്പിച്ച് മലയാള സാഹിത്യവും കവിതാശലകങ്ങളും ഇടയ്ക്കിടെ ആംഗലേയ ഭാഷയും കൂട്ടിച്ചേർത്ത് പുഴയിൽ വെള്ളം ഒഴുകുന്ന കണക്കെ നിർബാധം തന്റെ പ്രഭാഷണം തുടർന്നപ്പോൾ കേട്ടിരുന്ന മലയാളസമൂഹം തികച്ചും സ്തബ്ധരായിപ്പോയി.

അടുത്ത ദിവസം മാതൃദിനമായി ആഘോഷിക്കുന്നതിനാൽ അമ്മയെന്ന പ്രതിഭാസത്തെക്കുറിച്ചും അതിനോടൊപ്പം തന്റെ പ്രഭാഷണത്തിൽ ഉൾപ്പെടുത്താൻ അദ്ദേഹം മറന്നില്ല. അമ്മയുടെ സ്നേഹത്തെയും വാത്സല്യത്തെയും വർണ്ണിക്കുന്ന മനോഹരമായ കവിത 'അമ്മതൻ അമ്മിഞ്ഞപ്പാലിനു പകരമായി മറ്റേതു തീർത്ഥമുണ്ടിന്നീ മണ്ണിൽ... അമ്മ തൻ താരാട്ട്പാട്ടുപോൽ തരളിതമായൊരു പാട്ടുണ്ടോ പറയുവാനിന്നീ മണ്ണിൽ...?'എന്ന് രാജു നാരായണസ്വാമി ഉരുവിട്ടപ്പോൾ ഈ കവിത അറിയാവുന്ന മുതിർന്ന തലമുറ മലയാളികൾ എല്ലാവരും തങ്ങളുടെ ചുണ്ടുകൾ അനക്കി പ്രഭാഷകനോടൊപ്പം ചേർന്നു. അതുപോലെ പല മലയാള കവിതകളും അദ്ദേഹം തന്റെ പ്രഭാഷണത്തിൽ ഉൾപ്പെടുത്തി ഉരുവിട്ടപ്പോൾ പലരും തങ്ങളുടെ സ്കൂൾ വിദ്യാഭ്യാസ കാലത്തിലേക്ക് ഊളിയിട്ടിറങ്ങി. അത് ഏവർക്കും ഒരു പ്രത്യേക അനുഭവമായി തോന്നി.

കേരളാ സമാജത്തിന്റെ പ്രവർത്തനോദ്ഘാടനച്ചടങ്ങിൽ പ്രശസ്ത ഗായിക അനിതാ കൃഷ്ണൻ പാടിയ ഈശ്വര പ്രാർത്ഥനയ്ക്കുശേഷം റിയ അലക്സാണ്ടർ അമേരിക്കൻ ദേശീയഗാനവും സോമി മാത്യു ഇന്ത്യൻ ദേശീയഗാനവും ആലപിച്ചു. പിന്നീട് മുഖ്യാതിഥി ഡോ.രാജു നാരായണ സ്വാമിയെയും അൻപത്തിനാല് വർഷം മുൻപ് പ്രഥമ പ്രസിഡണ്ടായി പ്രവർത്തിച്ച പ്രൊഫ. ജോസഫ് ചെറുവേലിയെയും സമാജം ചുമതലക്കാരെയും കമ്മിറ്റി അംഗങ്ങളെയും സമാജത്തിന്റെ നെടുതൂണുകളായ മുൻ പ്രസിഡണ്ടുമാരെയും ഫൊക്കാന സാരഥികളെയും ഫോമാ നേതാക്കന്മാരെയും വേൾഡ് മലയാളി കൗൺസിൽ ചെയർമാൻ തോമസ് മൊട്ടക്കലിനെയും മലങ്കര പള്ളി ഇടവകവികാരി ഫാ. നോബി അയ്യനേത്തിനേയും ന്യൂയോർക്കിലെ വിവിധ മലയാളി സംഘടനകളുടെ നേതാക്കളെയും ക്ഷണം സ്വീകരിച്ചു വന്ന എല്ലാ സുഹൃത്തുക്കളെയും ചടങ്ങിൽ പങ്കെടുത്ത ഏവരേയും സമാജം സെക്രട്ടറി മാത്യുക്കുട്ടി ഈശോ യോഗത്തിലേക്ക് സ്വാഗതം ചെയ്തു.

അതിനുശേഷം സമാജം പ്രസിഡണ്ട് ഹേമചന്ദ്രൻ അദ്ധ്യക്ഷപ്രസംഗവും ബോർഡ് ഓഫ് ട്രസ്റ്റി ചെയർമാൻ വർഗീസ് കെ. ജോസഫ് ലഘു പ്രഭാഷണവും നടത്തി. പിന്നീട് മുഖ്യാതിഥിയും സമാജം ചുമതലക്കാരും കമ്മിറ്റി അംഗങ്ങളും സമാജം പ്രഥമ പ്രസിഡണ്ടും ഫാ. നോബിയും ചേർന്ന് നിലവിളക്കു കൊളുത്തി സംഘടനയുടെ പ്രവർത്തനോദ്ഘാടനം നടത്തി.

പിന്നീട് സമാജം ട്രഷറർ വിനോദ് കെയാർക്കെ മുഖ്യാതിഥി ഡോ. രാജു നാരായണ സ്വാമിയെ യോഗത്തിനു പരിചയപ്പെടുത്തി. മാലിനി നായർ നയിക്കുന്ന ന്യൂജേഴ്സിയിലെ പ്രശസ്ത സൗപർണ്ണിക ഡാൻസ് അക്കാദമിയിലെ കലാകാരികൾ അവതരിപ്പിച്ച മനോഹര നൃത്തനൃത്യങ്ങൾ ഏവരും കൺകുളിർക്കെ ആസ്വദിച്ചു.

മാതൃദിനത്തോടനുബന്ധിച്ച് സമാജത്തിന്റെ ആദ്യ പ്രൊജക്ടായി 'ഓണത്തിന് ഒരുമുറം പച്ചക്കറി' എന്ന പദ്ധതിയായി നൂറ് അമ്മമാർക്ക് പച്ചക്കറി തൈകൾ വിതരണം ചെയ്യുന്ന ചടങ്ങ് രണ്ട് അമ്മമാർക്ക് നല്കി മുഖ്യാതിഥി ഡോ. രാജു നാരായണ സ്വാമി ഉദ്ഘാടനം ചെയ്തു. ലൈവ് ഓർക്കസ്ട്രായോടു കൂടിയ ഗാനമേള ചടങ്ങുകൾക്ക് കൊഴുപ്പേകി.

ഫൊക്കാന മുൻ പ്രസിഡണ്ടും ചെയർമാനുമായ പോൾ കറുകപ്പള്ളി, ഫോമാ ജനറൽ സെക്രട്ടറി ബൈജു വർഗീസ്, വേൾഡ് മലയാളി കൗൺസിൽ ചെയർമാൻ തോമസ് മൊട്ടക്കൽ എന്നി




വർ ആശംസകൾ അർപ്പിച്ചു. ഡെൻസിൽ ജോർജ് മുഖ്യ അവതാരകനായി യോഗം നിയന്ത്രിച്ചു. വൈസ് പ്രസിഡണ്ട് ഷാജി വർഗീസ് ചടങ്ങിൽ പങ്കെടുത്ത ഏവർക്കും കൃതജ്ഞത രേഖപ്പെടുത്തി. പങ്കെടുത്ത ഏവർക്കും വിഭവസമൃദ്ധമായ ഡിന്നറും നല്കി.

KERALA EXPRESS പ്രവാസി താളുകൾ

# അമേരിക്കൻ മലങ്കര അതിഭദ്രാസന ഫാമിലി കോൺഫറൻസ് കിക്കോഫ് ഫിലാഡൽഫിയായിൽ

**വർഗീസ് പാലമലയിൽ**

ഫിലാഡൽഫിയ: സിറിയൻ ഓർത്തഡോക്സ് സഭ അമേരിക്കൻ അതിഭദ്രാസനത്തിന്റെ ആസ്ഥാനത്തു വെച്ച് ജൂലൈമാസം 22-ാം തീയതി മുതൽ 25-ാം തീയതി വരെ നടക്കുന്ന 37-ാമത് യൂത്ത് ആൻഡ് ഫാമിലി കോൺഫറൻസിന്റെ കിക്കോഫ് മെയ്മാസം മൂന്നാം തീയതി വിശുദ്ധ കുർബാനാനന്തരം ഫിലാഡൽഫിയ സെന്റ് പീറ്റേഴ്സ് കത്തീഡ്രലിൽ വെച്ചു നടന്നു. ഇടവക വികാരി റവ.ഫാ. രാജൻ പീറ്റർ ഭദ്രാസനത്തിലെ സീനിയർ വൈദികരിലൊരാളായ വന്ദ്യ ജോസ് ദാനിയേൽ പയറ്റേൽ കോർ എപ്പിസ്കോപ്പയിൽ നിന്നും പൂരിപ്പിച്ച രജിസ്ട്രേഷൻ ഫോം സ്വീകരിച്ചുകൊണ്ടാണ് ഉദ്ഘാടനം നിർവഹിച്ചത്. തദവസരത്തിൽ അമേരിക്കൻ അതിഭദ്രാസനം ജോയിന്റ് ട്രഷറർ ബോബി കുര്യാക്കോസ് (ന്യൂജേഴ്സി), കൗൺസിൽ അംഗങ്ങളായ റോയി മാത്യു (ന്യൂയോർക്ക്), സാബു സ്കറിയ (ഫിലാഡൽഫിയ) എന്നിവർ സന്നിഹിതരായിരുന്നു.

യാക്കോബായ സുറിയാനി സഭയുടെ കാതോലിക്കയും മലങ്കര മെത്രാപ്പോലീത്തയുമായ നവാഭിഷിക്തനായ ആബൂർ മോർ ബസേലിയോസ് ജോസഫ് ബാവ ഈ കോൺഫറൻസിൽ മുഖ്യാതിഥിയായി പങ്കെടുക്കും.

“യഹോവയെ കണ്ടെത്താനാകുന്ന സമയത്ത് അവനെ അന്വേഷിപ്പിൻ. അവൻ അടുത്തിരിക്കുമ്പോൾ അവനെ വിളിച്ചപേക്ഷിപ്പിൻ” (യേശയ്യ 55: 6) എന്നുള്ളതാണ് ഈ വർഷത്തെ കോൺഫറൻസിന്റെ ചിന്താവിഷയം.

കോൺഫറൻസിന്റെ പ്രാധാന്യത്തെക്കുറിച്ചും ആദ്യമായി അമേരിക്കയിലെത്തുന്ന ബാവ തിരുമനസ്സിന് നല്കപ്പെടുന്ന വമ്പിച്ച വരവേല്പിന്റെ ക്രമീകരണങ്ങളെക്കുറിച്ചും തദവസരത്തിൽ കൗൺസിൽ അംഗം ബോബി കുര്യാക്കോസ് വിശദീകരിച്ചു. കത്തീഡ്രൽ ദേവാലയത്തിന്റെ സമ്പൂർണ്ണ സഹകരണവും പ്രാതിനിധ്യവും മുൻവർഷങ്ങളിലെപ്പോലെ ഈ വർഷവും ഉണ്ടാകണമെന്ന് തദവസരത്തിൽ ഭദ്രാസന ഭാരവാഹികൾ ഓർമ്മിപ്പിച്ചു. നിരവധി കുടുംബങ്ങൾ തദവസരത്തിൽ രജിസ്ട്രേഷൻ ഫോം പൂരിപ്പിച്ചു നല്കി.



മെയ് മാസം 16-ാം തീയതി ഭദ്രാസന ആസ്ഥാനത്ത് (236 Old Tappan Rd, Old Tappan, NJ) വെച്ച് നടക്കുന്ന ഫുഡ്ഫെസ്റ്റിവലിന്റെ ക്രമീകരണങ്ങളെക്കുറിച്ചും ഭദ്രാസനത്തിന്റെ ഫണ്ട് റെയ്സിങ്ങിനു വേണ്ടി നടത്തുന്ന ഫുഡ്ഫെസ്റ്റിവൽ വമ്പിച്ച വിജയമാക്കിത്തീർക്കുവാൻ എല്ലാവരുടെയും സഹായസഹകരണങ്ങൾ ഉണ്ടാകണമെന്നും കൗൺസിൽ അംഗങ്ങൾ അഭ്യർത്ഥിച്ചു. ന്യൂജേഴ്സിയിലെ ഓൾഡ് താപ്പാൻ ടൗൺഷിപ്പിന്റെ ഒരു ഉത്സവമായാണ് ഈ ഫുഡ്ഫെസ്റ്റിവൽ എല്ലാ വർഷവും നടത്തിവരുന്നത്. ന്യൂജേഴ്സിയിലെയും ഓൾഡ് താപ്പാൻ ടൗൺഷിപ്പിലെയും ഔദ്യോഗിക ഭാരവാഹികൾ, സാമൂഹിക നേതാക്കൾ തുടങ്ങിയവർ ഉൾപ്പെടെയുള്ള വലിയ ജനപങ്കാളിത്തം ഈ വർഷവും സംഘാടകർ പ്രതീക്ഷിക്കുന്നു.

കിക്കോഫ് പരിപാടികൾക്ക് സെന്റ് പീറ്റേഴ്സ് കത്തീഡ്രൽ വൈസ് പ്രസിഡണ്ട് ഏലിയാസ് പോൾ, സെക്രട്ടറി ജെഫ് ജോർജ്, ട്രഷറർ റ്റാനിയ തമ്പി, കൗൺസിൽ അംഗം സാബു സ്കറിയ, ഷാന ജോഷ്വ, റീബ ജേക്കബ്, ലിസ്സി തോമസ്, റോളി എൽദോ, എൽദോസ് വർഗീസ്, ഡോ. മാത്യു ഇടിച്ചാണ്ടി, മാത്യൂസ് മഞ്ച, ജിമ്മി ജേക്കബ് ജോർജ്, ബാബു തോമസ്, വർഗീസ് പട്ടമ്മാടി, ജാൻസി പൗമാടി തുടങ്ങിയവർ നേതൃത്വം നല്കി.

# ഡോ. ഏഴംകുളം സാംകുട്ടി: അക്ഷരവും ആത്മീയതയും ചേർത്തുവെച്ച ജീവിതം


**ബെൻസൺ തെങ്ങുംപള്ളിൽ**

മലയാള സാഹിത്യം, പ്രവാസി ചിന്തകൾ, ആത്മീയ പ്രഭാഷണങ്ങൾ എന്നീ മേഖലകളിൽ തനതായ വ്യക്തിമുദ്ര പതിപ്പിച്ച പ്രതിഭയാണ് ഡോ. ഏഴംകുളം സാംകുട്ടി.

അമേരിക്കയിലെ ലൂസിയാനയിലുള്ള സതേൺ യൂണിവേഴ്സിറ്റിയിലെ ഇംഗ്ലീഷ് പ്രൊഫസർ ആയിരുന്ന അദ്ദേഹം, വിദേശമണ്ണിലിരുന്നുകൊണ്ട് മലയാള ഭാഷയെയും സംസ്കാരത്തെയും ആത്മീയ മൂല്യങ്ങളെയും നെഞ്ചിലേറ്റുന്ന അപൂർവ്വ വ്യക്തിത്വങ്ങളിൽ ഒരാളായിരുന്നു.

കേരളത്തിന്റെ സാംസ്കാരിക പൈതൃകം പേറുന്ന പത്തനംതിട്ട ജില്ലയിലെ ഏഴംകുളം എന്ന ഗ്രാമമാണ് അദ്ദേഹത്തിന്റെ ജന്മനാട്. ഗ്രാമീണ നന്മകളിൽ വളർന്ന അദ്ദേഹം പ്രാഥമിക വിദ്യാഭ്യാസത്തിന് ശേഷം ഉപരിപഠനത്തിനായി അമേരിക്കയിലേക്ക് ചേക്കേറി. ഇംഗ്ലീഷ് സാഹിത്യത്തിലുള്ള അദ്ദേഹത്തിന്റെ അഗാധമായ താല്പര്യം ഡോക്ടറേറ്റിലേക്കു നയിച്ചു. ഈ അക്കാദമിക് മികവാണ് അദ്ദേഹത്തെ അമേരിക്കയിലെ പ്രശസ്തമായ സതേൺ യൂണിവേഴ്സിറ്റിയിലെ അദ്ധ്യാപക പദവിയിൽ എത്തിച്ചത്.

ഒരു വിദേശ സർവകലാശാലയിൽ ഇംഗ്ലീഷ് ഭാഷാ പ്രഫസറായിരിക്കുമ്പോഴും തന്റെ മാതൃഭാഷയായ മലയാളത്തോടുള്ള അദ്ദേഹത്തിന്റെ സ്നേഹം ഒട്ടും കുറഞ്ഞില്ല. മലയാളത്തിലും ഇംഗ്ലീഷ് ഭാഷയിലും അനേകം പുസ്തകങ്ങളും ലേഖനങ്ങളും അദ്ദേഹം എഴുതി.




മലയാള നോവൽ സാഹിത്യത്തിൽ ഡോ. ഏഴംകുളം സാംകുട്ടിയെ അടയാളപ്പെടുത്തിയ കൃതിയാണ് ‘പാളം തെറ്റിയ തീവണ്ടി.’ പേര് സൂചിപ്പിക്കുന്നതുപോലെ തന്നെ ലക്ഷ്യബോധം നഷ്ടപ്പെട്ട് ജീവിതത്തിന്റെ പാളം തെറ്റിപ്പോകുന്ന മനുഷ്യരുടെ കഥയാണിത്. പ്രവാസജീവിതത്തിന്റെ സങ്കീർണ്ണതകളും മൂല്യച്യുതികളും, അതിനിടയിൽ സംഭവിക്കുന്ന ആത്മീയ തകർച്ചകളും ഈ നോവലിൽ അദ്ദേഹം ചർച്ച ചെയ്യുന്നു. അതിഭാവുകത്വങ്ങളില്ലാത്ത ലളിതമായ ഭാഷയാണ് അദ്ദേഹത്തിന്റെ സവിശേഷത. ഒരു കാലഘട്ടത്തിന്റെ ചരിത്രം ഈ നോവലിൽ ഉടനീളം കൊണ്ടുവരാൻ അദ്ദേഹത്തിനു കഴിഞ്ഞു. വായനക്കാരന്റെ മനസ്സിലേക്ക് നേരിട്ട് സംവദിക്കുന്ന ആഖ്യാനശൈലിയിലൂടെ ജീവിതത്തിന്റെ വലിയ തത്വചിന്തകളെ ലളിതമായി അവതരിപ്പിക്കാൻ അദ്ദേഹത്തിനു സാധിച്ചു.



ഡോ. ഏഴംകുളം സാംകുട്ടി

ഒരു എഴുത്തുകാരൻ എന്നതിലുപരി, ലോകമെമ്പാടുമുള്ള മലയാളികൾക്കിടയിൽ പ്രശസ്തനായ സുവിശേഷപ്രസംഗകനായിരുന്നു ഡോ. ഏഴംകുളം സാംകുട്ടി. ബൈബിളിലെ ഗഹനമായ വചനങ്ങളെ ദൈനംദിന ജീവിതവുമായി ബന്ധിപ്പിച്ച് പ്രസംഗിക്കാനുള്ള അദ്ദേഹത്തിന്റെ കഴിവ് ശ്രദ്ധേയമാണ്.



ലേഖകൻ

സാഹിത്യപാണ്ഡിത്യവും ആത്മീയബോധവും ഒത്തുചേരുമ്പോൾ അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ കേവലം മതപരമായ ഉപദേശങ്ങൾ എന്നതിലുപരി ചിന്താപരമായ പ്രഭാഷണങ്ങളായി മാറി. അദ്ധ്യാപകൻ, ഗാനരചയിതാവ്, ലേഖകൻ എന്നീ നിലകളിലെല്ലാം അദ്ദേഹം തന്റെ പ്രാഗത്ഭ്യം തെളിയിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ കവിതകളിൽ ഗൃഹാതുരത്വവും പ്രകൃതിസ്നേഹവും ഇഴചേർന്നു കിടക്കുന്നു. വിദേശത്തായിരിക്കുമ്പോഴും മാതൃഭൂമിയോടുള്ള സ്നേഹം ആ വരികളിൽ പ്രതിഫലിക്കുന്നു.

സതേൺ യൂണിവേഴ്സിറ്റിയിലെ ഇംഗ്ലീഷ് പ്രൊഫസർ എന്ന നിലയിൽ ആയിരക്കണക്കിന് വിദ്യാർത്ഥികൾക്ക് സാഹിത്യത്തിന്റെ വെളിച്ചം പകരാൻ അദ്ദേഹത്തിനു സാധിച്ചു. പാശ്ചാത്യ സാഹിത്യത്തെയും പൗരസ്ത്യ മൂല്യങ്ങളെയും സമന്വയിപ്പിച്ചുകൊണ്ടുള്ള അദ്ദേഹത്തിന്റെ ബോധനരീതി ഏറെ പ്രശംസിക്കപ്പെട്ടിട്ടുണ്ട്.

അമേരിക്കയിലെ മലയാളി സമൂഹത്തിനിടയിൽ അദ്ദേഹം ഒരു സാംസ്കാരിക നായകനായി അറിയപ്പെടുന്നു. പുതിയ തലമുറയ്ക്ക് മലയാള ഭാഷയോടും സംസ്കാരത്തോടുമുള്ള താല്പര്യം നിലനിർത്താൻ അദ്ദേഹം നിരന്തരം പരിശ്രമിച്ചു. ലേഖനങ്ങളിലൂടെയും പ്രഭാഷണങ്ങളിലൂടെയും സമകാലിക സാമൂഹിക പ്രശ്നങ്ങളിൽ അദ്ദേഹം തന്റെ നിലപാടുകൾ വ്യക്തമാക്കാൻ ഉണ്ടായിരുന്നു. അറിവിന്റെ ആഴവും വിശ്വാസത്തിന്റെ തെളിച്ചവും ഒരേപോലെ കൊണ്ടുനടന്നിരുന്ന വ്യക്തിയാണ് ഡോ. ഏഴംകുളം സാംകുട്ടി.

തന്റെ കൃതികളിലൂടെയും വാക്കുകളിലൂടെയും സമൂഹത്തിൽ നന്മയുടെയും പ്രകാശത്തിന്റെയും സന്ദേശം പരത്താൻ അദ്ദേഹത്തിനു സാധിച്ചു. സാഹിത്യലോകത്തെയും ആത്മീയലോകത്തെയും കൂട്ടിയിണക്കുന്ന ഒരു അപൂർവ്വ പാലമായി അദ്ദേഹം ജീവിച്ചുമറഞ്ഞു.

# "അച്ഛനില്ലാ നേരത്ത് പാതിരാത്രി സമയത്ത്..."

രാജു മൈലപ്ര

"അച്ഛനില്ലാ നേരത്ത് പാതിരാത്രി സമയത്ത്..." അടുത്ത കാലത്ത് കേട്ടതിൽ ഏറ്റവും നിന്ദ്യവും നികൃഷ്ടവും ക്രൂരവും പൈശാചികവുമായ ഒരു മുദ്രാവാക്യമായിരുന്നു അത്.

മന്ത്രിക്കൊച്ചമ്മയുടെ പിടലി നാടകത്തിനു പിന്നാലെ, അവരുടെ ഉള്ളുക്കാത്ത കഴുത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട്, വാഴക്കുല ഡോക്ടറുടെ നേതൃത്വത്തിൽ നടത്തിയ പ്രകടനത്തിൽ ഉയർന്നുകേട്ടതാണീ ശബ്ദം.

തെറ്റു പറ്റിയെന്നു മനസ്സിലാക്കിയ ചിന്ത പോലും ഒരു താളത്തിനു താനും അത് ഏറ്റുപാടിയതാണെന്നു പറഞ്ഞ് ഖേദപ്രകടനം നടത്തി. അത് അവരുടെ മാന്യത!

ഇതേ മുദ്രാവാക്യം മുഴക്കിക്കൊണ്ട് കോൺഗ്രസ് എംഎൽഎമാർക്ക് എതിരേ ആരെങ്കിലും ഒരു പ്രകടനം നടത്തിയാൽ, അവരെ വിജയിപ്പിച്ച കോൺഗ്രസുകാർ തന്നെ അത് പതിന്മടങ്ങ് ശബ്ദത്തിൽ ഏറ്റുപറഞ്ഞേനേ!

അത്ര നാണംകെട്ട, തരംതാണ പരിപാടികളാണ് ഇന്ന് കോൺഗ്രസ് പാർട്ടിക്കുള്ളിൽ നടക്കുന്നത്.

'കോലക്കുഴൽ വിളി കേട്ടോ രാധേ... എൻ രാധേ..' എന്ന ഗാനവുമായി ഇതിനു നേതൃത്വം കൊടുക്കുന്നത് നമ്മുടെ പ്രിയങ്കരനായ വേനുഗോപാൽജിയാണ്.

പണവും പ്രതാപവും വാഗ്ദാനം ചെയ്യുന്ന ഈ മുരളീഗാനത്തിൽ ആകൃഷ്ടരായി, എംഎൽഎമാർ ഓരോരുത്തരായി ആ ആകർഷവലയത്തിലേക്ക് നിരനിരയായി നീങ്ങുന്നുണ്ട് (പോകുന്ന പോക്കിൽ തങ്ങളെ തെരഞ്ഞെടുത്ത സമ്മതിദായകരെ ജൗളിപൊക്കി പൃഷ്ടം കാണിക്കാനും അവർ മറക്കുന്നില്ല.)

'നാശത്തിലേക്കാണ് നിങ്ങളുടെ ഈ പോക്ക്...' എന്നൊരു സിനിമാ ഡയലോഗ് ഓർമ്മവരുന്നു.

'താൻ ഒരു കാരണവശാലും മുഖ്യമന്ത്രിപദവിയിലേക്കില്ല' എന്ന് മാളോരുടെ മുൻപിൽ 'നേരെ ചൊവ്വേ' വിളിച്ചുപറഞ്ഞ വേണു, അതിവിദഗ്ദ്ധമായി, ഒരു കുതന്ത്രത്തിന്റെ തിരക്കഥ മെനയുകയായിരുന്നുവെന്ന് ആരും വിചാരിച്ചില്ല.

കേരളത്തിലെ എംപിമാർ ആരുംതന്നെ അസംബ്ലി തെരഞ്ഞെടുപ്പിൽ മത്സരിക്കണ്ട എന്നൊരു തീരുമാനം ഹൈക്കമാൻഡിനെക്കൊണ്ട് എടുപ്പിച്ചാണ് വേണു കരുക്കൾ നീക്കിയത്. തന്റെ ഇഷ്ടത്തിനൊത്ത് ചാടിക്കളിക്കുന്ന വാനരന്മാരെ സ്ഥാനാർത്ഥികളാക്കുക എന്നതായിരുന്നു അടുത്ത നീക്കം.

ഇതിന്റെ പിന്നിലെ ചതി മനസ്സിലാക്കാതെ കൈയും മെയ്യും മറന്ന് അതിശക്തമായ ചില അപ്രിയ തീരുമാനങ്ങളെടുത്ത് ജനങ്ങളുടെ വിശ്വാസമാർജ്ജിച്ച് തകർച്ചയുടെ വക്കിലെത്തിയ കോൺഗ്രസിന്റെ അണികൾക്ക് ആത്മവിശ്വാസം പകർന്നത് വി.ഡി. സതീശനാണ്.

നൂറിലധികം സീറ്റ് എന്ന് ഉറപ്പിച്ചു പറഞ്ഞത് സതീശൻ മാത്രമാണ്. കോൺഗ്രസ് പരാജയപ്പെട്ടാൽ അതിന്റെ പൂർണ്ണ ഉത്തരവാദിത്വം ഏറ്റെടുത്തുകൊള്ളാമെന്നും അദ്ദേഹം പ്രസ്താവിച്ചു.

കോൺഗ്രസിന് ഭൂരിപക്ഷം കിട്ടിയില്ലായിരുന്നെങ്കിൽ, സതീശനെ അദ്ദേഹത്തിന്റെ കഷണ്ടിത്തല മൊട്ടയടിച്ച്, ചുട്ടികുത്തി, കഴുതപ്പുറത്തു കയറ്റി വേണുവിന്റെ നേതൃത്വത്തിൽ നാടുകടത്തിയേനെ.



ലേഖകൻ

അവസാനം കോൺഗ്രസിന് വമ്പിച്ച ഭൂരിപക്ഷം കിട്ടിയപ്പോൾ പൊട്ടനു ലോട്ടറി കിട്ടിയ അവസ്ഥയായി.

ഞാൻ നിങ്ങളെ പറ്റിച്ചേ എന്ന വളിച്ച ചിരിയുമായി എംപിമാർ മത്സരിക്കണ്ട എന്ന തീരുമാനമെടുപ്പിച്ച ഹൈക്കമാൻഡിന്റെ സൂപ്പർമാൻ വേണുഗോപാൽജി, എംഎൽഎമാരുടെ മൊത്തം പിന്തുണ ഉറപ്പിച്ചുകൊണ്ട് തന്റെ അവസാന കരുക്കൾ നീക്കിത്തുടങ്ങി.

എത്ര സമർത്ഥമായാണ് അദ്ദേഹം കർട്ടനു പിന്നിൽ നിന്നും ചരട് വലിച്ചതെന്ന് പിന്നാലെ ചില എംഎൽഎമാർ നടത്തിയ പ്രസ്താവനകളിലൂടെ നമുക്കു മനസ്സിലായി.

തലയിൽ ആളുതാമസമുണ്ടെന്നു നമ്മൾ കരുതിയ മാത്യു കുഴൽനാടന്റെ പ്രസ്താവന അക്ഷരാർത്ഥത്തിൽ നമ്മളെ ഞെട്ടിച്ചുകളഞ്ഞു. കോൺഗ്രസിന്റെ കാര്യം കോൺഗ്രസ് നോക്കിക്കൊള്ളാമെന്നും അതിൽ ലീഗ് ഇടപെടേണ്ട എന്നുമാണ് അദ്ദേഹം ഒരു താക്കീതുസ്വരത്തിൽ പ്രസ്താവിച്ചത്. താൻ ആരുവാ? താഴ്ചയിലും വീഴ്ചയിലും കോൺഗ്രസിനെ താങ്ങിനിർത്തിയത് ലീഗ് ആണെന്നുള്ള കാര്യം ഈ പുത്തൻ കോൺഗ്രസുകാരൻ മറന്നു.

കേരളത്തിൽ കോൺഗ്രസ് ഭരണമല്ല, മറിച്ച് ഒരു മുന്നണി സംവിധാനമാണെന്നുള്ള ബോധംപോലും ഈ ബുദ്ധിജീവി വക്കീലിനുണ്ടായില്ല.

ലീഗ് നേതാക്കന്മാർ മുഖ്യമന്ത്രിയായാൽ ആകാശം ഇടിഞ്ഞുവീഴുമോ? എക്കാലത്തും മുന്നണിസംവിധാനത്തിൽ ലീഗ് മന്ത്രിമാർ മികച്ച പ്രകടനമാണ് നടത്തിയിട്ടുള്ളത്.

മറ്റൊരു മരപ്പൊട്ടൻ തെരഞ്ഞെടുപ്പു കാലത്ത് കായംകുളത്തുകാരുടെ മുന്നിൽ നിന്നു കരഞ്ഞു മെഴുകിയ എം. ലിജുവാണ്. ഒരു സതീശൻ പോയാൽ കോൺഗ്രസിന് വെറും പുല്ലാണ് എന്ന അർത്ഥത്തിലാണ് അയാൾ മാപ്രാകളുടെ മുന്നിൽനിന്ന് വീരവാദം മുഴക്കിയത്. കുടിലിൽനിന്നു കൊട്ടാരത്തിലേക്ക് കുടിയേറുവാനുള്ള അതിമോഹമാണ് ലിജുമോന്.

ജനങ്ങളുടെ പിന്തുണയൊക്കെ മാറിമറിയുവാൻ ഒരൊറ്റ രാത്രി ഇരുണ്ടു വെളുത്താൽ മതിയെന്നു ജനങ്ങളുടെ കണ്ണിലുണ്ണിയായ ഷാഫി പറമ്പിലും ഓർത്താൽ നന്ന്.

ഭരണവിരുദ്ധ വികാരം ഉണ്ടാക്കുവാൻ പിണറായി വിജയന് പത്ത് വർഷം വേണ്ടിവന്നു. ഭരണത്തിലെത്തും മുമ്പേ ഭരണവിരുദ്ധ വികാരം ഉണ്ടാക്കുവാൻ കഴിഞ്ഞ കോൺഗ്രസ് പാർട്ടിക്ക് ഒരു ബിഗ് സല്യൂട്ട്!

ഇപ്പോൾ ഹൈക്കമാൻഡ് കളിക്കുന്ന നാടകം കാണികളുടെ കൂക്കുവിളിയോടുകൂടി മാത്രമേ അവസാനിക്കൂ.

ഹൈക്കമാൻഡിനെ നയിക്കുന്നത് എട്ടുംപൊട്ടും തിരിയാത്ത അൻപത്തിയാറുകാരനായ ഒരു ടീഷർട്ടുകാരനാണ്. കുറേനാളായി കന്യാകുമാരി മുതൽ കാശ്മീർവരെ തെക്കുവടക്കു യാത്ര ചെയ്യുന്നതാണ് അദ്ദേഹത്തിന്റെ ഹോബി. ഇടയ്ക്കിടെ കടലിൽ ചാടുക, തട്ടുകടയിൽ കയറി പുട്ടടിക്കുക, സൈക്കിൾ യജ്ഞം നടത്തുക തുടങ്ങിയ ചെപ്പടിവിദ്യകൾ കാണിച്ച് അദ്ദേഹം കാണികളെ രസിപ്പിക്കുന്നുണ്ട്. ഈ രാജകുമാരൻ തലപ്പത്തിരിക്കുന്നിടത്തോളം കാലം കോൺഗ്രസ് പാർട്ടി സൈക്കിൾ യജ്ഞക്കാരനെപ്പോലെ വട്ടത്തിൽക്കിടന്നു കറങ്ങുകയേയുള്ളൂ.

കേരളത്തിലാണെങ്കിൽ പച്ചവെള്ളം ചവച്ചിറക്കുന്ന ഒരു കെപിസിസി പ്രസിഡണ്ടുണ്ട്-എന്തിനോ വേണ്ടി തിളയ്ക്കുന്ന സാമ്പാർ.

അവസാന അദ്ധ്യായം ശ്രീവേണുഗോപാൽജി കേരള മുഖ്യമന്ത്രിയാകും. മാത്യു കുഴൽനാടൻ ഉൾപ്പെടെ അദ്ദേഹത്തിന്റെ പ്രധാന കുഴലൂത്തുകാർ പ്രധാന പദവികൾ അലങ്കരിക്കും.

ആറുമാസത്തിനകം നിയമപ്രകാരം ഉപതെരഞ്ഞെടുപ്പ് നടക്കും. കേരളത്തിലെ ഏതു മണ്ഡലത്തിൽ നിന്നു മത്സരിച്ചാലും വേണുഗോപാൽ എട്ടുനിലയിൽ പൊട്ടും. അദ്ദേഹത്തിനു മുഖ്യമന്ത്രിപദം രാജിവെക്കേണ്ടിവരും. അതോടെ കൂട്ടത്തിലുള്ള മന്ത്രിമാർക്കും അധികാരം നഷ്ടമാകും.

ആലപ്പുഴ പാർലമെന്റ് ഉപതെരഞ്ഞെടുപ്പിൽ ബിജെപി വലിയ ഭൂരിപക്ഷത്തിൽ വിജയിക്കും. അതിൽ വിഷമിക്കാനൊന്നുമില്ല. എങ്ങനെവന്നാലും അടുത്ത പത്തുകൊല്ലം കഴിയുമ്പോൾ കേരളം ഭരിക്കേണ്ടത് ബിജെപി അല്ലേ?

അധികം താമസിയാതെ വെളുത്ത പുക ഉയരുമെന്നാണ് കെപിസിസി പ്രസിഡണ്ട് പറയുന്നത്. അതിലും നല്ലത് കോൺഗ്രസിന്റെ പുക കണ്ടേ ഞങ്ങൾ അടങ്ങൂ എന്നു പറയുന്നതായിരിക്കും.

*** *** ***

ഒരിക്കലും ചിരിക്കാത്ത വിജയേട്ടൻപോലും കോൺഗ്രസിന്റെ ഈ പൊറാട്ട് നാടകം കണ്ട് ഏതെങ്കിലും മുറിയിൽ കയറി കതകടച്ചിരുന്ന് കമലേച്ചി പോലും കാണാതെ പൊട്ടിച്ചിരിക്കുകയാകും. ലാൽസലാം സഖാവേ!

We miss you!

## വിനിമയ നിരക്ക്

| | |
|---|---|
| യു.എസ്. ഡോളർ | 96.29 |
| യൂറോ | 112.21 |
| സ്റ്റെർലിംഗ്പൗണ്ട് | 128.92 |
| സ്വിസ് ഫ്രാങ്ക് | 122.71 |
| സിംഗപ്പൂർ ഡോളർ | 75.34 |
| കനേഡിയൻ ഡോളർ | 70.13 |
| ഒമാൻ റിയാൽ | 250.45 |
| ബഹ്റൈൻ ദിനാർ | 255.58 |
| സൗദി റിയാൽ | 25.66 |
| യു.എ.ഇ. ദിർഹം | 26.21 |
| കുവൈത്ത് ദിനാർ | 311.71 |



# സ്മാർട്ട് കിഡ്സുകൾക്കു വേണം സ്മാർട്ട് ടിപ്സ്

ഫാ. ഡോ. റ്റീനേഷ് കുര്യൻ പിണർക്കയിൽ

ആദ്യമായി പുതിയ സ്കൂളിലേക്ക് പോകുന്ന കുട്ടികളുടെ കണ്ണുകളിലേക്ക് നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടോ? കണ്ണുകളിൽ നിറയെ കൗതുകവും മുഖത്ത് നിഷ്കളങ്കമായ ചിരിയും കാണാം. വേനലവധിയുടെ കൊടുംചൂടും വേനൽമഴയുടെ ആലസ്യവും മറന്നു പുത്തൻ ഉടുപ്പുകളും പുത്തൻ പ്രതീക്ഷകളുമായി വിദ്യാലയത്തിലേക്ക് യാത്രയാകുന്ന കുഞ്ഞുങ്ങൾക്ക് മനസ്സ് നിറഞ്ഞു വിജയാശംസകൾ. ജീവിതത്തിലെ ഏറ്റവും സന്തോഷദായകമായ, സങ്കടങ്ങളുടെ ഭാരമില്ലാത്ത, ഒരിക്കലും തിരിച്ചു കിട്ടാത്ത ഒരു കാലഘട്ടമാണിത് എന്ന് നിങ്ങൾ അവരെ ഓർമ്മിപ്പിക്കണം. പുത്തൻ അധ്യയന വർഷത്തിലെ ഈ പുതുതീരുമാനങ്ങൾ കുട്ടികൾക്കും അദ്ധ്യാപകർക്കും രക്ഷിതാക്കൾക്കും നവ്യാനുഭവം നല്കും. സ്മാർട്ട് കിഡ്സുകൾക്കുള്ള ഏതാനും സ്മാർട്ടായുള്ള ആശയമാണ് ഈ ലേഖനത്തിൽ ചർച്ച ചെയ്യുന്നത്.

**1. Adaptability (പൊരുത്തപ്പെടൽ)** നമ്മുടെ കുട്ടികൾക്ക് പുതിയ സാഹചര്യങ്ങളുമായി നന്നായി പൊരുത്തപ്പെടാൻ അവസരം കൊടുക്കണം. ഒരു പക്ഷേ പുതിയ സ്കൂൾ, അദ്ധ്യാപകർ, കൂട്ടുകാർ, മാറിയ അന്തരീക്ഷം എന്നിവയൊക്കെ കനത്ത മാനസിക സമ്മർദ്ദങ്ങൾ കുട്ടികളിൽ അടിച്ചേൽപ്പിക്കാറുണ്ട്. ക്ലാസുകൾ തുടങ്ങി ദിവസങ്ങൾ കഴിയുമ്പോഴേയ്ക്കും ചില കുട്ടികൾ സ്കൂൾ മാറുന്നതും ക്ലാസിൽ പോകാൻ മടി കാണിക്കുന്നതും രോഗികളായി മാറുന്നതിനും കാരണമിതാണ്. എങ്ങനെ ഇതിനെ അതിജീവിക്കാനാകും? അദ്ധ്യാപകരും രക്ഷിതാക്കളും കുട്ടികളിൽ സമ്മർദ്ദം കുറയ്ക്കാനും പുതിയ സ്കൂൾ അന്തരീക്ഷത്തെ സ്നേഹിക്കാനും വേണ്ടി തുടക്കത്തിൽത്തന്നെ initiation ക്ലാസുകളും പ്രൊജെക്ടുകളും നടത്താറുണ്ട്. ഇത് കുട്ടികളിൽ മാറ്റങ്ങളെ സ്വാഗതം ചെയ്യാനും വൈകാരിക അടുപ്പം വർദ്ധിപ്പിക്കാനും പുതിയ ലക്ഷ്യങ്ങൾ നേടിയെടുക്കാനും പരാജയങ്ങളേക്കാൾ പരിശ്രമങ്ങളെ പ്രാധാന്യത്തോടെ കാണുവാനും സഹായിക്കും. അധ്യയന വർഷത്തിന്റെ ആരംഭഘട്ടത്തിൽ വ്യത്യസ്തമായ ഇത്തരം ആഘോഷങ്ങളും പരിപാടികളും സംഘടിപ്പിക്കുന്നത് കുട്ടികളിൽ സമ്മർദ്ദം കുറയാനും പുതിയ ജീവിതരീതികൾ പുണരാനും സഹായിക്കും.

**2. Trust Building (വിശ്വാസം ഉറപ്പിക്കൽ)** കുഞ്ഞുങ്ങൾക്ക് വർഷാരംഭത്തിൽ ലഭിക്കേണ്ട മറ്റൊരു ഗുണം അവരുടെ സ്കൂളിനെ വിശ്വസിക്കാൻ കാരണങ്ങൾ കൊടുക്കുക എന്നതാണ്. ഇതിന് അദ്ധ്യാപകരും രക്ഷിതാക്കളും ഒരുപോലെ അദ്ധ്വാനിക്കേണ്ടി വരും. കുട്ടികൾക്ക് മനസ്സ് നിറഞ്ഞു പഠിക്കാൻ അവസരം കിട്ടണം. ഭയമില്ലാതെ സംസാരിക്കാനും ചോദ്യങ്ങൾ ചോദിക്കാനും ഞങ്ങൾ വിലയുള്ളവരും സമൂഹത്തിനു മുതൽക്കൂട്ടുകളും ആണെന്നും അവർക്ക് തോന്നണം. ഇതിനായി സ്കൂളിൽ തുറന്ന സംസാരങ്ങൾ ഉണ്ടാകണം. കുട്ടികളോടുള്ള വാഗ്ദാനങ്ങൾ പാലിക്കപ്പെടണം. കുഞ്ഞുങ്ങൾക്ക് തുല്യനീതി ലഭിക്കണം. കുട്ടികളുടെ പ്രൈവസികൾ പാലിക്കപ്പെടണം. കുട്ടികളുടെ രണ്ടാം വീടായ സ്കൂൾ അവർക്ക് വിശ്വസിച്ചു വരാനും വളരാനും തോന്നുന്ന ഇടമാക്കി മാറണം. കുട്ടികളുമായി നല്ല സൗഹൃദബന്ധം കാത്തുസൂക്ഷിക്കുന്ന ചെറുപ്പക്കാരായ നല്ല അദ്ധ്യാപകരുടെ ഒരു വലിയനിര പ്രതീക്ഷ നല്കുന്നതാണ്.

**3. Asking Questions (എന്തുകൊണ്ട്?)** ആഴത്തിലുള്ള അറിവിന് നല്ല ചോദ്യങ്ങൾ സഹായിക്കും. ആത്മവിശ്വാസം വർദ്ധിപ്പിക്കാനും വിമർശനാത്മകമായ ചിന്തകൾക്കും സഹപാഠികളോടും നല്ല ബന്ധം നിലനിർത്താനും മടി, നാണക്കേട്, പേടി എന്നിവ ഒഴിവാക്കാനും ചോദ്യങ്ങൾ ചോദിക്കുന്ന ശൈലി കുട്ടികളെ സഹായിക്കും. സംസാരിക്കുന്നവരുടെ പേരുകൾ മാത്രമേ ബ്ലാക്ക് ബോർഡിൽ രേഖപ്പെടുത്തപ്പെട്ടിട്ടുള്ളൂ എന്ന പഴമൊഴി ഇതിനു കൂട്ടാണ്. കുട്ടികളുടെ കുട്ടിചോദ്യങ്ങളെ പലപ്പോഴും വീടുകളിൽ നാം അവഗണിക്കാറുണ്ട്. അവരുടെ ശല്യം ഒഴിവാക്കാൻ മൊബൈലും കാർട്ടൂണും കൊടുക്കുമ്പോൾ അവരെ നമുക്ക് നഷ്ടമാകുകയാണ് എന്ന സത്യം മാതാപിതാക്കളും അദ്ധ്യാപകരും തിരിച്ചറിയണം.

**4. Navigating Failure Calmly** (പരാജയഭയം മാറണം) വീഴുന്നതല്ല, വീണിട്ടും എണീക്കുന്നതാണ് ശ്രദ്ധിക്കേണ്ടത്. അതാണ് പരാജയം എന്ന് കേട്ടിട്ടുണ്ട്. ഇന്ന് പലരും ആവറേജ് ആയി ഒതുങ്ങി പോയതിന്റെ കാരണം പരാജയഭയം മാത്രമായിരുന്നു. നമ്മുടെ കുട്ടികളെയും ഇതു സാരമായി ബാധിക്കുന്നുണ്ട്. തോൽവിയല്ല, വിജയിച്ചു തിരികെ വരാനുള്ള കരുത്താണ് കൂടുതൽ ഉണ്ടാകേണ്ടത്. പരാജയങ്ങൾ വിജയത്തിന്റെ ചവിട്ടുപടികൾ മാത്രമായി കാണാൻ മാതാപിതാക്കളും അവരെ പഠിപ്പിക്കണം. എത്രയോ വീണിട്ടാണ് നമ്മളും നടത്തം പഠിച്ചത്. കുട്ടികൾക്ക് ആത്മവിശ്വാസം വർദ്ധിക്കാനും സമ്മർദ്ദം കുറയ്ക്കാനും പരാജയസങ്കടത്തെ അംഗീകരിക്കാനും തോൽവിയുടെ കാരണം കണ്ടെത്താനും അതിനെ മറികടക്കാനും വേണ്ട പരിശീലനം സ്കൂളിലും വീട്ടിലും ലഭിക്കണം. പരാജയത്തെ അംഗീകരിച്ചാൽ തന്നെ വലിയ ആപത്തുകൾ/അനർത്ഥങ്ങൾ ഒഴിവാകുമല്ലോ. വിജയിച്ചവരുടെ മാത്രമല്ല പരാജയപ്പെട്ടവരുടെയും കഥകൾ അവർ കേൾക്കട്ടെ. ചെറിയ ചെറിയ ലക്ഷ്യങ്ങൾ കീഴടക്കി വലിയതിലേക്ക് അവർ സഞ്ചരിക്കട്ടെ. നല്ല ആരോഗ്യം, മതിയായ ഉറക്കം, വ്യായാമം, ചിട്ടയായ പരിശ്രമം ഇവയാണല്ലോ വിജയത്തിന്റെ സൂത്രവാക്യങ്ങൾ.

**5. Cultural Fluency:** സാംസ്കാരിക വൈവിധ്യങ്ങളെ അംഗീകരിക്കുക എന്നത് (inclusivity) സുപ്രധാനമായ ഗുണമാണ്. എല്ലാവരെയും ഉൾക്കൊള്ളാനും എല്ലാവരാലും പരിഗണിക്കപ്പെടാനുമുള്ള കഴിവുണ്ടാകണം നമ്മുടെ ഈ പുതുതലമുറയ്ക്ക്. ജാതി, മതം, വംശം, ഭാഷ, നിറം, തൊഴിൽ എന്നിവ വലിയ വിടവുകൾ സൃഷ്ടിച്ചിരിക്കുന്ന ഈ കാലത്തും കുഞ്ഞുങ്ങളെ global citizens ആയി രൂപപ്പെടുത്തേണ്ടതുണ്ട്. അവർ മറ്റുള്ളവരുടെ നന്മകൾ തിരിച്ചറിയട്ടെ, മത സാംസ്കാരിക കേന്ദ്രങ്ങൾ സന്ദർശിക്കട്ടെ. വ്യത്യസ്ത മതങ്ങളിലെ ആഘോഷങ്ങളുടെ അർത്ഥം പഠിക്കട്ടെ. അവരുടെ ഇടയിൽ തുല്യപരിഗണനയും തുറന്ന ചർച്ചകളും ഉണ്ടാകട്ടെ. അന്യന്റെ സംസ്കാരത്തെ ബഹുമാനിക്കാനും മനസ്സിലാക്കാനും നന്മകളും മൂല്യങ്ങളും ഉൾക്കൊള്ളാനും അവരെ പഠിപ്പിക്കുക-അവർ നല്ല പൗരന്മാരാകട്ടെ.

**6. System Thinking:** നമ്മുടെ സ്കൂൾ ഒറ്റയാന്മാരുടെ താവളമല്ല. ഒറ്റപ്പെട്ട കാര്യങ്ങളുടെ കേളീരംഗവും അല്ലല്ലോ. കൂട്ടായ്മയിൽ ചിന്തിക്കേണ്ടതിന്റെ ആവശ്യകത കുട്ടികൾ തീർച്ചയായും പഠിക്കണം. നാം കാണുന്നതും കേൾക്കുന്നതും ചെയ്യുന്നതുമെല്ലാം പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു എന്ന് കുട്ടികൾക്ക് പറഞ്ഞുകൊടുക്കണം. കാടിനെക്കുറിച്ചു പറയുമ്പോൾ മരം മാത്രമല്ല, മണ്ണ്, മഴ, മൃഗങ്ങൾ തുടങ്ങിയവയെല്ലാം ഉണ്ട് എന്ന് അവർക്ക് ബോദ്ധ്യം ഉണ്ടാകണം എന്നു പറയുന്നതു



ലേഖകൻ

പോലെ, ഒരു സ്കൂൾ നല്ല സ്കൂൾ ആയി മാറുന്നത് കുട്ടികളും അദ്ധ്യാപകരും രക്ഷിതാക്കളും നല്ലവരായ നാട്ടുകാരുമെല്ലാം ആ ഒരേ ലക്ഷ്യത്തിനായി ഒരുമിച്ചു പ്രവർത്തിക്കുമ്പോഴാണ്. അതുപോലെ കാണാപ്പാഠം പഠിക്കുന്നതിനു പകരം കാരണങ്ങളും പ്രത്യാഘാതങ്ങളും അവർ മനസ്സിലാക്കട്ടെ. ഇത് കുട്ടികളിൽ പ്രശ്നപരിഹാര ശേഷി വർദ്ധിപ്പിക്കുന്നു. പരിസ്ഥിതിബോധവും കൂട്ടുന്നു. Cross Cariccular Learning, Causal Loop Diagrams തുടങ്ങിയവയുടെ സഹായത്തോടെ അദ്ധ്യാപകർക്ക് ഇത് നന്നായി പ്രയോജനപ്പെടുത്താലോ. എന്നെക്കുറിച്ചു മാത്രം ചിന്തിക്കാതെ ഇതുവഴി സമൂഹത്തിന് എന്ത് ലഭിക്കുന്നു, അതും ഇതും എങ്ങനെ ബന്ധിപ്പിക്കേണ്ടത് തുടങ്ങിയ കാര്യങ്ങൾ ഇത്തരം വേറിട്ട രീതിയിലൂടെ ലഭിക്കുന്നു. Ice Berg Models പഠനരീതി ഇവിടെ പ്രയോഗിക്കാവുന്നതാണ്. അങ്ങനെ കുട്ടികളെ നാം system thinkers ആയി രൂപപ്പെടുത്തുന്നു.

**7. Initiatives:** ജീവിതത്തിൽ വിജയിച്ച മഹാന്മാർക്കെല്ലാം ഉണ്ടായിരുന്ന വലിയ ഗുണങ്ങളാണ് ഉത്തരവാദിത്വത്തോടെ ഉണർന്നു പ്രവർത്തിക്കുക എന്ന ഗുണം. അദ്ധ്യാപകരും മാതാപിതാക്കളും കൂടുതൽ ശ്രദ്ധിക്കേണ്ട ഒരു കാര്യമിതാണ്. ഓടുക, ഓടാൻ പറ്റുന്നില്ലെങ്കിൽ നടക്കുക. ഇല്ലെങ്കിൽ ഇഴയുക എങ്കിലും ചെയ്തുകൊണ്ടിരിക്കുക എന്ന വാക്ക് പ്രസിദ്ധമാണല്ലോ. മാതാപിതാക്കൾ ചെറിയചെറിയ കാര്യങ്ങളിൽ കുട്ടികളെക്കൊണ്ട് തീരുമാനം എടുപ്പിക്കുക, അവരുടെ കാര്യങ്ങൾ തനിയെ ചെയ്യാൻ പഠിപ്പിക്കുക. അദ്ധ്യാപകർ കുട്ടികൾക്ക് ക്ലാസ് ലീഡർമാരും കോ-ഓർഡിനേറ്റർമാരും ആകാൻ അവസരം മാറിമാറി കൊടുക്കുക. വ്യത്യസ്തമായ ചർച്ചകൾ നടത്താൻ ഓപ്പൺ ഫോറം, സന്നദ്ധ സേവനത്തിനായി വോളണ്ടിയേഴ്സ് ഫോറം, ആത്മവിശ്വാസം വർദ്ധിപ്പിക്കാനും നേതൃത്വപാടവം വർദ്ധിപ്പിക്കാനും പ്രശ്നപരിഹാര ശേഷിയും സർഗ്ഗാത്മകതയും വർദ്ധിപ്പിക്കാൻ പ്രോ ആക്ടീവ് മനോഭാവം സ്വന്തമാക്കാനുള്ള അവസരങ്ങൾ സ്കൂളുകളിൽ കൊടുക്കണം. സ്കൂൾ പാർലമെന്റ്, സ്റ്റുഡന്റ് പോലീസ് കേഡറ്റ്സ് ഇവയൊക്കെ വഴി ചെയ്യുന്ന കാര്യങ്ങൾ മഹത്തരമാണ്. ഇത് തുടരുകതന്നെ വേണം.

**8. Metacognition:** നമ്മുടെ പഠനത്തെക്കുറിച്ച് ചിന്തിക്കുന്ന രീതിയാണിത്. എങ്ങനെയാണ് ഒരു കാര്യം പഠിക്കുന്നത്, അതിൽ നമുക്കുള്ള അറിവ് എത്രത്തോളമാണ് എന്ന് സ്വയം തിരിച്ചറിയുന്ന പ്രക്രിയയാണിത്. കുട്ടികളെ ഇതിനായി നമ്മൾ പാകപ്പെടുത്തണം. സ്വയം പഠിക്കാനുള്ള കഴിവുകൾ (self directed learning) പ്രശ്നപരിഹാര സിദ്ധി (problem solving skills), Longlasting Memory എന്നിവയൊക്കെ സ്വന്തമാക്കാൻ metacognition-ലൂടെ സാധിക്കും. അതിനായി കുട്ടികളെ അവരുടെ ജീവിതത്തിൽ ആസൂത്രണം, നിരീക്ഷണം, വിലയിരുത്തൽ (planning, monitoring, evaluation) എന്നിവ നടത്താൻ പരിശീലിപ്പിക്കുക. അദ്ധ്യാപകർ കുട്ടികൾക്ക് thinking aloud method, learning journal preparation എന്നിവയുടെ ഗുണങ്ങൾ വിവരിച്ചുകൊടുക്കുക. നമ്മുടെ കുട്ടികൾ പഠിതാക്കൾ മാത്രമല്ല ചിന്തിക്കുന്ന പഠിതാക്കൾ ആയി മാറട്ടെ.

**9. Ethical Judgement:** (ധാർമ്മിക വിധിനിർണ്ണയം) ജീവിതത്തിൽ മൂല്യങ്ങൾക്കും ധാർമ്മികതയ്ക്കും വലിയ പ്രാധാന്യം കൊടുക്കുന്ന ആർഷ ഭാരത സംസ്കാരമാണ് നമ്മുടേത്. പരീക്ഷയിൽ വിജയത്തിനുമപ്പുറം ഈ കാലത്ത് ജീവിതവിജയം സ്വന്തമാക്കാനാണ് നാം കുട്ടികൾക്ക് കൂടുതൽ പരിശീലനം കൊടുക്കേണ്ടത്. പരീക്ഷകളിൽ മാത്രമല്ല, ജീവിതത്തിലും വിജയിച്ചുകാണാൻ മാതാപിതാക്കൾ കൂടി കൂടുതൽ പരിശ്രമിക്കണം. പഠനവിജയത്തിനപ്പുറം സ്വഭാവ രൂപീകരണം, സത്യസന്ധത, ഉത്തരവാദിത്വബോധം, സഹാനുഭൂതി, തീരുമാനം എടുക്കാനുള്ള കഴിവ്, സാമൂഹിക പ്രതിബദ്ധത, മറ്റുള്ളവരോടുള്ള ആദരവ്, ബഹുമാനം, സമൂഹത്തിനു ഗുണകരമായ ജീവിതരീതി എന്നിവയ്ക്കും പ്രാധാന്യം കൊടുക്കുന്ന യുവതലമുറയാണ് ഇനി ഇവിടെ വളരേണ്ടത്. ജീവിതാവസാനം കണ്ടു വളരാൻ (മരണം) ഇവർക്ക് നാം പരിശീലനം കൊടുക്കണം. ഇവിടെ മാതൃകയാകേണ്ടത് മാതാപിതാക്കളും അദ്ധ്യാപകരും ആണല്ലോ. തങ്ങൾക്ക് അനുദിനം ലഭിക്കുന്ന പല കാര്യങ്ങളും ജീവിതത്തിൽ ഒരിക്കൽപ്പോലും ലഭിക്കാത്ത കുട്ടികളും മുതിർന്നവരും ഉണ്ടെന്ന് അവർക്ക് കാണിച്ചുകൊടുക്കണം. അഗതിമന്ദിരങ്ങൾ, ബാലഭവനങ്ങൾ, ജുവനൈൽ ഹോമുകൾ ഇവയൊക്കെ കുട്ടികൾ സന്ദർശിക്കട്ടെ. അത് മൂല്യബോധവും ധാർമ്മികതയും തുല്യനീതിയും സ്വന്തമാക്കാൻ കുട്ടികളെ സഹായിക്കും.

**10. Collaborative Decision Making:** ഐക്യമത്യം മഹാബലം തന്നെ. കൂട്ടായ്മയിൽ തീരുമാനം എടുത്ത് വിജയിപ്പിക്കാൻ കുട്ടികളും അദ്ധ്യാപകരും മാതാപിതാക്കളും പരിശ്രമിക്കണം. എന്താണ് ഇതിന്റെ ഗുണങ്ങൾ? ഇത് വിദ്യാഭ്യാസത്തെ മെച്ചപ്പെടുത്തും, കൂടുതൽ പ്രായോഗികവും എന്നാൽ, ഫലപ്രദവുമായ പ്രവർത്തനങ്ങൾ ഉണ്ടാകും. കൂട്ടായ ഉത്തരവാദിത്വത്തിൽ മികച്ച ബന്ധങ്ങൾ നിലനിർത്തി വ്യത്യസ്ത സമിതികളിലൂടെ മികച്ച വിജയം സ്വന്തമാക്കാൻ സാധിക്കും. ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിലൂടെ ആശയസ്വരൂപണം നടത്തി, സുതാര്യതയോടെ മുമ്പോട്ടു പോകുന്ന ശൈലി തന്നെയാണ് ഇവിടെ വിജയമന്ത്രം.

**11. Sense of purpose:** നല്ല ലക്ഷ്യബോധം കുട്ടികളിൽ പഠനത്തിന്റെ താല്പര്യത്തെ വർദ്ധിപ്പിക്കുന്നു. മാനസിക ആരോഗ്യം നേടിയെടുക്കാനും പ്രതിസന്ധികളെ തരണം ചെയ്യാനും ഇതുവഴി അവർക്ക് സാധിക്കുന്നു. പഠിക്കുന്ന കാര്യങ്ങളെ ലോകവുമായി ബന്ധിപ്പിക്കാനും സ്വയം കണ്ടെത്തുന്ന വ്യത്യസ്ത വഴികളിലൂടെ പുത്തൻ രീതികൾ ആവിഷ്കരിക്കാനും ചെറിയ ചെറിയ ലക്ഷ്യങ്ങളെ കീഴടക്കി വലിയത് വക്കാനും ഇത് ഇവരെ സഹായിക്കും.

**12. Comfort with Uncertainity:** ഇന്നത്തെ ലോകം പ്രവചനാതീതമാണ്. ഇവിടെ വിജയിക്കാൻ നല്ല ആർജ്ജവവും ധൈര്യവും ഉണ്ടാകണം. ഹൈവേയിലൂടെ വാഹനമോടിക്കാൻ എളുപ്പമാണ്. യഥാർത്ഥ ഡ്രൈവറെ തിരിച്ചറിയുന്നത് മോശം വഴികളിലൂടെയും സുരക്ഷിതമായി അവർ വാഹനം ഓടിക്കുമ്പോൾ ആണല്ലോ. ഇതിനായി പരാജയങ്ങളെ അംഗീകരിക്കാനും അതിജീവിക്കാനും പരീക്ഷണങ്ങളെ പ്രോത്സാഹിപ്പിക്കാനും അദ്ധ്യാപകർ പരിശീലനം കൊടുക്കണം. സ്കൂളിലെ ചില നിയമങ്ങൾ, കളിയിലെ ചില നിബന്ധനകൾ, സമയത്തിലെ ചില മാറ്റങ്ങൾ ഇവയൊക്കെ പെട്ടെന്നുണ്ടാകുന്ന സാഹചര്യങ്ങളെ തരണം ചെയ്യാനും മിടുക്കരായ കുട്ടികളെ വാർത്തെടുക്കാനും വഴിയൊരുക്കുന്നു. ഇത് കുട്ടികളുടെ self confidence, problem solving capacity, anxiety management, creativity, emotional maturity എന്നിവ വർദ്ധിപ്പിക്കുന്നു.

**13. Digital maturity:** ആധുനിക ലോകം സൈബർ ലോകമാണല്ലോ. ഇതിലെ നന്മയും ചതിക്കുഴികളും മാതാപിതാക്കളും അദ്ധ്യാപകരും ആദ്യമേ മനസ്സിലാക്കി മാതൃകകളായി മാറാൻ പരിശ്രമിക്കണം. കുട്ടികൾക്ക് ഇത് ഉപയോഗിക്കാൻ നിയന്ത്രണം ഏർപ്പെടുത്തണം. കാരണം ഇതിന്റെ വശ്യത കുട്ടികളെ തെറ്റായ വഴികളിലേക്കും തിന്മയുടെ ജീവിതരീതികളിലേക്കും വഴിനടത്താനുള്ള സാധ്യത കൂടുതലാണ്. മാധ്യമ സാക്ഷരത നമ്മെ കുറെക്കൂടി മാന്യമായി മാറ്റണം.

**14. Part time Jobs and Full Time Habits:** വിദേശങ്ങളിലും ഭാരതത്തിന്റെ മറ്റു സംസ്ഥാനങ്ങളിലും പാർട്ട്ടൈം ജോലികൾചെയ്യാൻ കുട്ടികൾക്ക് അവസരമുണ്ട്. ഇത് കൂടുതൽ മികച്ച ഉത്തരവാദിത്വബോധമുള്ള, അദ്ധ്വാനശീലമുള്ള, ഭാവി സുരക്ഷിതമായി നിലനിർത്താൻ ആഗ്രഹിക്കുന്ന പുതുതലമുറയെ വാർത്തെടുക്കും. കുട്ടികൾ അവർക്കുപറ്റിയ ജോലികൾ ചെയ്യുന്നത് കുറവായികാണുന്ന മാതാപിതാക്കൾ ഉണ്ട്.

(ശേഷം 34-ാം പേജിൽ)

# SEEKING BRIDEGROOM

*Roman Catholic parents looking for groom for 24 year old, tall, beautiful and God-fearing daughter. She completed her masters in social science and works for the U.S. government hospital. Inviting suitable groom with good education. Please email with photo to **seanjoey2020@gmail.com**

*Pentecostal parents invite proposals for their daughter D.O.B. August 86, 5'6" working as Accounts Manager for a Financial Institution in the U.S. She did schooling and undergrad from Canada and Masters in Accounting and M.B.A. from U.S.Those who are interested may please respond with details and recent pictures to **scjoseph22@gmail.com** or call (whatsapp) **1 416 903 5007**.

*Parents seek proposal for daughter, age 26, baptized Christian, raised in USA, 5'.1", active in a Bible-based community church with Pentecostal beliefs, employed after B.S. in Engineering. Looking for one with similar faith, values, and professional background. Please email with photo & details to **Lordhears@outlook.com**

*A Pentecostal missionary family in Kerala is seeking proposals for their youngest daughter (31 years old, 163cm), who holds an M.Sc. in Audiology and Speech-Language Pathology. She is currently working in Seattle, WA. Pentecostal parents of boys with a missionary spirit and good educational background may send a recent photo and profile to **email4ksa@gmail.com** or contact **+91 94474 01025, 94961 07772**.

*Knanaya Catholic parents invite proposal for daughter (January 1997) Height 5'3" Born and raised in US, Working as RN in University hospital Chicago. Speaks Malayalam. Looking for family oriented, God- fearing alliance from Knanaya Catholic boys brought up in USA or Canada Call or message with details to **6304406128.**

*Our Family settled in USA with origins in Kerala invites proposals for our daughter unmarried, age 32 , 5 feet tall, U.S. Citizen, a practicing attorney (bar license in New York & Maryland) now working as a legal counsel for a global cyber security corporation in the US. We belong to the Mar Thoma denomination and are seeking alliance from employed doctors, engineers, lawyers, IAS grade professions from the US. Contact us directly or on WhatsApp + **1 (412) 327-5600** or email to **sam@varkey.org**

*We are Pentecostal (Knanaya background) parents seeking proposals for our daughter who is doing internship at Pushpagiri Dental College Thiruvalla. Her date of birth September 21st, 2000 and she is 5.6 inches in height. She holds a US passport (she is a US Citizen) and was born and brought up in India. We are attending an independent church in Kerala. Looking for Medical doctors or Equivalent for our daughter.
Interested parties please Email: **joyofthelord567@gmail.com** or for more information in USA call **405-850-0011**

Visit Our Website:
www.keralaexpress.com
for Matrimonial Advt.

*Syrian Christian parents settled in USA invites proposal for their daughter 41-year, 5 feet 3-inch, dental professor working in a State University in the USA. Spirit filled and Pentecostal church members (legally divorced). Seeking suitable alliance from parents of educated and spiritual candidates. Only from USA. Contact on WhatsApp **+ 1 609 410 3076.**

*Pentecostal parents seeking proposals for their daughter (D.O.B = 29-08-1999) (B.Sc Nursing), born again, baptized & Spirit filled, now working as Staff Nurse in MOH, Saudi Arabia. Looking for proposals from parents of Pentecostal spirit filled and qualified boy.
If interested, please contact or WhatsApp @ **+91 9447440441.**

*Kerala CSI parents invite proposals for their daughter, (29 years, M.Com, CA Inter), presently working as an auditor with a company in Philadelphia. Please contact WhatsApp **+91 9349553125**

*Seeking proposals for Pentecostal girl (35/5'5") born again, baptized, living in the US, Software Engineer, PhD student (Machine Learning). Grew up in middle-east and India before moving to the US. Looking for born again, baptized, God fearing, professionally qualified boys. If interested, please contact **+91 95443 89214** (WhatsApp or call) or **+1 224 537 8569**

*Christian Parents settled in USA inviting marriage proposals for their daughter US Citizen, aged 47 years (date of birth 09/13/1977) never married. Passed her M.S. in Orthopedics from CMC VELLORE. Now Working as Pediatric Ortho surgeon at Children, s hospital, Nebraska. She is 5.04 feet tall, and good looking. God fearing, smart and family oriented. We are looking for qualified professionals preferably born again. Interested parties please contact with full details with a current photo.
Email: **marijohn2002@yahoo.co.in**

*Pentecostal parents seeking proposal for their daughter, 30 years, Dec. 1994. 5'6.5" born again, baptized, born and brought up in US. She is a DNAP. (Doctor of Nurse Anesthesia Practice). Prefer proposal from born again, baptized, good moral values and God fearing person. **423-316-0196 Vsimon@bellsouth.net**

*Pentecostal parents settled in the USA invite proposals for their daughter who was born and brought up in the US. Age 24, height 5'3". She holds a Masters degree in Health Administration and is cur-

# SEEKING BRIDE

* Christian parents settled in USA since 1997 invite proposals for their son, 36 years old, 5'7", born again and baptized and in fellowship with a Pentecostal Church in Florida. He is a Computer Engineer with Masters degree and works as a Senior software Engineer with Lockheed Martin since few years. He had a kidney transplant in 2010 and been doing very well physically all these years. Parents of born again girls from US or Canada may respond to me for further details and photos. My phone number: **863-709-6031** and
email: **mathewg1956@gmail.com**

*Pentecostal parents settled in USA invite proposals for their born again, baptized son (25, 5'8"ft) who is in management work at a reputed Fortune100 company. We are looking for a born-again, God fearing girl with spiritual values and a heart for missions. Parents of interested girls please contact us at
**rblap@yahoo.com** or **972 832 8784**

*Pentecostal parents prayerfully seeking proposals for our son, born and brought up in Texas, US (Dec 1995 5'9") Graduated DNP and working as a nurse practitioner in an outpatient clinic in Texas. He is living and attending church with us. Inviting proposals from the parents of girls attending Pentecostal church, preferably non ornamental & from US. Please contact with a full-size picture. Phone # **214-732-9726.**

*Seeking a bride for 69-year young male, US Citizen, handsome, Medical professional, no liabilities, divorced, annulled, Knanaya Catholic preferred, but other denominations also considered. Please contact WhatsApp at **+1 914-471-7454** (USA) or email to
**alexkalarickal@gmail.com** with recent photos & details.

*Malayalee pentacostal family settled in USA seeking a bride for their son born, raised and graduated from North India, 38 years, 5'10" tall, residing in USA for last 9 years and completed BBA from a university in Georgia, currently managing family business. He is born again, spirit filled, God fearing and visionary about gospel church going. Seeking suitable alliance from the parents. Please contact **6783657445**. Pictures and further details upon request.

*73-year-old seeking bride (age between 65-69) born again Christian. Settled in Dallas. Intrested parties may contact E mail: **gkvarghese@gmail.com.** Ph: 914 318 3444.

*Malayalee Pentecostal parents seeking a bride for their son, born and raised in USA. Age:32. Height 5'7". Graduated with Master of Science (MS) in Biology. Currently has a hybrid job as an Advocacy Support Associate at Delaware Riverkeepers Network. Settled in Pennsylvania, Philadelphia suburbs. He is a talented singer and musician and led the English worship team. Wearing Jewelry is fine, not having the gifts of the Spirit for personal edification is fine. Interested party may please contact with a picture along with similar details to: **jvarghese645@yahoo.com** or text to **267-991-2825**

*Parents looking for match for Their Son 30 yrs U.S citizen, Working for N.J. Transit South Indian Catholic Cast no bar Pefe Medical Pro. In N.Y. Or N.J. Please contact **917 880 9045.**

*Pentecostal parents settled in USA invite proposals for their born again, baptized son (24, 5'8"ft) who is in management work at a reputed Fortune100 company. We are looking for a born-again, God fearing girl with spiritual values and a heart for missions. Parents of interested girls please contact us at
**rblap@yahoo.com**

*Sister residing in USA inviting a proposal for brother dob Jan. 3, 1993, Height 5'8 Pentecostal boy. He graduated with BBA and MSW, currently working as a direct support worker in Ireland. He is very talented and involved in church ministry. Proposal inviting from Pentecostal parents, preferably USA. Cell number **224-436-9609**.email **keziajoseph86@gmail.com**

# SEEKING BRIDEGROOM CONTD.....

rently working in Ohio. Seeking alliances from qualified young professionals living in the US or Canada. If interested, please contact with full information via email: **bejoy2342@gmail.com**

*USA settled Christian family seeking proposal for their 39 year old daughter who is a US Citizen. She is 5'3", born again and baptized and in fellowship with a Pentecostal Church. She has degrees in Bio Medical Science and Law and currently working with State of Florida government since several years. We are looking for a born again, educated young man from US or Canada. Those who are interested, please text, Whatsapp at **863-709-6031** or email **mathewg1956@gmail.com**

*Pentecostal parents settled in USA prayerfully seek proposals for their born again, baptized, Sprit filled daughter brought up in USA, MD, age 30, height 5'6", currently working as Attending Professor in a reputed hospital in USA, from Pentecostal boys with professional qualifications. Please contact with full information Email: **gben8690@gmail.com**

Visit Our Website:
www.keralaexpress.com
for Matrimonial Advt.

## സാമുവൽ ടി. ജോൺ

**ഊന്നുകൽ:** തോട്ടത്തിൽ സാമുവൽ ടി. ജോൺ (80) അന്തരിച്ചു. ഭാര്യ പരേതയായ ഏലിയാമ്മ സാമുവൽ. മക്കൾ: സുനു, സുമ, സോനു, സൈനു, സിബി (എല്ലാവരും യുഎസ്), സാബു, സുജ. മരുമക്കൾ: ബേബി, റെജി, റോയി, ജോമോൻ, സോണി (എല്ലാവരും യുഎസ്), ഷൈല, മോനച്ചൻ.

**മുണ്ടക്കയം:** സിഎസ്എസ്ടി സന്യാസ സഭാംഗവും മുണ്ടക്കയം മൈക്കോളജി കോൺവന്റ് അംഗവുമായ സിസ്റ്റർ അകിലിന (92) അന്തരിച്ചു.

**കല്ലറ:** നരിക്കുഴിയിൽ ജോസ് പി. നരിക്കുഴി (89) മെൽബണിൽ അന്തരിച്ചു.

**ചങ്ങനാശേരി:** കൊടിനാട്ടുകുന്ന് പാലത്തിങ്കൽ റോസമ്മ ആന്റണി (കുഞ്ഞമ്മ-95) അന്തരിച്ചു.

**കോട്ടയം:** പടിവാതുക്കൽ ജിസ്മോൻ പി. ജോസഫിന്റെയും അക്സ ജിസ്മോന്റെയും മകൻ ഡെറിക് ജോസഫ് ജിസ്മോൻ (6) അന്തരിച്ചു.

**അതിരമ്പുഴ:** ശ്രീകണ്ഠമംഗലം മണിയാങ്കേരിൽ (കറുകയിൽ)കുര്യൻ ഏബ്രഹാം (കുഞ്ഞച്ചൻ-91) അന്തരിച്ചു.

**കല്ലറ:** അംബികാലയത്തിൽ യു. രവീന്ദ്രവർമ്മ (64) തൃപ്പൂണിത്തുറയിൽ അന്തരിച്ചു.

**റാന്നി:** അങ്ങാടി പുല്ലമ്പള്ളിൽ ജോളി പോത്തൻ (80) അന്തരിച്ചു.

**തൃശൂർ:** വിമല കോളജ് ഇംഗ്ലീഷ് വിഭാഗം അധ്യാപികയായിരുന്ന പ്രഫ. ഫിലോമിന അലക്സ് (79) അന്തരിച്ചു.

## കെ. ശ്രീനിവാസൻ

**വൈറ്റില:** ഓൾ ഇന്ത്യ ബാങ്ക് റിട്ടയറീസ് ഫെഡറേഷൻ അഖിലേന്ത്യാ ചെയർമാൻ പൊന്നുരുന്നി എഫ്എസി റോഡ് അനൂപ്ശ്രീയിൽ കെ. ശ്രീനിവാസൻ (85) ബെംഗ്ളൂരുവിൽ അന്തരിച്ചു. ഭാര്യ ഓമന. മക്കൾ: അനൂപ് (യുഎസ്), അനുജ (ബെംഗ്ളൂരു). മരുമക്കൾ: ബൃന്ദ (യുഎസ്), ബിബിൻ (ബെംഗ്ളൂരു).

**മൂവാറ്റുപുഴ:** പിഡബ്ല്യുഡി റിട്ട. അസി. എൻജിനീയർ കുന്നയ്ക്കൽ പഴയചിറങ്ങരയിൽ (ഇടപ്പാട്ട്) കുര്യൻ പി. വർഗീസ് (89) അന്തരിച്ചു.

**ചന്ദനപ്പള്ളി:** വിമുക്തഭടൻ കോട്ടയിൽ കെ. രാജൻ (81) അന്തരിച്ചു.

**പൈക:** പുരയിടത്തിൽ പി.ഡി. ദേവസ്യ (കൊച്ചുകുട്ടി-94) അന്തരിച്ചു.

**തോട്ടയ്ക്കാട്:** ന്യൂ ഇന്ത്യ റബർ കമ്പനി വ്യാപാരി കറുകച്ചാൽ ചിറപ്പുറത്ത് തണുങ്ങുംപതിക്കൽ ടി.വി. ദാനിയേൽ (അച്ചൻകുഞ്ഞ്-81) അന്തരിച്ചു.

**പാത്താമുട്ടം:** മാളികക്കടവ് കൊച്ചേരിൽ കുര്യൻ ജോണിന്റെ മകൻ ജെയ്സൺ കുര്യൻ (36) അന്തരിച്ചു.


## പ്രഫ. ജോർജ് മാനാച്ചേരിൽ

**കുറിയന്നൂർ:** റിട്ട. പ്രഫ. ജോർജ് മാനാച്ചേരിൽ (60) യുഎസിൽ അന്തരിച്ചു. ഭാര്യ കാഞ്ഞിരപ്പള്ളി ഇലവുങ്കൽ വത്സ. മക്കൾ ഡേവിഡ്, ലിസ, ആനി, മരിയ. മരുമക്കൾ: സിമോണി, പോൾ.

## ഷീല ജേക്കബ്

**മൂന്നാർ:** പൂപ്പട രാജ് വിലാസത്തിൽ ഷീല ജേക്കബ് (ലാലി-67) അന്തരിച്ചു. അടൂർ പറക്കോട് വിളയിൽ തെക്കേതിൽ കുടുംബാംഗമാണ്. ഭർത്താവ് ജേക്കബ് ജോർജ് (പൂപ്പട റിസോർട്ട് ഉടമ). മക്കൾ: ജോർജ് പി. ജേക്കബ് (പൂപ്പട റിസോർട്സ് മൂന്നാർ), സാറാ പി. ജേക്കബ് (യുഎസ്), എൽസ പി. ജേക്കബ് (മസ്കറ്റ്). മരുമക്കൾ: റാന്നി കൊട്ടക്കൽ റൈമ സജീവ്, കാനം പരപ്പള്ളി താഴെ തോമസ് മാത്യു, കടുത്തുരുത്തി തെക്കേപ്പാട്ടത്തിൽ ജിൽസൺ ജെ. ജോസഫ്.

## കെ.കെ. ജോസ്



**സംക്രാന്തി:** കൊച്ചുപുരയ്ക്കൽ കെ.കെ. ജോസ് (69) അന്തരിച്ചു. ഭാര്യ മോളി പാലത്തുരുത്ത് കൊച്ചുപുത്തൻപുരയ്ക്കൽ കുടുംബാംഗം. മക്കൾ: സിമി ജോസ്, സിനോ ജോസ് (യുകെ), സിനു ജോസ് (ജർമ്മനി). മരുമക്കൾ: രാജി ഓണശ്ശേരിയിൽ മാന്നാനം, ശീതൾ കണ്ണാമ്പടം പുന്നത്തുറ.

**ആലപ്പുഴ:** പഴവങ്ങാടി സെ. ആന്റണീസ് സ്കൂൾ റിട്ട. അധ്യാപിക തത്തംപള്ളി മഠത്തിപ്പറമ്പിൽ അൽഫോൻസാമ്മ ജോസഫ് (ഗ്രേസമ്മ-71) അന്തരിച്ചു.

## വി.ഇ. വർഗീസ്

**കൊല്ലാട്:** വൈക്കത്തായ കൊച്ചുപുരയ്ക്കൽ വി.ഇ. വർഗീസ് (82) അന്തരിച്ചു. ഭാര്യ തിരുവാർപ്പ് തെക്കേക്കുറ്റ് ഏലിയാമ്മ വർഗീസ്. മക്കൾ: ഏബ്രഹാം വർഗീസ് (യുഎസ്), പരേതനായ മാത്യു വർഗീസ് (യുഎസ്). മരുമക്കൾ: ജ്യോതി ഏബ്രഹാം മാമ്പള്ളിയിൽ (തിരുവനന്തപുരം), മഞ്ജു മാത്യു കുന്നുംപുറത്ത് (പുല്ലാട്).

**ആലപ്പുഴ:** റിട്ട. എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ഡച്ച് സ്ക്വയർ ചെറുകര പുന്നൂസ് ചെറിയാൻ (83) അന്തരിച്ചു.

**അറക്കുളം:** സലേഷ്യൻ സിസ്റ്റേഴ്സ് സന്യാസ സഭാംഗം സിസ്റ്റർ റോസ് തോമസ് (90) അന്തരിച്ചു.

## റോസമ്മ ദേത്തോസ്



**അറ്റ്ലാന്റ്:** അറ്റ്ലാന്റ് ക്രിസ്ത്യൻ അസംബ്ലി മുൻ പാസ്റ്റർ പരേതനായ ദേത്തോസ് ചെറിയാന്റെ സഹധർമ്മിണി റോസമ്മ ദേത്തോസ് (85) അന്തരിച്ചു. കാഞ്ഞിരപ്പള്ളി മേച്ചേരിൽ കുടുംബാംഗമാണ്. മക്കൾ: പരേതനായ ചെറിയാൻ ദേത്തോസ് (ജോ), വർഗീസ് ദേത്തോസ് (ജെൻ). മരുമക്കൾ: ഷീബ, ജെമിനി.

**പാലാ:** പന്ത്രണ്ടാംമൈൽ മണിയഞ്ചിറ എം.സി. ജോസഫ് (ഔസേപ്പച്ചൻ-87) അന്തരിച്ചു.

**പൂവത്തിളപ്പ്:** പാലാ രൂപതാംഗം ഫാ. സഖറിയാസ് മണിയങ്ങാട്ട് (84) അന്തരിച്ചു.

**വേലത്തുശേരി:** രാജസ്ഥാൻ അജ്മർ പ്രഭുദാസി സിസ്റ്റേഴ്സ് മഠാംഗം സിസ്റ്റർ ഡെൽഫി (82) അന്തരിച്ചു.

**നെറ്റിത്തൊഴു:** പാടത്തുമാപ്പിള കുടുംബാംഗം തെക്കേത്ത് ഷീന സൂസൻ ജേക്കബ് (51) അന്തരിച്ചു.

## ഏലിക്കുട്ടി കുരുവിള

**മാങ്ങാനം:** മൈലിയാങ്കൽ കാഞ്ഞിരത്തറ കോതകേരിലായ ചിറക്കുഴിയിൽ ഏലിക്കുട്ടി കുരുവിള (കുഞ്ഞമ്മ-79) അന്തരിച്ചു. അമയന്നൂർ വാരിക്കാട്ട് കിഴക്കേപറമ്പിൽ കുടുംബാംഗം. ഭർത്താവ് പരേതനായ സി.ടി. കുരുവിള. മക്കൾ: ബിനു, ബിറ്റ (യുഎസ്), ബിക്കു (യുകെ). മരുമക്കൾ: ഡോ. സെലിൻ കുരുവിള വിളപറമ്പിൽ (മെഴുവേലി), രേഖ നടുവത്തുചിറ (പുതുപ്പള്ളി), ദീപ്തി പനച്ചിക്കൽ (പെരുമ്പാവൂർ).

**ആലപ്പുഴ:** ജില്ലാ സഹകരണ ബാങ്ക് റിട്ട. എക്സിക്യൂട്ടീവ് ഓഫീസർ വാടക്കൽ രശ്മിയിൽ ജി. ജ്യോത്സനകുമാർ (83) അന്തരിച്ചു.

**തൃശൂർ:** തിരുവനന്തപുരം മെഡിസിറ്റി ഹോസ്പിറ്റൽ കാർഡിയാക് ഫിസിഷ്യൻ മറ്റപ്പള്ളിൽ ഡോ. മാത്യു ഡെയിൽ ജേക്കബ് (66) അന്തരിച്ചു.

**കോതമംഗലം:** ഇലഞ്ഞിക്കൽ (വാലയിൽ) അമ്മിണി ആന്റണി (83) അന്തരിച്ചു.

**കല്ലപ്പാറ:** പേരാലുമ്മൂട്ടിൽ ചേരിയിൽ ജോൺ സഖറിയ (92) അന്തരിച്ചു.

**പാലാ:** കണ്ണാടിയുറുമ്പ് പുത്തോട്ടത്തിൽ റോസമ്മ ജോസഫ് (80) അന്തരിച്ചു.

**കൈപ്പുഴ:** കിഴക്കേടെ നാട്ടുകാലായിൽ ശാന്തശേഖരൻ (85) അന്തരിച്ചു.

## ടി.വി. ചാക്കോ

**കാരയ്ക്കൽ:** പണിക്കരുവീട്ടിൽ മൂലയിൽ തുണ്ടിയിൽ ടി.വി. ചാക്കോ (76) അന്തരിച്ചു. ഭാര്യ ചാത്തങ്കരി വാണിയപ്പുരയ്ക്കൽ ലാലി. മക്കൾ: സിബി, സൂസൻ, സാജൻ, ഷാരോൺ. മരുമക്കൾ: വിനോദ്, യോഗേഷ് റോബിൻ (ഇരുവരും യുഎസ്), സെറിൻ (സൗദി).

## പ്രഫ. കെ.സി. ഏബ്രഹാം

**ചങ്ങനാശേരി:** കുരിശുംമൂട്ടിൽ ഹൗസ് കായംകുളം എംഎസ്എം കോളജ് റിട്ട. പ്രഫസർ കെ.സി. ഏബ്രഹാം (അവിരാച്ചൻ-85) അന്തരിച്ചു. ഭാര്യ ഭരണങ്ങാനം മഴുവന്നൂർ ഏലമ്മ ജോസഫ് (റിട്ട. പ്രഫ. അസംപ്ഷൻ കോളജ്). മക്കൾ: ഡോ. എലിസബത്ത് കെ. ഏബ്രഹാം, ചെറിയാൻ കെ. ഏബ്രഹാം (വൈസ് പ്രിൻസിപ്പൽ സെ. ആന്റണീസ് ഹൈസ്കൂൾ ആനക്കൽ), ജോസ് കെ. ഏബ്രഹാം (യുഎസ്), ഡോ. റോസ് മേരി കെ. ഏബ്രഹാം (ഇക്കണോമിക് അഡ്വൈസർ, ഫിനാൻസ് മിനിസ്ട്രി ന്യൂഡൽഹി).

## വർഗീസ് മാത്യു

**ചേർത്തല:** എഴുപുന്ന തട്ടാരുപറമ്പിൽ വർഗീസ് മാത്യു (മത്തച്ചൻ-79) യുഎസിൽ അന്തരിച്ചു. ഭാര്യ അതിരമ്പുഴ മാതിരമ്പുഴ കുഞ്ഞമ്മ. മക്കൾ: അനുപമ മാത്യു (യുകെ), അനിൽ മാത്യു (യുഎസ്). മരുമക്കൾ: ബിജി അഗസ്റ്റിൻ, ബബിത പോളക്കാട്ടിൽ.

**ആമ്പല്ലൂർ:** ദിവ്യകാരുണ്യ മിഷനറി സഭ (എംസിബിഎസ്) മുൻ സുപ്പീരിയർ ജനറൽ ഫാ. ജോർജ് കിഴക്കേമുറി അന്തരിച്ചു.

## ഡോ. ജോളി ഏബ്രഹാം

**മീനടം:** ചെന്നൈ സെ. ജോസഫ് എൻജിനീയറിങ് കോളജ് മുൻ പ്രിൻസിപ്പൽ പുത്തൻപുരയ്ക്കൽ ഡോ. ജോളി ഏബ്രഹാം (79) യുഎസിൽ അന്തരിച്ചു. ഭർത്താവ് പരേതനായ കെ.സി. ഏബ്രഹാം.


**നെടുമ്പാശേരി:** കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് വർക്കേഴ്സ് യൂണിയൻ മുൻ സംസ്ഥാന പ്രസിഡണ്ട് അകപ്പറമ്പ് എലമ്പലാശേരി എ.എസ്. രാമൻ നായർ (82) അന്തരിച്ചു.

**അതിരമ്പുഴ:** കുഴിപറമ്പിൽ പരേതനായ ജോർജിന്റെയും അന്നമ്മയുടെയും മകൻ ജോണി ജോർജ് (56) അന്തരിച്ചു.

## ജോയി ജേക്കബ്

**വാകത്താനം:** വിലങ്ങൻപാറ ജോയി ജേക്കബ് ((73) അന്തരിച്ചു. ഭാര്യ റാന്നി പഴയാറ്റ് പരേതയായ ജെസി ജോയ്. മക്കൾ: ജോബി ജോയി (അയർലൻഡ്), ജെബു ജോയി (കാലിഫോർണിയ). മരുമക്കൾ: മുത്ത് കൊച്ചുപുരയ്ക്കൽ തുണ്ടിയിൽ കല്ലിശേരി, സ്നേഹ കണ്ണാടിപുഴയിൽ തെങ്ങേലി.

## കെ.ടി. തോമസ്



**വാഴൂർ:** പുളിക്കൽകവല കരിങ്ങണാമറ്റത്തിൽ കെ.ടി. തോമസ് (കുഞ്ഞ്-84) അന്തരിച്ചു. ഭാര്യ: കുമരകം പുത്തൻപറമ്പിൽ പരേതയായ ലീലാമ്മ തോമസ്. മക്കൾ: ആഷ, നിഷ (യുകെ), അനീഷ്. മരുമക്കൾ: അജിത് ഏബ്രഹാം കുരിശുംമൂട്ടിൽ (വേളൂർ), ഷൈബി തോമസ് കൊച്ചറ (യുകെ), ബിൻസി.

**ചങ്ങനാശേരി:** പൂവം നെടുംപറമ്പിൽ ഫിലോമിന യേശുദാസൻ (101) അന്തരിച്ചു.

**അമ്പാറനിരപ്പേൽ:** കൈപ്പള്ളിൽ (മൂലേച്ചാലിൽ) കെ.എസ്. തോമസ് (കുഞ്ഞ്-71) അന്തരിച്ചു.

**അമ്പലപ്പുഴ:** പടഹാരം വള്ളവന്ത്ര ലീലാമ്മ മാത്യു (81) അന്തരിച്ചു.

## ഡോ. ജി. രഘുനാഥൻ നായർ

**മണ്ണുത്തി:** കേരള കാർഷിക സർവകലാശാല പൗൾട്രി ഫാം മേധാവിയും മണ്ണുത്തി വെറ്ററിനറി കോളജ് പൗൾട്രി സയൻസ് ഡയറക്ടറുമായിരുന്ന ഡോ. ജി. രഘുനാഥൻ നായർ (80) അന്തരിച്ചു. ഭാര്യ നാലാങ്കൽ കുടുംബാംഗം പത്മജ നായർ (റിട്ട. അധ്യാപിക തൃശൂർ സേക്രഡ് ഹാർട്ട് സ്കൂൾ). മക്കൾ: ഡോ. അശ്വനികുമാർ (പ്രഫ. ഗൈനക്കോളജി, തൃശൂർ ജൂബിലി മിഷൻ മെഡിക്കൽ കോളജ്), അനൂപ് (യുഎസ്). മരുമക്കൾ: ഡോ. ആർദ്ര മേനോൻ (ഗവ. മെഡിക്കൽ കോളജ് കളമശേരി), ലക്ഷ്മി (യുഎസ്.)

## ജോർജ് മാത്യു

**വാകത്താനം:** റിട്ട. അധ്യാപകൻ കൈതയ്ക്കൽ ജോർജ് മാത്യു (ബാബു-79) അന്തരിച്ചു. കളത്തൂർ കണ്ടത്തിൽ കുടുംബാംഗമാണ്. ഭാര്യ അയിരൂർ തീയാടിക്കൽ കോലത്ത് ശാന്തമ്മ. മക്കൾ: വിനീത് (ഓസ്ട്രേലിയ), ദീപ (യുഎസ്). മരുമക്കൾ: അഞ്ജു (ഓസ്ട്രേലിയ), ജോജോ (യുഎസ്).

**വടവാതൂർ:** തേമ്പ്രവാൽ നടുപ്പറമ്പിൽ മറിയാമ്മ ഫീലിപ്പോസ് (ഗ്രേസി-75) അന്തരിച്ചു.

**കിടങ്ങൂർ:** ചെമ്പിളാവ് ഇളംകാരിൽ ഗൗരിയമ്മ (98) അന്തരിച്ചു.

**മുട്ടുചിറ:** വിമുക്തഭടൻ പറമ്പിൽ (വട്ടക്കാലായിൽ) പി.ജെ. പൗലോ (82) അന്തരിച്ചു.

## സിസ്റ്റർ ലിനറ്റ് കലയത്തിനാൽ

**പാലാ:** കടനാട് ആരാധനാമഠാംഗം സിസ്റ്റർ ലിനറ്റ് കലയത്തിനാൽ (89) അന്തരിച്ചു. സഹോദരങ്ങൾ: കെ.എസ്. മാത്യു (തൊടുപുഴ), ഡോ. ലിസി ജോസ് മേനാച്ചേരി (യുഎസ്), ഡോ. റോസമ്മ വിൻസന്റ് ഞാവള്ളിൽ (തേവര), തോമസ് സെബാസ്റ്റ്യൻ (മേലമ്പാറ), പരേതരായ മേരിക്കുട്ടി ജോസഫ് വെട്ടിക്കാപ്പള്ളിൽ വൈക്കം, ഡോ. സിസിലി ജോസഫ് നിധീരി (യുഎസ്).

**തൊടുപുഴ:** കനറബാങ്ക് റിട്ട. മാനേജർ കാഞ്ഞിരമറ്റം പൊക്കാവുങ്കൽ കെ.ജെ. ജയൻ (ജേക്കബ്-75) അന്തരിച്ചു.

**കാവുംഭാഗം:** ഭിലായ് സ്റ്റീൽപ്ലാന്റ് റിട്ട. ഉദ്യോഗസ്ഥൻ തെക്കേമണ്ണിൽ ടി.എസ്. കുര്യൻ (91) അന്തരിച്ചു.

## എം.എം. തോമസ്

**ചേന്നാട്:** മുണ്ടിയത്ത് എം.എം. തോമസ് (അപ്പച്ചൻ-77) അന്തരിച്ചു. ഭാര്യ ഇയോർമറ്റം മേരി. മക്കൾ: ജിൻസ് (യുഎസ്), സിസ്റ്റർ ജ്യോതിസ് മരിയ, ഫാ. ജോൺസൺ സി. സിസ്റ്റർ ജിൻസി മുണ്ടിയാത്ത്, ജാസ് മിൻ (യുകെ). മരുമക്കൾ: പരേതയായ ജയ്മോൾ ഞാറയ്ക്കൽ (യുഎസ്).

**തൊടുപുഴ:** തിരുവനന്തപുരം പുത്തൻപുരയിൽ ചിന്നമ്മ ഫിലിപ്പ് (88) അന്തരിച്ചു.

**കല്ലറ:** തൊട്ടിപ്പറമ്പിൽ അന്നമ്മ ഏബ്രഹാം (84) അന്തരിച്ചു.

**പ്രവിത്താനം:** മരിയഭവൻ കോൺവന്റ് അംഗം സിസ്റ്റർ ടോമില്‍ഡ് (79) അന്തരിച്ചു.

## സി.എം. ചാക്കോ

**മുളന്തുരുത്തി:** മുളന്തുരുത്തിയിലെ ആദ്യകാല വ്യാപാരി പെരുമ്പിള്ളി ചെറുകുന്നിക്കാട്ടിൽ സി.എം. ചാക്കോ (93) അന്തരിച്ചു. ഭാര്യ പരേതയായ അന്നമ്മ. മക്കൾ: മത്തായി, സാബു (യുഎസ്), സാലി (മുംബൈ), സൂസൻ, സജി (ഒമാൻ). പരേതനായ റെജി. മരുമക്കൾ: ജെയ്നി. സോഫി (യുഎസ്), ജോൺ (മുംബൈ), റെനി, സോഫി (ഒമാൻ).

**കൊടിനാട്ടുകുന്ന്:** വലിയപറമ്പിൽ ടെസി തോമസ് (പെണ്ണമ്മ-68) അന്തരിച്ചു.

**മൂലവട്ടം:** പുത്തൻപറമ്പിൽ പി.ജെ. ജയന്റെയും ഷീല ജയന്റെയും മകൻ ഋഷികേശ് കെ. ജയൻ (20) അന്തരിച്ചു.

**മാമംഗലം:** ജനറൽ സർജൻ പ്ലാവേലിൽ ഡോ. കുര്യൻ തോമസ്(88) അന്തരിച്ചു.

**കോതമംഗലം:** തിരുഹൃദയ സന്യാസിനി സമൂഹം കോതമംഗലം ജ്യോതി പ്രോവിൻസ് അംഗം സിസ്റ്റർ മേരി കനോസ കൊന്നക്കൽ (89) അന്തരിച്ചു.

**ചങ്ങനാശേരി:** തേവലശ്ശേരി ഏലിയാമ്മ ജോസഫ് (89) അന്തരിച്ചു.

## MALAYALEE CARETAKER/ BABYSITTER NEEDED – MINNESOTA (6 MONTHS)

A young malayalee family in Minnesota is seeking a reliable and caring live-in caretaker/babysitter to assist with the care of two small children.

**Position Details:**

Duration: 6-12 months (Summer & Fall Season only)
Live-in arrangement/ Accommodation provided
Primary focus on childcare
Light household duties (e.g., tidying, basic help)
Travel expenses covered

We are looking for someone who is nurturing, patient, and enjoys working with young children. Salary and overall compensation can be discussed further over a phone call.

**CONTACT:**

**Mithun @ 651-895-3887**

**for further details.**

## BABYSITTER NEEDED IN NILES, ILLINOIS

Seeking a reliable and caring babysitter for a 3-year-old toddler in Niles, IL. Position begins May 2026 and requires availability 3–4 days per week.

**For more information, please call or text**

**708-250-4845**

## FOR SALE PRIME LAND IN KOCHI CITY

For sale 10.50 cents of prime land in Kochi city (half cents will be free); Rs 15 lakh per cent, but negotiable.

**Please contact: 703-907-9132**

*Favors Received*



*Inserted by: Firm Believer, Atlanta*

*Favors Received*



*Inserted by: Firm Believer, Atlanta*

## CAREGIVER NEEDED – OKLAHOMA CITY

### (Malayalee Christian Preferred)

An 80-year-old Ammachi in Oklahoma City is seeking a compassionate and reliable Malayalee Christian caregiver. This role can be either live-in or part-time (a few times per week) depending on availability.

**Responsibilities include:**

• Light cooking (Indian/Malayalee meals preferred) • Household chores • Grocery shopping and errands • General companionship and support

**Preferred qualifications:**

• Malayalee Christian background
• Ability to drive (strongly preferred)
• Kind, patient, and trustworthy nature

Ammachi is currently independent and able to drive short distances but would benefit from additional support.

**Contact:**

**Annie Shepherd**

**321-287-0187**

## BABYSITTER WANTED IN ST LOUIS

Doctor and family near St Louis, MO seeking a kind, reliable live-in babysitter. Responsibilities include infant care and daily housework as needed. Private room included.

**Please call or email if interested**

**Leyah at 201-207-8299**

**leyahelizabeth@gmail.com**

## PROPERTY FOR SALE AT NEENDOOR, KOTTAYAM

Property for sale. 118 cent property at Neendoor, Onamthuruthu Village, Kottayam dist., Kerala State.

Total only $2,60313 or Rs 236 Cr. Best place to build house, resort, plantations, Animal or Fish farm. Panchayathu road at all the 3 sides & bus service. Price negotiable.

**Please contact**

**Alex at +1 914-471-7454** (WhatsApp USA) or

email at **alexkalarickal@gmail.com**

Visit Our Website: www.keralaexpress.com for Classified Advt.




# ‘ദൃശ്യം 3’ – യിലെ ജോർജുകുട്ടി എന്ന കഥാപാത്രത്തെ കേന്ദ്രീകരിച്ച് മോഹൻലാൽ സംസാരിക്കുന്നു

ഇന്ത്യൻ സിനിമാ ലോകം ഒന്നടങ്കം കാത്തിരിക്കുന്ന സിനിമയായ ദൃശ്യം 3 ഈ മാസം 21-ന് തിയറ്ററുകളിലെത്തുകയാണ്. അതും മലയാളത്തിന്റെ മഹാനടൻ മോഹൻലാലിന്റെ പിറന്നാൾ ദിനത്തിൽ. സംവിധായകൻ ജിത്തു ജോസഫ് ആദ്യ രണ്ട് ഭാഗങ്ങളും സസ്പെൻസിന്റെ മുൾമുനയിൽ നിർത്തിച്ചതിനാൽ മൂന്നാം ഭാഗത്തിലും പ്രേക്ഷകർക്ക് പ്രതീക്ഷകളെറെയാണ്.

നാല് വർഷത്തെ ഇടവേളയ്ക്ക് ശേഷമെത്തുന്ന മൂന്നാം ഭാഗം ആശിർവാദ് സിനിമാസ്, പനോരമ സ്റ്റുഡിയോസ്, പെൻ സ്റ്റുഡിയോസ് എന്നിവയുടെ ബാനറിൽ ആന്റണി പെരുമ്പാവൂരാണ് നിർമിക്കുന്നത്. മീന, അൻസിബ ഹസൻ, എസ്തർ അനിൽ, മുരളി ഗോപി എന്നിവർ പ്രധാന വേഷങ്ങളിൽ എത്തുന്നു.

13 വർഷത്തിനുശേഷം ജോർജുകുട്ടിയെന്ന അതേ കഥാപാത്രമായി എത്തുകയെന്ന അപൂർവഭാഗ്യവും ഈ ചിത്രത്തിലൂടെ മലയാളികളുടെ സ്വന്തം ലാലേട്ടനുണ്ട്. ജോർജ്കുട്ടി എന്ന കഥാപാത്രത്തെ അവിസ്മരണീയമാക്കിയ നടൻ മോഹൻലാൽ മനസ് തുറക്കുന്നു....

ദൃശ്യം 3 എന്റെ പിറന്നാൾ സമ്മാനമാണെന്ന് ആളുകളൊക്കെ പറയുന്നു. സമ്മാനം കൊടുക്കുമ്പോൾ അത് മോശമാകാൻ പാടില്ലല്ലോ. സമ്മാനം അത്യാവശ്യം നല്ലതായിരിക്കുമെന്നാണ് എന്റെ വിശ്വാസം. നല്ലൊരു സിനിമ ചെയ്തുവെന്ന് പറയാൻ കഴിയും. പിറന്നാൾ ദിനത്തിലെ ഈ റിലീസിംഗ് മനഃപൂർവം സംഭവിച്ചതല്ല.

ഈ ചിത്രം നേരത്തെ റിലീസ് ചെയ്യാനൊക്കെ ശ്രമിച്ചതാണ്. പിന്നീടാണ് മിഡിൽ ഈസ്റ്റ് പരിപാടികളൊക്കെ വന്നത്. വ്യാഴാഴ്ച അല്ലെങ്കിൽ വെള്ളിയാഴ്ചയാണ് പൊതുവെ റിലീസുകൾ വരുന്നത്. മേയ് 21 നോക്കിയപ്പോൾ വ്യാഴാഴ്ചയായിരുന്നു. അതൊരു ഭാഗ്യമായിട്ടാണ് ഞാൻ കാണുന്നത്. ഇത്രയും ആളുകൾ കാത്തിരിക്കുന്നൊരു സിനിമ, അത് പിറന്നാളിന് കൊടുക്കുക എന്നത് ആന്റണിയുടെ അഭിപ്രായമായിരുന്നു.

അത് ഒരിക്കലേ സംഭവിക്കുകയുള്ളൂ. എല്ലാ പിറന്നാളിനും സിനിമ ഇറക്കാൻ പറ്റില്ല. അതുമാത്രമല്ല ദിവസവും വരണം. എന്റെ ജീവിതത്തിലെ ഏറ്റവും മികച്ച ക്യാരക്ടറുകളിലൊന്നാണ് ജോർജുകുട്ടി. ആ കുടുംബത്തിൽ സംഭവിച്ചത് എന്തൊക്കെയാണെന്ന് എല്ലാവർക്കും അറിയാം.

അതിൽ നിന്നും എങ്ങനെ രക്ഷപ്പെടുന്നു എന്നുള്ളതാണ് എല്ലാവർക്കും അറിയേണ്ടത്. പിറന്നാൾ ദിനത്തിൽ തന്നെ സിനിമ കാണണം എന്ന് എനിക്കും ആഗ്രഹമുണ്ട്. പിറന്നാൾ സമ്മാനമായി പ്രേക്ഷകർ ചിത്രത്തെ സ്വീകരിക്കട്ടെയെന്ന് ആഗ്രഹിക്കുന്നു.

ദൃശ്യം 3 കുറേക്കൂടി ഇമോഷണൽ സിനിമയാകാൻ സാധ്യതയുണ്ട്. രണ്ട് കുടുംബത്തിന്റെ കഥയാണത്. രണ്ട് അച്ഛന്മാരുടെ, രണ്ട് അമ്മമാരുടെ, രണ്ട് കുട്ടികളുടെ കഥയാണ്. മകനെ നഷ്ടമായ മാതാപിതാക്കളുടെയും കഥ. അവർക്ക് സുഖമായി ഉറങ്ങാൻ കഴിയുന്നില്ല.

13 വർഷം കൊണ്ട് ജോർജുകുട്ടിയുടെ കുടുംബം വലുതായി. കുട്ടികൾ വലുതായി. കുട്ടികൾ ചോദ്യം ചോദിക്കാൻ തുടങ്ങി. ജോർജ്കുട്ടിയൊരു പാവമാണ്. അയാൾ ആരെയും കൊന്നിട്ടില്ല. കൊലപാതകമല്ല നടന്നത്. ഒരു കൈയബദ്ധമാണ്. അങ്ങനെ എത്രയോ ആൾക്കാർക്ക് സംഭവിച്ചിട്ടുണ്ട്. പക്ഷേ, അത് എല്ലാവരെയും ബാധിക്കും. കുടുംബത്തെ രക്ഷിക്കാൻ ജോർജുകുട്ടി ശ്രമിക്കുകയാണ്.

ജോർജുകുട്ടിയുടെ ഇമോഷണലുകളാണ് ജിത്തു ജോസഫ് ഫോക്കസ് ചെയ്തിരിക്കുന്നത്. ദൃശ്യം ഒന്നും രണ്ടും പ്രേക്ഷകർ അവർക്കൊപ്പം ചേർത്തതാണ്. ജോർജ്കുട്ടിക്കും കുടുംബത്തിനും എന്ത് സംഭവിച്ചുവെന്ന് അറിയാൻ പ്രേക്ഷകർക്ക് ആഗ്രഹമുണ്ട്. അവരെ നിരാശപ്പെടുത്താനാകില്ല.

ജിത്തു ജോസഫ് ആ സ്റ്റോറി നല്ലതായി കൈകാര്യം ചെയ്തിട്ടുണ്ട്. ജോർജുകുട്ടി തന്റെ കുടുംബത്തിനുവേണ്ടി ചെയ്യുന്ന എല്ലാത്തിനും ഒരു അവസാനം വേണം. അതിൽ വിജയിച്ചോയെന്ന് നിങ്ങൾ, പ്രേക്ഷകരാണ് പറയേണ്ടത്.

ഈ കഥാപാത്രത്തെകുറിച്ച് പറയുകയാണെങ്കിൽ ജോർജ്കുട്ടി ആരാണെന്ന് എനിക്ക് അറിയില്ല. വളരെ അത്യപൂർവമായി സംഭവിക്കുന്ന കാര്യമാണത്. നമ്മൾ ഒരു സിനിമ ചെയ്യുമ്പോൾ, കഥാപാത്രം കുറച്ചു കഴിഞ്ഞ് അത് മനസിലാകും. ഒരുപാട് സിനിമകളുണ്ട് നമുക്ക് ഓർത്തുവെക്കാൻ. വാനപ്രസ്ഥം, തൂവാനത്തുമ്പികൾ, താളവട്ടം, ചിത്രം, തന്മാത്ര എന്നിങ്ങനെ. ജോർജ്കുട്ടി തുടങ്ങിയപ്പോൾ മുതൽ ഒന്നായി, രണ്ടായി ഇപ്പോൾ മൂന്നായി... അയാൾ ആരാണെന്ന് കഥാപാത്രമായ എനിക്ക് മനസിലാകുന്നില്ല. അയാൾ എന്റെ കൈയിൽ നിന്നൊക്കെ പോയി.




അതുതന്നെയാണ് ജിത്തുവും പറഞ്ഞത്. എന്തായാലും 13 വർഷമായി കുടുംബമായി സഞ്ചരിക്കുന്ന ആളാണ് ജോർജുകുട്ടി. അയാൾക്ക് ഒരു രഹസ്യം ഒളിപ്പിച്ചു വെക്കേണ്ടിവന്നു. അയാൾ ക്രൈം ഒന്നും ചെയ്തിട്ടില്ല.

അയാളുടെ മകൾക്കുവേണ്ടി, ഭാര്യക്കുവേണ്ടി, കുടുംബത്തിനുവേണ്ടി ഒരു സത്യം ഒളിപ്പിക്കേണ്ടി വന്നു. ‘നിങ്ങൾക്ക് ഒന്നും സംഭവിക്കില്ല ഞാനുണ്ട്’ - അത് അയാളിലെ വാക്കാണ്. അത് സംരക്ഷിക്കാനായി കഴിഞ്ഞ 13 വർഷമായി അയാളൊരു യാത്രയിലാണ്. അയാൾക്ക് വയ്യാതായി.

എല്ലാ നിമിഷവും ജോർജ്കുട്ടിക്ക് പേടിയാണ്. ഭാര്യയുടെയും മക്കളുടെയും ചോദ്യത്തിനു മുന്നിൽ തന്റെ മനസിലുള്ളത് എന്തെന്ന് പ്രകടിപ്പിക്കാൻ പറ്റാത്ത ആളായി മാറി അയാൾ. സന്തോഷിക്കേണ്ട സന്ദർഭങ്ങളിൽപോലും അയാൾ അറിയാതെ സങ്കടപ്പെടും.

എങ്കിലും അത് ആരെയും അറിയിക്കാതെ മുന്നോട്ടുകൊണ്ടു പോകും. എവിടെയെങ്കിലും ഇതെല്ലാം ഒന്ന് ഇറക്കിവെക്കണം. അതിനായി പള്ളിയിൽ പോയി പ്രാർഥിക്കുന്നു. തന്റെ കുടുംബത്തെ രക്ഷിക്കാൻ ഏതറ്റംവരെയും പോകുമെന്ന് പറയുന്നയാളാണ് ജോർജ് കുട്ടി.

ജോർജ്കുട്ടിയെ എങ്ങനെ വിലയിരുത്തുന്നു എന്നു ചോദിച്ചാൽ ജോർജ് കുട്ടിയുടെ ഉള്ളിലിരിപ്പ് എനിക്കറിയില്ല. ക്യാരക്ടറിനെ അറിയാതെ പെർഫോം ചെയ്യുന്ന ഒരു ക്യാരക്ടറേ ഞാൻ ചെയ്തിട്ടുള്ളൂ.

എനിക്ക് തന്നെ അയാളെ കണ്ടുപിടിക്കാൻ പറ്റിയിട്ടില്ല. ഡിഫിക്കൽറ്റ് ക്യാരക്ടറാണ്. ഒരു കഥാപാത്രം ചെയ്യുമ്പോൾ നമ്മളെ ഹോണ്ട് ചെയ്യാം. പക്ഷേ, ഇയാളെ എനിക്ക് മനസിലാകുന്നില്ല. എങ്ങനെയാണ് പ്രതികരിക്കുന്നതെന്ന് മനസിലാകുന്നില്ല. കാരണം അയാൾ ഭയങ്കര കാൽക്കുലേഷനിലാകാം ജീവിക്കുന്നത്. ഒരു ചെറിയ ബബിൾ പൊട്ടിയാൽ എല്ലാം തീർന്നു. അത്രയും ഇന്റലിജന്റായും പേടിയിലും ജീവിക്കുന്ന ആളാണ്.

ദൃശ്യം മൂന്നിലേക്ക് എത്തിയപ്പോൾ അയാൾ ഫിലോസഫിക്കലാകുന്നു. സ്പിരിച്വാലിറ്റിയിലേക്കു പോകുന്നു. അതൊന്നും എനിക്കൊരു മടുപ്പായി തോന്നിയില്ല. കാരണം ജോർജ് കുട്ടിക്ക് മടുപ്പ് തോന്നിയാൽ ഈ സിനിമ നടക്കില്ല. കഥ നടക്കില്ല. പിന്നെ നമ്മൾ ചെയ്യുന്ന പ്രഫഷനോട് മടുപ്പു തോന്നിയാൽ, അങ്ങനെ തോന്നാതിരിക്കട്ടെ, അങ്ങനെ തോന്നിയാൽ അത് നിർത്തുകയാണ് വേണ്ടത്.

കാരണം ആ മടുപ്പ് മറ്റുള്ളവരിലേക്കും പടരും. പലർക്കും ഇഷ്ടമല്ലാത്ത ജോലി ചെയ്യുമ്പോൾ അവർ അത് പ്രകടമായി കാണിക്കും. ഒരു അഭിനേതാവിന് ഒരിക്കലും അത് സാധിക്കില്ല. ഞാൻ 48 വർഷമായി സിനിമ ചെയ്യുന്നു. പുതിയ സിനിമ ചെയ്യുമ്പോഴും ആദ്യത്തെ സിനിമ ചെയ്ത പോലത്തെ ഭയം ഇപ്പോഴുമുണ്ട്.

ജോർജ്കുട്ടി എന്ന അച്ഛനെകുറിച്ച് പറയുകയാണെങ്കിൽ എനിക്കും രണ്ട് മക്കളുണ്ട്. അതിൽ ഒരാൾ മകളാണ്. അവർക്കൊപ്പം അധികസമയം ചെലവഴിക്കാനൊന്നും എനിക്ക് കഴിഞ്ഞിട്ടില്ല. അതുകൊണ്ടുതന്നെ ഷൂട്ടിംഗ് ഇടവേളകളിലെല്ലാം ഈ കുട്ടികളുമായി തമാശകൾ പറയും.

അതിനുള്ള സ്വാതന്ത്ര്യം ഞാൻ അവർക്ക് കൊടുത്തിട്ടുണ്ട്. അവർ എനിക്കും തന്നിട്ടുണ്ട്. ഈ സിനിമയിൽ മാത്രമല്ല, എന്നോടൊപ്പം വർക്ക് ചെയ്യുന്നവർക്ക് ആ സ്വാതന്ത്ര്യം ഞാൻ നൽകാറുണ്ട്.

മലയാള സിനിമയിൽ കുറച്ച് ആക്ടേഴ്സേ ഉള്ളൂ. അവരെല്ലാം ഒരു കുടുംബം പോലെയാണ്. കഴിഞ്ഞ 13 വർഷമായി ഈ രണ്ടിനെയും കൊണ്ടുനടക്കുന്ന അച്ഛനല്ലേ ഞാൻ.

സിനിമയിൽ പറയുന്നതുപോലെ ആ ചെറുത് ഏറ്റവും വലിയ കുഴപ്പമാണ്. ഞാൻ പറഞ്ഞതല്ല എന്നെക്കൊണ്ട് ജിത്തു പറയിപ്പിച്ചതാണ്. അത് ഒരുപരിധിവരെ സത്യവുമാണ്.




# മഞ്ജുവാര്യരുടെ 'ഹാപ്പിലൂപ്പ്' ചിത്രീകരണം തുടങ്ങി

**പ്ര**ശസ്ത താരം മഞ്ജു വാര്യരെ കേന്ദ്ര കഥാപാത്രമാക്കി ആനന്ദ് മേനൻ സംവിധാനം ചെയ്യുന്ന ഹാപ്പിലൂപ്പ് എന്ന സിനിമയുടെ ചിത്രീകരണം ഇരിങ്ങാലക്കുടയിൽ ആരംഭിച്ചു.

ഗൗതമന്റെ രഥം, വാഴ 1 എന്നീ ചിത്രങ്ങൾക്കുശേഷം ആനന്ദ് മേനൻ സംവിധാനം ചെയ്യുന്ന ചിത്രമാണ് ഹാപ്പിലൂപ്പ്. മുകേഷ്, ജെ.പി. തുമിനാട്, മധു വാര്യർ, വി.കെ. പ്രകാശ്, നീരജ രാജേന്ദ്രൻ, നിധിന്യ, അനു, നിഷാന്ത് സാഗർ, ആതിര രാജീവ് തുടങ്ങിയ പ്രമുഖരും പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നു.

മൂവി ബക്കറ്റിന്റെ ബാനറിൽ ബിനീഷ് ചന്ദ്രൻ നിർമിക്കുന്ന ഈ ചിത്രത്തിന്റെ കഥ, തിരക്കഥ ആഷിഖ് ഐമർ എഴുതുന്നു.




ഛായാഗ്രഹണം-ഗൗതം ശങ്കർ, എഡിറ്റർ-കണ്ണൻ മോഹൻ, സംഗീതം-ഇലക്ട്രോണിക് കിളി, പാർവതീഷ് പ്രദീപ്, പ്രൊഡക്ഷൻ ഡിസൈനർ -കൃപേഷ് അയ്യപ്പൻകുട്ടി, എക്സിക്യൂ ട്ടീവ് പ്രൊഡ്യൂസർ -അനീഷ് സി. സലിം,

പ്രൊഡക്ഷൻ കൺട്രോളർ-ഷബീർ മലവട്ടത്ത്, ചീഫ് അസോസിയേറ്റ്-ബിനു ജി. നായർ, മേക്കപ്പ്-റോണക്സ് സേവ്യർ, വസ്ത്രാലങ്കാരം-ലിജി പ്രേമൻ, വിഎഫ്എക്സ്-പ്രോമൈസ്, സ്റ്റിൽസ്-രോഹിത് കെ. സുരേഷ്, പോസ്റ്റർ ഡിസൈൻ-റോസ്റ്റഡ് പേപ്പർ, ടൈറ്റിൽ ഡിസൈൻ-ഡെല്ലു.

# 'ദൃഢം' തിയറ്ററുകളിലെത്തി



**ജോ**മോൻ ജോൺ, ലിന്റോ ദേവസ്യ എന്നിവർ ചേർന്ന് തിരക്കഥ ഒരുക്കി നവാഗതനായ മാർട്ടിൻ ജോസഫ് സംവിധാനം ചെയ്ത ഷെയ്ൻ നിഗം ചിത്രം ദൃഢം തിയറ്ററിലെത്തി.

ഒരു കൊലപാതകം അന്വേഷിക്കുന്ന പോലീസ് ഉദ്യോഗസ്ഥന്റെ കഥ പറയുന്ന ചിത്രത്തിൽ പോലീസ് വേഷത്തിലാണ് ഷെയ്ൻ നിഗം എത്തുന്നത്. എസ്ഐ വിജയ് രാധാകൃഷ്ണൻ എന്ന കഥാപാത്രത്തെയാണ് ഷെയ്ൻ അവതരിപ്പിക്കുന്നത്.

ചിത്രം ഇ ഫോർ എക്സ്പെരിമെന്റ്സ്, ജിത്തു ജോസഫ് (ബെഡ് ടൈം സ്റ്റോറീസ്) എന്നിവർ ചേർന്നാണ് അവതരിപ്പിക്കുന്നത്.

മുകേഷ് ആർ. മേത്ത, സി.വി. സാരഥി എന്നിവർ ചേർന്ന് നിർമിക്കുന്ന ദൃഢം സിനിമയുടെ ട്രെയിലർ പുറത്തിറങ്ങുന്നതിന് മുന്നോടിയായി 'ദൃശ്യം' മോഡലിലുള്ള അനൗൺസ്മെന്റ് വീഡിയോയുമായി സംവിധായകൻ ജിത്തു ജോസഫ് വന്നതും പ്രേക്ഷകർക്കിടയിൽ ഏറെ ശ്രദ്ധയുണർത്തിയിരുന്നു.

കൊറോണ പേപ്പേഴ്സിനും വേലയ്ക്കും ശേഷം വീണ്ടും വേറിട്ട ഒരു പോലീസ് കഥാപാത്രമായി ഷെയ്ൻ നിഗം എത്തുന്ന ചിത്രം കൂടിയാണ് ദൃഢം.

എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ-കറ്റീന ജിത്തു, ഛായാഗ്രഹണം - പി. എം. ഉണ്ണികൃഷ്ണൻ, എഡിറ്റർ-വിനായക്, സംഗീതസംവിധാനം-ശ്രീരാഗ് സജി, സൗണ്ട് ഡിസൈനർ-രാഹുൽ ജോസഫ്, സെത് എം. ജേക്കബ്, സൗണ്ട് മിക്സ്-ജിതിൻ ജോസഫ്, പ്രൊഡക്ഷൻ ഡിസൈനർ-സുനിൽ ദാസ്, അസിസ്റ്റന്റ് ഡയറക്ടർ-അധിരഘുനാഥൻ, അസോസിയേറ്റ് ഡയറക്ടർ-ക്യാത്തി ജീത്തു, അനൂപ് കെ. എസ്, ചീഫ് അസോസിയേറ്റ് സിനിമാറ്റോഗ്രാഫർ-അരവിന്ദ് ബാബു, മേക്കപ്പ്-രതീഷ് വിജയൻ, ആക്ഷൻ ഡയറക്ടർ-മഹേഷ് മാത്യു, പ്രൊഡക്ഷൻ കൺട്രോളർ-ദീപക് പരമേശ്വരൻ, വിഎഫ്എക്സ് ഡയറക്ടർ-ടോണി മാഗ്മിത്ത്, ഡിഐ കളറിസ്റ്റ്-ലിജു പ്രഭാകർ, കോസ്റ്റ്യൂം ഡിസൈനർ-ലേഖ മോഹൻ, ചീഫ് അസോസിയേറ്റ് ഡയറക്ടർ-അമരേഷ് കുമാർ, ഡിജിറ്റൽ മാർക്കറ്റിംഗ്-വിപിൻ കുമാർ വി, സ്റ്റിൽസ്-നന്ദു ഗോപാലകൃഷ്ണൻ, പബ്ലിസിറ്റി ഡിസൈൻ-ടെൻ പോയിന്റ്.

ഷോബി തിലകൻ, കോട്ടയം രമേഷ്, ദിനേശ് പ്രഭാകർ, നന്ദൻ ഉണ്ണി, വിനോദ് ബോസ്, കൃഷ്ണപ്രഭ, സാനിയ ഫാത്തിമ, അഭിറാം രാധാകൃഷ്ണൻ, പ്രശാന്ത് മുരളി, മാത്യു വർഗീസ്, ജോജി കെ. ജോൺ, ബ്രിട്ടോ ഡേവിസ്, അഭിഷേക് രവീന്ദ്രൻ തുടങ്ങി വലിയൊരു താരനിരയും ചിത്രത്തിൽ അണിനിരക്കുന്നുണ്ട്.




# 'സോഷ്യൽ സ്വാമി' ഫസ്റ്റ് ലുക്ക് പോസ്റ്റർ റിലീസ് ചെയ്തു

**നാ**ഗ സൈരന്ധ്രിയെ കേന്ദ്രമാക്കി ഡോക്ടർ അഭിലാഷ് ബാബു സംവിധാനം ചെയ്യുന്ന 'സോഷ്യൽ സ്വാമി' എന്ന സിനിമയുടെ ഫസ്റ്റ് ലുക്ക് പോസ്റ്റർ, എട്ടാമത് ഇൻഡിപെൻഡന്റ് ആൻഡ് എക്സ്പെരിമെന്റ് ഫിലിം ഫെസ്റ്റിവൽ വേദിയിൽവെച്ച് റിലീസ് ചെയ്തു. ഗുരു ദിവ്യ നാഗ സൈരന്ധ്രി ദേവിയെ കേന്ദ്രമാക്കിയുള്ള ഈ സിനിമ പോസ്റ്റർ തുടർന്ന് സോഷ്യൽ മീഡിയാകളിലും റിലീസായി.

തിരുവനന്തപുരം ദ വീക്കെൻഡ് അക്കാദമിയുടെ ബാനറിൽ ജനകീയ ധനസമാഹരണം (Crowd funding) വഴിയാണ് ഈ സിനിമ നിർമ്മിക്കുന്നത്. സഹനിർമാണം-സേതു രാജൻ, ഛായാഗ്രഹണം-റിഷാക്, കാമറ അസിസ്റ്റന്റ്-ശ്യാം ശങ്കർ, എഡിറ്റിംഗ്-കൃഷ്ണ ഗോപൻ, ഹരി ഗീതാ സദാശിവൻ, റോബിൻ റോയ്, സൗണ്ട് ഡിസൈനർ-ജാക്സൺ ജോർജ്, ലൈവ് സൗണ്ട്, റെക്കോർഡിസ്റ്റ്-ശ്യാം ശങ്കർ, പ്രോജക്ട് ഡിസൈനർ-ഷാജി എ. ജോൺ, ഡിസൈൻസ്-ശരൺ മോഹൻ, ഇല്യൂസ്ട്രേഷൻസ്-സേതുലക്ഷ്മി പി.എസ്, അനീഷ് സോണാലി, ഷമ്മി എൻ, ശരത് പ്രകാശ്, ആദർശ് എം.എസ്., സബ്ടൈറ്റിൽസ്-ദ വീക്കെൻഡ് അക്കാദമി തിരുവനന്തപുരം, ഹരി ഗീത, സദാശിവൻ, ഫെസ്റ്റിവൽ സപ്പോർട്ട്-ആർട് ബുക് സിനിമ.

# വനഭൂമിയിലെ ജനവാസം: വിവരശേഖരണത്തിന് പ്രത്യേക സംഘം

കോഴിക്കോട്: കേരളത്തിൽ വനമായി രേഖപ്പെടുത്തിയിട്ടുള്ളതും എന്നാൽ, നിലവിൽ ജനവാസമേഖലകളായി മാറിയതുമായ സ്ഥലങ്ങൾ ഉൾപ്പെടെയുള്ള ഭൂമിയെക്കുറിച്ചുള്ള വിവരശേഖരണത്തിനു വനംവകുപ്പ്. ഇതിനായി ഫീൽഡ്തല പരിശോധനകൾ നടത്താൻ എല്ലാ ജില്ലകളിലും കമ്മിറ്റികൾ രൂപവത്കരിച്ചു. ജനവാസമേഖലയായതിനാൽ ഇനി വനമായി പുനഃസ്ഥാപിക്കാൻ സാധിക്കാത്ത പ്രദേശങ്ങൾ പരിശോധിച്ച് റിപ്പോർട്ട് നൽകണമെന്നും കമ്മിറ്റികൾക്ക് നിർദേശമുണ്ട്.

വനസംരക്ഷണവുമായി ബന്ധപ്പെട്ട വൻ (സംരക്ഷൺ ഏവം സംവർധൻ) ചട്ടങ്ങൾ, 2023-ലെ റൂൾ 16(1) അനുസരിച്ച് കേന്ദ്ര സർക്കാർ നൽകിയ നിർദേശപ്രകാരമാണ് വനംവകുപ്പിന്റെ നടപടി. കേരളത്തിലെ വനഭൂമിയുടെ ഏകീകൃത റിക്കാർഡ് തയാറാക്കുന്നതിനാണ് ഫീൽഡ് പരിശോധന നടത്തുന്നതെന്നു വനംവകുപ്പ് അധികൃതർ പറയുന്നു. പ്രധാനമായും ആറു വിഷയങ്ങളിലാണ് കമ്മിറ്റികൾ പരിശോധന നടത്തുക. സ്വകാര്യ ഉടമസ്ഥതയിലുള്ള കാവുകൾ, വനമെന്ന് തോന്നിപ്പിക്കാവുന്ന മറ്റു പ്രദേശങ്ങൾ എന്നിവയുടെ വിവരശേഖരണം, 1977-നു മുൻപു മുതൽ ആളുകൾ കൈവശം വെച്ചു വരുന്ന ഭൂമി സംബന്ധിച്ച വിവരങ്ങൾ, 1980-നു മുൻപ് മുതൽ വനേതര ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന ഭൂമി സംബന്ധിച്ച വിവരങ്ങൾ എന്നിവയും കമ്മിറ്റികൾ ശേഖരിക്കണം. കേരളത്തിലെ മുഴുവൻ വനഭൂമിയുടെയും ഏകീകൃത റിക്കാർഡ് തയാറാക്കുന്നതിനായി രൂപവത്കരിച്ച വിദഗ്ധ സമിതിക്കാണു ഫീൽഡ് കമ്മിറ്റികൾ ഒരു മാസത്തിനുള്ളിൽ റിപ്പോർട്ട് നൽകേണ്ടത്.

ജില്ലാ കളക്ടർ ചെയർപേഴ്സണായ സമിതിയിൽ ജില്ലയിലെ സീനിയർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ മെമ്പർ കൺവീനറായി പ്രവർത്തിക്കുകയും ജില്ലയിലെ മറ്റ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർ, ജില്ലാ സർവേ സൂപ്രണ്ട്, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ജില്ലാ ലോ ഓഫീസർ, ജില്ലാ അഗ്രികൾച്ചർ ഓഫീസർ എന്നിവരാണ് കമ്മിറ്റി അംഗങ്ങൾ.

വൻ (സംരക്ഷൻ ഏവം സംവർധൻ) ചട്ടങ്ങൾ, ഇന്ത്യയിലെ വനഭൂമി സംരക്ഷിക്കുന്നതിനും സുസ്ഥിരവികസനത്തിനും വേണ്ടി കേന്ദ്ര പരിസ്ഥിതി-വനം-കാലാവസ്ഥാ വ്യതിയാന മന്ത്രാലയം നടപ്പാക്കിയ നിയമങ്ങളാണിവ. ഏറ്റവും പുതിയ വൻ (സംരക്ഷൻ ഏവം സംവർധൻ) ഭേദഗതി ചട്ടങ്ങൾ പ്രകാരം 40 ഹെക്ടറിൽ കൂടുതൽ വനഭൂമി ഉൾപ്പെടുന്ന പദ്ധതികൾക്കു ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ പരിശോധനയ്ക്ക് പുറമേ ഉയർന്ന റാങ്കിലുള്ള ഫോറസ്റ്റ് ഉദ്യോഗസ്ഥരുടെ ഫീൽഡ് പരിശോധനയും നിർബന്ധമാണ്. വനഭൂമി വനേതര ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നത് നിയന്ത്രിക്കുകയെന്നതും ചട്ടങ്ങളുടെ ലക്ഷ്യമാണ്.

വൻ സംരക്ഷൺ ഏവം സംവർധൻ ചട്ടങ്ങളിലെ റൂൾ 16 (1) പരാമർശിക്കുന്നത് വനം നിയമങ്ങൾ ലംഘിക്കുന്ന വ്യക്തികൾക്കെതിരെ കോടതിയിൽ കേസ് ഫയൽ ചെയ്യാനുള്ള അധികാരത്തെക്കുറിച്ചാണ്. വനനിയമങ്ങൾ ലംഘിച്ചുവെന്നു പ്രാഥമികമായി കണ്ടെത്തിയാൽ, കേന്ദ്ര സർക്കാർ വിജ്ഞാപനം വഴി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥർക്ക് (കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥർക്ക്) പ്രതികൾക്കെതിരെ കോടതിയിൽ പരാതി നൽകാം. കോടതിയിൽ പരാതി ഫയൽ ചെയ്യുന്നതിനു മുൻപായി, കുറ്റാരോപിതരായ വ്യക്തികൾക്കോ ഉദ്യോഗസ്ഥർക്കോ തങ്ങളുടെ ഭാഗം വിശദീകരിക്കാൻ അവസരം നൽകണം. ഇതിനായി കുറഞ്ഞത് 60 ദിവസത്തെ രേഖാമൂലമുള്ള നോട്ടീസ് നൽകണം. കോടതിയിൽ പരാതി നൽകുന്നതിന് ആവശ്യമായ രേഖകളും കണക്കുകളും ഹാജരാക്കാൻ സംസ്ഥാന സർക്കാരിനോടോ മറ്റ് ഉദ്യോഗസ്ഥരോടോ ചുമതലയുള്ള ഉദ്യോഗസ്ഥന് നിർദേശിക്കാനും കഴിയും.

## ഇന്ധനവില വർധിപ്പിച്ചു

ന്യൂഡൽഹി: ഇന്ത്യയിൽ ഇന്ധനവില വർധിപ്പിച്ചു. മൂന്ന് രൂപ നാല് പൈസ വീതമാണ് പെട്രോളിനും ഡീസലിനും കൂട്ടിയത്. ഇത് കേരളത്തിലെത്തുമ്പോൾ മൂന്ന് രൂപ 27 പൈസയുടെ വർധനയാണ് ഉണ്ടായിരിക്കുന്നത്. സിഎൻജി വില കിലോയ്ക്ക് രണ്ടു രൂപയും വർധിപ്പിച്ചു. പശ്ചിമേഷ്യൻ യുദ്ധത്തിന്റെ പശ്ചാത്തലത്തിൽ അന്താരാഷ്ട്ര വിപണിയിൽ ഇന്ധന വില വർധിച്ച സാഹചര്യത്തിലാണ് ഇന്ത്യയിലും വില വർധന പ്രാബല്യത്തിൽ വന്നിരിക്കുന്നത്. ഇതോടെ തിരുവനന്തപുരത്ത് പെട്രോളിന് 110.25 രൂപയായി. ഡീസലിന് 99.63 രൂപയുമാണ്.

ഇന്ത്യയിലെ എണ്ണക്കമ്പനികൾക്ക് പ്രതിമാസം ഏകദേശം 30,000 കോടി രൂപയുടെ സാമ്പത്തിക നഷ്ടം നേരിടുന്നതിനാൽ മേയ് 15-ന് മുമ്പ് ഇന്ത്യയിൽ പെട്രോൾ, ഡീസൽ വില വർധിപ്പിക്കുമെന്ന് റിപ്പോർട്ട് വന്നിരുന്നു. 2022 മുതൽ ചില്ലറ വിൽപ്പനനിരക്കുകൾ വലിയതോതിൽ മരവിപ്പിച്ചിരിക്കുകയാണ്. ഗാർഹിക എൽപിജി സിലിണ്ടറുകളുടെ വിലയിലും വർധനയുണ്ടായേക്കാം. നാല് വർഷത്തിനിടെ ആദ്യമായാണ് പെട്രോൾ, ഡീസൽ വിലയിൽ വർധനയുണ്ടാകുന്നത്. 2022 മുതൽ ചില്ലറ വിൽപ്പന നിരക്കുകൾ വലിയതോതിൽ മരവിപ്പിച്ചിരിക്കുകയാണ്. മിഡിൽ ഈസ്റ്റ് യുദ്ധത്തിനിടെ ക്രൂഡ് ഓയിൽ വില ബാരലിന് 70 യുഎസ് ഡോളറിൽ നിന്ന് 126 യുഎസ് ഡോളറായി ഉയർന്നതിനെത്തുടർന്നാണ് പ്രതിസന്ധി രൂക്ഷമായത്.

## യാത്രക്കാരുടെ സുരക്ഷയ്ക്ക് കർശന നിർദേശവുമായി സുപ്രീംകോടതി

ന്യൂഡൽഹി: യാത്രക്കാരുടെ സുരക്ഷയ്ക്ക് നിയമങ്ങൾ കർശനമായി നടപ്പാക്കണമെന്നു സംസ്ഥാനങ്ങളോട് സുപ്രീംകോടതി നിർദേശിച്ചു. ടാക്സികളിലും പൊതുവാഹനങ്ങളിലും ലൊക്കേഷൻ ട്രാക്ക് ചെയ്യുന്നതിനുള്ള ഉപകരണങ്ങളും അടിയന്തര സാഹചര്യങ്ങളിൽ സഹായം തേടാനുള്ള പാനിക് ബട്ടണും നിർബന്ധമായും ഘടിപ്പിക്കണം. ഇവയില്ലാത്ത വാഹനങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റും പെർമിറ്റും നല്കരുതെന്നും ജഡ്ജിമാരായ ജെ.ബി. പർദിവാല, കെ.വി. വിശ്വനാഥൻ എന്നിവരുടെ ബെഞ്ച് സംസ്ഥാനങ്ങളോട് നിർദേശിച്ചു. മൂന്നു മാസത്തിനുള്ളിൽ നാഷണൽ റോഡ് സേഫ്റ്റി ബോർഡ് രൂപീകരിക്കണമെന്നും കോടതി ഉത്തരവിട്ടു.

കേസ് അടുത്ത തവണ പരിഗണിക്കുന്നതിനു മുമ്പായി വാഹനങ്ങൾ വേഗപ്പൂട്ട് (സ്പീഡ് ഗവേണർ) ഘടിപ്പിച്ചതുമായി ബന്ധപ്പെട്ട് എല്ലാ സംസ്ഥാനങ്ങളും റിപ്പോർട്ട് നല്കണമെന്നും പറഞ്ഞു.

നിർമാണഘട്ടത്തിൽ തന്നെ വാഹനങ്ങളിൽ ലൊക്കേഷൻ ട്രാക്കിങ് സംവിധാനവും പാനിക് ബട്ടണും വേഗപ്പൂട്ടും ഘടിപ്പിക്കുന്ന കാര്യത്തിൽ വാഹനനിർമ്മാതാക്കളുമായി ചർച്ച നടത്തി റിപ്പോർട്ട് നല്കാൻ കേന്ദ്രസർക്കാരിനോട് നിർദേശിച്ചു.

റോഡ് അപകടങ്ങൾ കൂടുന്നുവെന്നു ചൂണ്ടിക്കാട്ടി കോയമ്പത്തൂർ സ്വദേശി ഡോ. എസ്. രാജശേഖരൻ 2012-ൽ നല്കിയ ഹർജിയിലാണ് സുപ്രീംകോടതിയുടെ പുതിയ നിർദേശങ്ങൾ.

രാജ്യത്ത് ലെയ്ൻ ഡ്രൈവിങ് എന്ന സങ്കല്പം തന്നെയില്ലെന്ന് ജസ്റ്റിസ് പർദിവാല പറഞ്ഞു. ഇക്കാര്യത്തിൽ സർക്കാർ കൂടുതൽ ശ്രദ്ധ കാണിക്കണമെന്നും കോടതി നിർദ്ദേശിച്ചു.

## ആർട്ടിഫിഷൽ ഇന്റലിജൻസിനായി കമ്മീഷൻ രൂപീകരിച്ച് വത്തിക്കാൻ

വത്തിക്കാൻ സിറ്റി: ആർട്ടിഫിഷൽ ഇന്റലിജൻസി (കൃത്രിമബുദ്ധി-എഐ) നായി വത്തിക്കാൻ ഇന്റർഡിക്കാസ്റ്ററിയൽ കമ്മീഷൻ രൂപീകരിച്ചു. ഇതു സംബന്ധിച്ച് സമഗ്ര മാനവിക വികസനം പ്രോത്സാഹിപ്പിക്കുന്നതിനുള്ള കാര്യാലയത്തിന്റെ തലവൻ കർദിനാൾ മൈക്കിൾ സെർണി സമർപ്പിച്ച രേഖയിൽ ലെയോ പതിനാലാമൻ മാർപാപ്പ ഒപ്പുവെച്ചു.

ആർട്ടിഫിഷൽ ഇന്റലിജൻസ് എന്ന പ്രതിഭാസത്തിന്റെ സമീപകാല വികാസം, അതിന്റെ വ്യാപകമായ ഉപയോഗവും മാനവരാശിയിൽ അതുണ്ടാക്കിയേക്കാവുന്ന പ്രത്യാഘാതങ്ങളും ഓരോ മനുഷ്യവ്യക്തിയുടെയും അന്തസിനോടുള്ള, പ്രത്യേകിച്ച് അവരുടെ സമഗ്ര വികസനവുമായി ബന്ധപ്പെട്ടുള്ള സഭയുടെ ഉത്കണ്ഠ എന്നിവ കണക്കിലെടുത്ത് ഇന്റർഡിക്കാസ്റ്ററിയൽ കമ്മീഷൻ സ്ഥാപിക്കാൻ ലെയോ പതിനാലാമൻ മാർപാപ്പ അംഗീകാരം നൽകിയതായി ഇതുസംബന്ധിച്ച രേഖയിൽ പറയുന്നു.

സമഗ്ര മാനവിക വികസനം പ്രോത്സാഹിപ്പിക്കുന്നതിനുള്ള കാര്യാലയമായിരിക്കും ആദ്യവർഷം എഐ കമ്മീഷന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക.

സമഗ്ര മാനവിക വികസനം പ്രോത്സാഹിപ്പിക്കുന്നതിനുള്ള കാര്യാലയം, വിശ്വാസ സത്യങ്ങൾക്കായുള്ള കാര്യാലയം, സംസ്കാരത്തിനും വിദ്യാഭ്യാസത്തിനുമുള്ള കാര്യാലയം, വാർത്താവിനിമയത്തിനുള്ള കാര്യാലയം, പൊന്തിഫിക്കൽ അക്കാദമി ഫോർ സോഷ്യൽ സയൻസസ് എന്നീ വത്തിക്കാൻ കാര്യാലയങ്ങളിലെ പ്രതിനിധികളാണ് പുതിയ കമ്മീഷനിൽ ഉൾപ്പെടുക.

## ചെങ്കോട്ട സ്ഫോടനം: എൻഐഎ 7500 പേജുള്ള കുറ്റപത്രം സമർപ്പിച്ചു

ന്യൂഡൽഹി: കഴിഞ്ഞവർഷം നവംബർ 10-ന് ഡൽഹിയിലെ ചെങ്കോട്ടയ്ക്കു സമീപമുണ്ടായ സ്ഫോടനത്തിൽ ദേശീയ അന്വേഷണ ഏജൻസി (എൻഐഎ) 7500 പേജുള്ള കുറ്റപത്രം സമർപ്പിച്ചു. 11 പേരുടെ മരണത്തിനിടയാക്കിയ സ്ഫോടനത്തിൽ പത്തു പേരെ പ്രതിചേർത്താണ് എൻഐഎ സ്പെഷൽ കോടതിയിൽ കുറ്റപത്രം സമർപ്പിച്ചത്.

സ്ഫോടനത്തിനിടെ കൊല്ലപ്പെട്ട പ്രധാന കുറ്റവാളി ഡോ. ഉമർ നബിയും മറ്റുള്ള പ്രതികളും ഇന്ത്യൻ ഉപഭൂഖണ്ഡത്തിലുള്ള അൽ ഖുയ്ദയുടെ (എക്യുഐഎസ്) ഒരു ശാഖയായ അൻസാർ ഗസ്വത്-ഉൽ-ഹിൻ (എജിയുഎച്ച്) എന്ന സംഘടനയുമായി ബന്ധമുള്ളവരാണെന്ന് കുറ്റപത്രത്തിൽ പറയുന്നുണ്ട്.

2019-ൽ ആഭ്യന്തരമന്ത്രാലയം തീവ്രവാദ സംഘടനയായി വിജ്ഞാപനം ചെയ്തിട്ടുള്ള എക്യുഐഎസിന്റെ പ്രത്യയശാസ്ത്രത്തിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടവരാണ് മെഡിക്കൽ പ്രഫഷനുകളുൾപ്പെടുന്ന പ്രതികളെന്ന് എൻഐഎ കണ്ടെത്തിയിട്ടുണ്ട്. എൻഐഎയുടെ അന്വേഷണത്തിൽ നിന്ന് എജിയുഎച്ച് സംഘടനയിൽ ഉണ്ടായിരുന്നവർ 2022-ൽ ശ്രീനഗറിൽ വെച്ച് ഒരു രഹസ്യയോഗം ചേർന്നിരുന്നുവെന്നും എജിയുഎച്ചിനെ എജിയുഎച്ച് ഇന്ററിംഗ് എന്ന് പുനർരൂപീകരിച്ചിരുന്നുവെന്നും എൻഐഎ പറയുന്നു.

588 സാക്ഷിമൊഴികളും 385-ലധികം രേഖകളും പിടികൂടിയ 200-ലധികം വസ്തുക്കളും ആധാരമാക്കിയാണ് എൻഐഎയുടെ കുറ്റപത്രം.

## സ്മാർട്ട് ടിപ്സ്

(ശേഷം 28-ാം പേജിൽ)

കേരളത്തിൽ ഇത് കുറവല്ല, നിറവാണ്. വീട്ടിലും സ്കൂളിലും പൊതുസ്ഥലങ്ങളിലും പറ്റാവുന്ന രീതിയിൽ അവരും പുതുജീവിത നിർമ്മിതിയിൽ പങ്കാളികളാകട്ടെ. അവരുടെ അഭിരുചിക്കനുസരിച്ചുള്ള ശീലങ്ങൾ, ജീവിത രീതികൾ രൂപപ്പെടുത്താൻ സ്കൂൾ വേദിയായി മാറണം.

എല്ലാ പ്രിയപ്പെട്ട കുട്ടികൾക്കും അദ്ധ്യാപകർക്കും മാതാപിതാക്കൾക്കും ആശംസകൾ!

**ലേഖകൻ കാസർഗോഡ് സ്വദേശിയായ കത്തോലിക്കാ വൈദികനാണ്. ജേർണലിസത്തിലും സൈക്കോളജിയിലും ഉന്നത പഠനം പൂർത്തിയാക്കി, വിദ്യാഭ്യാസം, മാധ്യമപ്രവർത്തനം, മനഃശാസ്ത്രം എന്നീ വിഷയങ്ങളിൽ പുസ്തകങ്ങളും നിരവധി ലേഖനങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്.**

**Educational Psychologist, Counseller തുടങ്ങിയ മേഖലകളിലും പ്രവർത്തിക്കുന്നു.**

## വി.ഡി. സതീശൻ അധികാരമേറ്റു

(3-ാം പേജിൽനിന്നും)

യുഡിഎഫ് പ്രവർത്തകർ സത്യപ്രതിജ്ഞാ ചടങ്ങ് കാണാൻ എത്തിയിരുന്നു. വന്ദേമാതരവും ദേശീയഗാനവും ആലപിച്ചതിനു ശേഷമായിരുന്നു സത്യപ്രതിജ്ഞാ ചടങ്ങ് ആരംഭിച്ചത്. എഐസിസി പ്രസിഡണ്ട് മല്ലികാർജുൻ ഖാർഗെ, ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽഗാന്ധി, എഐസിസി ജനറൽ സെക്രട്ടറിമാരായ കെ.സി. വേണുഗോപാൽ, ദീപാദാസ് മുൻഷി, പ്രിയങ്കാഗാന്ധി, കർണാടക മുഖ്യമന്ത്രി സിദ്ധരാമയ്യ, തെലങ്കാന മുഖ്യമന്ത്രി രേവന്ത് റെഡ്ഡി, ഹിമാചൽ മുഖ്യമന്ത്രി സുഖ്വീന്ദർ സിങ് സുഖു, കർണാടക ഉപമുഖ്യമന്ത്രി ഡി.കെ. ശിവകുമാർ, മുൻ മുഖ്യമന്ത്രി പിണറായി വിജയൻ, സിപിഎം സംസ്ഥാന സെക്രട്ടറി എം.വി. ഗോവിന്ദൻ, സിപിഐ സംസ്ഥാന സെക്രട്ടറി ബിനോയി വിശ്വം, ബിജെപി സംസ്ഥാന പ്രസിഡണ്ടും നിയുക്ത എംഎൽഎയുമായ രാജീവ് ചന്ദ്രശേഖർ, മുൻ സ്പീക്കർ എ.എൻ. ഷംസീർ, സാദിഖലി ശിഹാബ് തങ്ങൾ തുടങ്ങി പല പ്രമുഖരും ചടങ്ങിൽ പങ്കെടുത്തു.

നീണ്ട ഇടവേളയ്ക്കുശേഷം നടന്ന യുഡിഎഫ് സർക്കാരിന്റെ തിരിച്ചുവരവ് ആഘോഷമാക്കാൻ കേരളത്തിന്റെ വടക്കേയറ്റം മുതലുള്ള കോൺഗ്രസ് പ്രവർത്തകരും യുഡിഎഫ് അനുഭാവികളും തലസ്ഥാനത്ത് എത്തിയിരുന്നു. ഇന്നലെ മുതൽ തലസ്ഥാനത്തെ ലോഡ്ജുകളും മുറികളുമെല്ലാം യുഡിഎഫ് പ്രവർത്തകർ ബുക്ക് ചെയ്തിരുന്നു.

## ഒപ്പുവെച്ച് ഇന്ത്യയും നെതർലൻഡ്സും

(3-ാം പേജിൽനിന്നും)

സ്വീഡനിലെത്തിയ പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് രാജ്യത്തിന്റെ പരമോന്നത ബഹുമതിയായ റോയൽ ഓർഡർ ഓഫ് ദ് പോളാർ സ്റ്റാർ സമ്മാനിച്ചു. സ്വീഡനുമായുള്ള ബന്ധം ഊഷ്മളമാക്കുന്നതിൽ ശ്രദ്ധേയ സംഭാവനകൾ നൽകിയ പ്രമുഖർക്കായി 1748 മുതൽ നൽകി വരുന്ന ബഹുമതിയാണിത്.

ഇതോടെ മോദിക്കു ലഭിച്ച രാജ്യാന്തര അംഗീകാരങ്ങളുടെ എണ്ണം 31 ആയി. 1921-ൽ സ്റ്റോക്കോം സന്ദർശിച്ചപ്പോൾ രവീന്ദ്രനാഥ ടാഗോർ കവിത കുറിച്ച രണ്ട് കാർഡുകളുടെ പകർപ്പും മോദിക്ക് സമ്മാനിച്ചു.

# ഹൂസ്റ്റൺ KCS-BYOL-ന്റെ ഇല്ലിക്കാട്ടിൽ ഫ്രാൻസിസ് സ്മാരക കാർഡ് ടൂർണമെന്റ് ആവേശകരമായി

**സാജൻ കണ്ണാലിൽ**

ഹൂസ്റ്റൺ: ഹൂസ്റ്റൺ കെസിഎസ് KCS-BYOL-ന്റെ ആഭിമുഖ്യത്തിൽ ചീട്ടുകളി പ്രേമികളെ ആവേശക്കൊടുമുടിയിലേറ്റിയ പ്രശസ്തമായ ഇല്ലിക്കാട്ടിൽ ഫ്രാൻസിസ് മെമ്മോറിയൽ കാർഡ് ടൂർണമെന്റിന് വിജയകരമായ സമാപനം. മെയ് 9-ന് ശനിയാഴ്ചയാണ് ഹൂസ്റ്റൺ ക്നാനായ കാത്തലിക് സൊസൈറ്റിയും അതിന്റെ പോഷക സംഘടനയായ BYOL--ലും ചേർന്ന് മിസോറി സിറ്റിയിലെ സ്റ്റോഫോർഡ്ഷയർ റോഡിലുള്ള ഹൂസ്റ്റൺ ക്നാനായ കമ്യൂണിറ്റി സെന്ററിൽ ഇല്ലിക്കാട്ടിൽ ഫ്രാൻസിസ് സ്മാരക കാർഡ് ടൂർണമെന്റ് സംഘടിപ്പിച്ചത്. 56, 28, റമ്മി തുടങ്ങിയ ജനപ്രിയ കാർഡ് ഗെയിമുകളിലായി നൂറോളം ടീമുകൾ പങ്കെടുത്തു. വിജയികൾക്ക് ആകർഷകമായ കാഷ് പ്രൈസും നല്കി.















മലയാളി അസോസിയേഷൻ ഓഫ് ഗ്രെയ്റ്റർ ഹൂസ്റ്റൺ (മാഗ്) പ്രസിഡണ്ട് റോയ് മാത്യു ടൂർണമെന്റ് ഉദ്ഘാടനം ചെയ്തു. ഉദ്ഘാടനച്ചടങ്ങിന്റെ ഭാഗമായി ഹൂസ്റ്റൺ മലയാളി സമൂഹത്തിലെ മുതിർന്ന ചീട്ടുകളി താരമായ ജോസഫ് മുളയാനികുന്നേലിന് കാർഡ് ഡെക്ക് കൈമാറി മത്സരങ്ങൾക്ക് തുടക്കം കുറിച്ചു. 56 വിഭാഗം മത്സരത്തിൽ ബെന്നി ജോർജ്, ബൈജു കുര്യാക്കോസ്, ആൽവിൻ ഷിക്കോർ (ചിക്കാഗോ) എന്നിവരടങ്ങുന്ന ടീം ഒന്നാംസ്ഥാനം നേടി. ഫ്രാൻസിസ് പിട്ടാപ്പിള്ളിൽ, ജോർജ് സാമുവൽ, കുര്യാക്കോസ് സി.ജെ. (ഹൂസ്റ്റൺ) എന്നിവരായിരുന്നു രണ്ടാം സ്ഥാനക്കാർ. സാനി പറയ്ക്കൽ, മനു ചെത്താലിൽ, ശ്യാം കുവൈത്ത് (ഹൂസ്റ്റൺ) ടീം മൂന്നും അലക്സ് ജോസഫ്, അലക്സ് മാത്യു, സാജൻ കുരുവിള(ഹൂസ്റ്റൺ) ടീം നാലും സ്ഥാനങ്ങൾ കരസ്ഥമാക്കി.

28 വിഭാഗം മത്സരത്തിൽ ജോസ് തോട്ടിയിൽ, ഫിലിപ്പ് കളപ്പുരയ്ക്കൽ, ജോസ് മാണി (ഹൂസ്റ്റൺ) ടീം ഒന്നാം സ്ഥാനവും പ്രദീപ് കെ. ഡേവിസ്, അഭിലാഷ് മാത്യു, ഷോളി കെ. (ഹൂസ്റ്റൺ) എന്നിവരുടെ ടീം രണ്ടാം സ്ഥാനവും നേടി. ഷാജി ആറ്റുപുറം, ജോസ് ഫിലിപ്പ്, സൈമൺ തൊട്ടാപ്ലാക്കൽ (ഹൂസ്റ്റൺ) ടീം മൂന്നും റോണി ജോയ്, ടോണി നെല്ലിക്കാട്ടിൽ, ജോസഫ് സിമാന്റി (ഓസ്റ്റിൻ, ടെക്സസ്) നാലും സ്ഥാനങ്ങളിലെത്തി. റമ്മി കളിയിൽ കുഞ്ഞുമോൻ ഇല്ലിക്കാട്ടിൽ ആണ് ഒന്നാം സ്ഥാനം നേടിയത്. കുഞ്ഞുമോൻ കളപ്പുരയ്ക്കൽ, ജോൺസൺ സാമുവൽ, ജോയ് തയ്യിൽ എന്നിവർ യഥാക്രമം രണ്ടും മൂന്നും നാലും സ്ഥാനങ്ങളിലെത്തി.


56 ഇനം വിജയിക്കുള്ള ഒന്നാം സമ്മാനം 1,500 ഡോളറും രണ്ടാം സമ്മാനം 900 ഡോളറും മൂന്നാം സമ്മാനം 600 ഡോളറും നാലാം സമ്മാനം 300 ഡോളറും നല്കി. 28 കളി മത്സര വിജയിക്ക് ഒന്നാം സമ്മാനമായി 900 ഡോളർ ലഭിച്ചു. 500, 300, 150 ഡോളറാണ് യഥാക്രമം രണ്ടും മൂന്നും നാലും സ്ഥാനങ്ങളിലെത്തുന്നവർക്കുള്ള സമ്മാനം. റമ്മി മത്സര വിജയിക്ക് 1000 ഡോളറാണ് ഒന്നാം സമ്മാനം. 800, 400, 200 ഡോളറാണ് യഥാക്രമം രണ്ടും മൂന്നും നാലും സ്ഥാനക്കാർക്ക് ലഭിച്ചത്.

കളിക്കാരും കുടുംബാംഗങ്ങളും സമൂഹാംഗങ്ങളും ഒരുമിച്ചു കൂടിയ ടൂർണമെന്റ് സൗഹൃദത്തിന്റെയും വിനോദത്തിന്റെയും സ്പോർട്സ്മാൻ സ്പിരിറ്റോടു കൂടിയ മത്സരങ്ങളുടെയും ദിനമായി മാറി. പങ്കെടുത്ത എല്ലാവർക്കും പ്രഭാതഭക്ഷണം, ഉച്ചഭക്ഷണം, രാത്രിഭക്ഷണം എന്നിവ ഒരുക്കിയിരുന്നു. ആവേശോജ്വലമായ ടൂർണമെന്റിന് പശ്ചാത്തലമൊരുക്കിയ കൂട്ടായ്മയിലൂടെ ഇല്ലിക്കാട്ടിൽ ഫ്രാൻസിസിന്റെ സ്മരണയെ ആദരിച്ചതിനും പരിപാടി ഭംഗിയായി സംഘടിപ്പിച്ചതിനും ഇല്ലിക്കാട്ടിൽ കുടുംബാംഗങ്ങൾ ഹൂസ്റ്റൺ കെസിഎസിനും BYOL-നും ഹൃദയംഗമമായ നന്ദി അറിയിച്ചു.

ഈ ടൂർണമെന്റിന്റെ വിജയം ഹൂസ്റ്റൺ മലയാളി സമൂഹത്തിന്റെ ഐക്യവും സഹകരണ മനോഭാവവും വീണ്ടും തെളിയിച്ചു. ഹൂസ്റ്റൺ കെസിഎസ് പ്രസിഡണ്ട് സാബു മുളയാനിക്കുന്നേൽ പരിപാടി വിജയകരമാക്കാൻ സഹകരിച്ച ഏവരുടെയും സഹായസഹകരണങ്ങൾക്ക് നന്ദി രേഖപ്പെടുത്തി.

























Published by **Grace Publications Inc.** Tel: (630) 728-7956. Chief Editor : **K.M. EAPEN**. Executive Editor : **JOSE KANIYALY**